# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ




ഡിസംബർ 2021

ക്രിസ്മസ് നവവത്സര ആശംസകൾ






**ഡിസംബർ 10–ാം തീയതി**
**ജന്മദിനം ആഘോഷിക്കുന്ന**
**അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവിന്**
**രൂപതാകുടുംബത്തിന്റെ**
**ജന്മദിനാശംസകൾ !**





# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ

Vol. XLV No. 12 ഡിസംബർ 2021

# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ

Vol. XLV	No. 12	ഡിസംബർ 2021


| | | |
|---|---|---|
| ഇടയലേഖനം | - | 3 |
| കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ | - | 10 |
| സർക്കുലർ - കുടുംബദിനം | - | 17 |
| സർക്കുലർ - വി. കുർബാനയർപ്പണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ | - | 23 |
| കച്ചേരിക്കാര്യം | - | 26 |
| പൗരോഹിത്യ ജൂബിലി ആശംസകൾ | - | 29 |
| ആരാധനക്രമാദ്ധ്യാത്മികത | - | 44 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - | 52 |
| അജപാലനോത്തേജനവിഭാഗം | - | 53 |
| വിശ്വാസജീവിതപരിശീലനരംഗം | - | 56 |
| ചെറുപുഷ്പ മിഷൻലീഗ് | - | 61 |
| ബൈബിൾ അപ്പോസ്തലേറ്റ് | - | 63 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - | 66 |
| കുടുംബപ്രേഷിതത്വം | - | 74 |
| പിതൃവേദി | - | 76 |
| മാതൃവേദി | - | 77 |
| നസ്രാണി റിസേർച്ച് സെന്റർ, നല്ലതണ്ണി | - | 78 |
| കാത്തലിക്ക് കരിസ്മാറ്റിക് നവീകരണം | - | 79 |
| മേരി മാതാ മൈനർ സെമിനാരി | - | 81 |
| മരിയൻ റിട്രീറ്റ് സെന്റർ | - | 82 |
| സന്യസ്തർ | - | 84 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - | 90 |
| കത്തോലിക്കാകോൺഗ്രസ് | - | 94 |
| മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി | - | 97 |
| കെ.സി.എസ്.എൽ. | - | 98 |
| ഡി.സി.എം.എസ്. | - | 99 |
| ഫ്രാൻസിസ്കൻ അല്മായസഭ | - | 101 |
| വിൻസെൻഷ്യൻ വേദി | - | 103 |
| വിമല പബ്ലിക്കേഷൻസ് | - | 106 |
| Special Care Homes & Charitable institution | - | 108 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - | 111 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - | 114 |
| രൂപതാവാർത്തകൾ | - | 117 |
| Bishop's Engagements | - | 123 |

PL. 02/2021

# ഇടയലേഖനം

## ദൈവപരിപാലനയിൽ
## കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ
## മാർ ജോസ് പുളിക്കൽ
## രൂപതയിലെ വൈദികർക്കും സന്ന്യസ്തർക്കും
## ദൈവജനം മുഴുവനും വേണ്ടി എഴുതുന്നത്

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ, മക്കളേ,

ആരാധനാവത്സരത്തിൽ മംഗലവാർത്തക്കാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കയാണല്ലോ. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരരഹസ്യം സവിശേഷമാംവിധം ധ്യാനിക്കുവാൻ വീണ്ടുമൊരവസരം നമുക്ക് കൈവന്നിരിക്കുന്നു. തന്റെ ഏകജാതനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ അവന് നിത്യജീവൻ ഉണ്ടാകേണ്ടതിന് അവിടുത്തെ നല്കുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ. 3:16). മിശിഹായിൽ വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹത്തിന്റെ മഹാരഹസ്യമാണ് പിറവിത്തിരുനാളിൽ നാം അനുസ്മരിക്കുകയും ആചരിക്കുകയും ചെയ്യുന്നത്. മനുഷ്യാവതാരരഹസ്യം അറിയിക്കുന്നതോടൊപ്പം ദൈവം മനുഷ്യനായത് എന്തിനാണ് എന്നുകൂടി വിശുദ്ധ പൗലോസ്ശ്ലീഹാ വെളിവാക്കുന്നു: "സമയത്തിന്റെ തികവിൽ ദൈവം തന്റെ പുത്രനെ അയച്ചു. അവിടുന്ന് സ്ത്രീയിൽനിന്ന് ജന്മമെടുത്ത് നിയമത്തിന് വിധേയനായി ജനിച്ചു. അങ്ങനെ നിയമത്താൽ ബന്ധിതരായിരുന്നവരെ മോചിക്കുകയും നമുക്ക് ദത്തുപുത്രസ്ഥാനം നേടിത്തരുകയും ചെയ്തു (ഗലാ 4:4-5).

രാത്രിയുടെ പശ്ചാത്തലത്തിൽ കൂരിരുളിനെ കീറിമുറിച്ച് ഇല്ലാതാക്കുന്ന സൂര്യോദയമായാണ് സുവിശേഷകന്മാർ തിരുപ്പിറവിയെ അവതരിപ്പിക്കുന്നത്. അന്ധകാരത്തിലും മരണത്തിന്റെ നിഴലിലും കഴിയുന്നവർക്ക് പ്രകാശം നല്കുവാനും നമ്മുടെ പാദങ്ങളെ ശാന്തിയുടെ പാതയിലേക്ക് നയിക്കുവാനും (ലൂക്കാ 1:79) തന്റെ ദാസനായ ദാവീദിന്റെ ഭവനത്തിൽ നമുക്കായി അവിടുന്ന് രക്ഷയുടെ കൊമ്പ് ഉയർത്തിയിരിക്കുന്നു (ലൂക്കാ 1:69). മനുഷ്യവർഗ്ഗം അത്യന്തം ദുരിതപൂർണ്ണവും അസ്വസ്ഥവുമായ അവസ്ഥയിലായിരുന്നതിനാൽ മനുഷ്യരുടെ പക്കലേയ്ക്ക് ഇറങ്ങിവരാനും അവരെ സന്ദർശിക്കാനും ദൈവം തിരുമനസ്സായി (നീസായിലെ വി. ഗ്രിഗറി). പാപികൾക്ക് വിമോചകനായും (മർക്കോ 2:5) മൃതരായവർക്ക് ജീവദായകനായും (യോഹ 11:25) രോഗികൾക്ക് വൈദ്യനായും (മർക്കോ 2:17) അദ്ധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കും ആശ്വാസദായകനായും (മത്താ 11:28) ദൈവപുത്രൻ ആഗതനായി. പാപവും മരണവും, രോഗവും ദുരിതവും, അടിമത്തവും ചൂഷണവും, അന്ധകാരവും അനീതിയും നിറഞ്ഞ ലോകത്തിലേയ്ക്കാണ് മനുഷ്യത്വം സ്വീകരിച്ച തന്റെ പുത്രനിലൂടെ ദൈവം കടന്നുവന്നത്.

ഇസ്രായേലിന്റെ ദൈവമായ കർത്താവ് കൂടെ വസിക്കുന്നവനാണെന്ന് മോശയുടെ നിയമത്തിലും (നിയ 31:6) പ്രവാചകഗ്രന്ഥങ്ങളിലും (ഏശ 41:10) സങ്കീർത്തനങ്ങളിലും (സങ്കീ. 23:4) എഴുതപ്പെട്ടിരുന്നു. വചനം മാംസം ധരിച്ച് (യോഹ 1:14) സ്വയം ശൂന്യനാക്കി ദാസന്റെ പ്രകൃതി സ്വീകരിച്ച് (ഫിലി 2:7) നമ്മുടെ ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ (മത്താ 1:23) ആയിത്തീർന്നപ്പോൾ ദൈവത്തിന്റെ സ്നേഹം അതിന്റെ പൂർണ്ണതയിൽ വെളിപ്പെട്ടു (1 യോഹ 4:9). "ഇതാ,

ലോകാവസാനംവരെ എന്നാളും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:20) എന്നതാണ് സ്വർഗ്ഗാരോഹണമലയിൽ ഈശോ ശിഷ്യന്മാർക്കു നൽകുന്ന അന്തിമമായ ഉറപ്പ്. നമ്മോടൊത്തു വസിക്കാൻ മറ്റൊരു പാറയ്ക്കലേത്തായെ അയയ്ക്കുമെന്നും ആശ്വാസദായകനായ പരിശുദ്ധാത്മാവ് നമ്മോടൊത്ത് വസിക്കുമെന്നും നമ്മിൽ ആയിരിക്കുമെന്നും (യോഹ 14:16-17) അവിടുന്ന് വാഗ്ദാനം ചെയ്തു. ഈ ലോകത്തിൽ ആരംഭിച്ച് നിത്യതയിലേക്ക് നീളുന്ന സ്നേഹബന്ധത്തിലായിരിക്കുവാൻ ഈശോ ഓരോരുത്തരേയും ക്ഷണിക്കുന്നു. "ഇതാ, ഞാൻ വാതിലിൽ മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്നു തന്നാൽ ഞാൻ അവന്റെ അടുത്തേയ്ക്ക് വരും. ഞങ്ങൾ ഒരുമിച്ചു ഭക്ഷിക്കുകയും ചെയ്യും" (വെളി 3:19-20).

നാളെയെപ്പറ്റി ചിന്താകുലരാകേണ്ട എന്നാണ് കൂടെ വസിക്കുന്ന കർത്താവിന്റെ വചനം. ആകാശപ്പറവയ്ക്ക് ആഹാരം നല്കുകയും വയൽച്ചെടികളെ സമലംകൃതരാക്കുകയും ചെയ്യുന്ന ദൈവം നമ്മുടെ കാര്യങ്ങൾ അറിയുന്നവനാണ്. ദൈവരാജ്യവും അവിടുത്തെ നീതിയും അന്വേഷിച്ചു ജീവിക്കാനാണ് അവിടുന്ന് ആവശ്യപ്പെടുന്നത് (മത്താ 6:33).

ദുഃഖ-ദുരിതങ്ങളുടെയും കഷ്ട-നഷ്ടങ്ങളുടെയും രോഗാകുലതയുടെയും ഒറ്റപ്പെടലിന്റെയും ഒരു വർഷമാണ് കടന്നുപോകുന്നത്. കോവിഡ് മഹാമാരിയും പ്രളയദുരിതവും നമ്മുടെ സാമൂഹിക-സാമ്പത്തിക മേഖലകൾക്ക് ഏറെ ക്ഷതമേല്പിച്ചു. ഭവനങ്ങൾ തകർന്നവർ, കൃഷിയിടങ്ങൾ ഒലിച്ചുപോയവർ, തൊഴിൽ നഷ്ടപ്പെട്ടവർ, വിവിധ തരത്തിൽ വരുമാനമാർഗ്ഗങ്ങൾ അടഞ്ഞുപോയവർ, ഒറ്റപ്പെട്ടുപോയവർ, മാനസികവും ശാരീരികവുമായ

അസ്വസ്ഥതയിലൂടെ കടന്നുപോകുന്നവർ തുടങ്ങിയവർ നമ്മുടെയിടയിലുണ്ട്. ജീവിതതോണിയിൽ ദൈവം സഹയാത്രികനായുണ്ട് എന്ന ബോദ്ധ്യമാണ് നമ്മെ നിർഭയരും പ്രത്യാശ നിറഞ്ഞവരുമായി നിലനിർത്തുന്നത്. ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നു (റോമ 8:28). പിള്ളക്കച്ചയിൽ പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തപ്പെട്ട ശിശു ദരിദ്രരുടെയും നിസ്സഹായരുടെയും ഭവനരഹിതരുടെയും തിരസ്ക്കരിക്കപ്പെടുന്നവരുടെയും പക്ഷത്താണ്. അവരോടെല്ലാം അവിടുന്ന് താദാത്മ്യപ്പെടുന്നു.

ഈശോയുടെ പീഡാനുഭവവും മരണവും ഉത്ഥാനവും ഉൾക്കൊള്ളാനാകാതെ നിരാശരും ദുഃഖിതരുമായ ശിഷ്യസമൂഹം തങ്ങളുടെ പഴയതൊഴിലിടങ്ങളിലേയ്ക്ക് മടങ്ങുന്ന ചിത്രം സുവിശേഷങ്ങളിലുണ്ട്. ഇതുവരെ തങ്ങളോടൊപ്പം ഉണ്ടായിരുന്ന ഈശോ ഇപ്പോൾ തങ്ങൾക്കൊപ്പമില്ല എന്ന ചിന്തയാണ് അവരെ തളർത്തിയത്. മനസ്സുനീറി മീൻപിടിക്കാൻ പോയ ആ പഴയ മുക്കുവരെ തേടിയെത്തുന്ന ഗുരുവിന്റെ ചിത്രം യോഹന്നാൻ സുവിശേഷകൻ അവതരിപ്പിക്കുന്നുണ്ട്. ഒന്നും കിട്ടാത്ത മീൻപിടുത്തരാത്രിയുടെ അവസാനം തിബേരിയോസ് കടൽത്തീരത്ത് ഉയർന്ന കരുതലിന്റെ അമ്മശബ്ദം അവർ കേട്ടു. "കുഞ്ഞുങ്ങളെ, നിങ്ങളുടെ പക്കൽ മീൻ വല്ലതുമുണ്ടോ?" (യോഹ 21:5). തുടർന്നു നടന്ന അത്ഭുതകരമായ മീൻപിടുത്തത്തോടെ ഉത്ഥിതനായവൻ ഇപ്പോഴും തങ്ങളോടൊത്ത് ഉണ്ട് എന്ന് അവർക്ക് ബോദ്ധ്യമായി. അവിടുന്നാകട്ടെ അവരെ കടൽക്കരയിൽ ഭക്ഷണമേശയിലേക്ക് നയിച്ചു. എമ്മാവൂസ് യാത്രയിലെ അപ്പം മുറിക്കലിന്റെ അനുഭവത്തിൽ,

മിശിഹാ ഇതെല്ലാം സഹിച്ച് തന്റെ മഹത്ത്വത്തിലേയ്ക്കു പ്രവേശിക്കേണ്ടിയിരുന്നു എന്ന സത്യത്തിലേക്ക് അവരുടെ കണ്ണുകൾ തുറന്നു. അവരെല്ലാം അവിടുത്തെ തിരിച്ചറിഞ്ഞു. ഓരോ കുർബാനയിലും ഉത്ഥിതനായ മിശിഹാ നമ്മെ വിശ്വാസത്തിൽ ഉറപ്പിക്കുകയും നമ്മുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

എമ്മാനുവേൽ അനുഭവം ഏറ്റവും ഉദാത്തമായി നാം ആഘോഷിക്കുന്നത് പരിശുദ്ധ കുർബാനയിലാണ്. "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും" (യോഹ 6:56). പരിശുദ്ധ കുർബാന കർത്താവിന്റെ ബലിയും അവിടുത്തെ സഭയുടെ കൂദാശയുമാണ്. ശിരസ്സിന്റെ സമർപ്പണത്തിൽ അവയവങ്ങളും പങ്കാളികളാകുന്നു. വിശ്വാസികളുടെ ജീവിതവും അവരുടെ സഹനവും പ്രാർത്ഥനയും അദ്ധ്വാനവും എല്ലാം മിശിഹായുടെ സമഗ്രസമർപ്പണത്തോട് ചേർക്കപ്പെടുന്നു. അങ്ങനെ അവ പുതിയ മൂല്യം കൈവരിക്കുന്നു. വിശുദ്ധ മദ്ബഹായിൽ സന്നിഹിതനായിരിക്കുന്ന ഈശോയുടെ ബലി ക്രിസ്ത്യാനികളുടെ എല്ലാ തലമുറകൾക്കും മിശിഹായുടെ സമർപ്പണത്തോട് തങ്ങളെതന്നെ ചേർക്കാൻ സാദ്ധ്യത നല്കുന്നു (CCC 1368).

കോവിഡാനന്തരകാലത്ത് നാം ബലിവേദിയിലേക്ക് തിരികെയെത്തിക്കൊണ്ടിരിക്കുകയാണല്ലോ. പരിശുദ്ധ കുർബാനയിലെ അപ്പത്തിന്റെ വിഭജനത്തിൽ കർത്താവിന്റെ ശരീരത്തിൽ യഥാർത്ഥമായി പങ്കുപറ്റിക്കൊണ്ട്, അവനോടും തമ്മിൽ തമ്മിലുമുള്ള ഐക്യത്തിലേയ്ക്കു നാം ഉയർത്തപ്പെടുന്നു (LG 7). നാം പലരാണെങ്കിലും ഒരു ശരീരമാണ്. കാരണം നാമെല്ലാവരും ഒരേ അപ്പത്തിലാണ് പങ്കുചേരുന്നത് (1 കൊറി 10:17).

ദൈവം നമ്മോടുകൂടെ വസിക്കുന്നതുപോലെ നാമും സഹോദരങ്ങളുടെകൂടെ വസിക്കേണ്ടവരാണ്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പറയുന്നതുപോലെ, മറ്റൊരാളി ല്ലാതെ നമ്മുടെ നിലനിൽപ്പില്ലായെന്നും നാമെല്ലാം സഹോദ രീസഹോദരന്മാരാണെന്നുമുള്ള യാഥാർത്ഥ്യം ഈ കോവിഡ് കാലത്ത് കൂടുതൽ സ്പഷ്ടമായി (നാം സോദരർ 32). ആരും ഒറ്റപ്പെടാതെ കരുതലിന്റെയും കൂട്ടായ്മയുടെയും സന്തോഷ ത്തിൽ ജീവിക്കാനിടയാകണം. കുടുംബാംഗങ്ങൾ തമ്മിലും ബന്ധുമിത്രാദികൾക്കിടയിലും വൈദികരും ഇടവകജനങ്ങളും തമ്മിലും കൂടെനടക്കുന്ന അനുഭവം വർദ്ധമാനമാകണം. കുടും ബത്തിൽ ഒരുമിച്ചിരുന്നു പ്രാർത്ഥിക്കാനും സ്നേഹപൂർവ്വം പങ്കു വയ്ക്കാനും നമ്മൾ സമയം കണ്ടെത്തണം. അപ്പോഴാണ് നമ്മുടെ കുടുംബബന്ധങ്ങളിൽ ദൈവസാന്നിധ്യം നിറയുന്നതും അവ കൂടുതൽ ഊഷ്മളമായിത്തീരുന്നതും. പ്രളയജലം ദുരിതം വിതച്ചപ്പോൾ നമ്മുടെ രൂപത ഒറ്റക്കെട്ടായി ദുരിതബാധിത രുടെ കൂടെനിന്ന അനുഭവം ഏറ്റവും ഹൃദ്യമായിരുന്നു. ബഹു. വൈദികരുടെയും സമർപ്പിതരുടെയും ദൈവജനം മുഴുവന്റെയും കരുതലിനും സഹകരണത്തിനും ഞാൻ നന്ദി പറയുന്നു.

നമ്മുടെ ദൈവം നമ്മോടുകൂടെയുണ്ട് എന്ന ബോദ്ധ്യം ആകുലതകൾ അകറ്റാനും പിരിമുറുക്കങ്ങൾ ലഘൂകരിക്കുവാനും നമ്മെ ശക്തിപ്പെടുത്തട്ടെ. സഹോദരങ്ങളെ ആശ്വസിപ്പിക്കാനും കർമ്മോത്സുകരാക്കാനും കൂടുതൽ ഭാസുരമായ ഭാവിക്കുവേണ്ടി അദ്ധ്വാനിക്കാനും നമ്മൾ മുന്നിട്ടിറങ്ങണം. “ഒരു മഴയും തോരാ തിരുന്നിട്ടില്ല; ഒരു കാറ്റും അടങ്ങാതിരുന്നിട്ടില്ല. ഒരു രാവും പുല രാതിരുന്നിട്ടില്ല. ഒരു നോവും കുറയാതിരുന്നിട്ടില്ല” എന്ന ഗാന

ചിന്ത പകരുന്ന പ്രത്യാശയോടെ നമുക്ക് പിറവിത്തിരുനാളിനെയും പുതുവത്സരത്തേയും എതിരേല്ക്കാം.

മംഗലവാർത്തകേട്ട് അസ്വസ്ഥരായ നസ്രത്തിലെ ആ രണ്ടു ചെറുപ്പക്കാരോട് - മറിയത്തോടും യൗസേപ്പിനോടും മാലാഖയ്ക്ക് ഒന്നേ പറയാനുണ്ടായിരുന്നുള്ളു. 'ഭയപ്പെടേണ്ട, ദൈവം നിങ്ങളോടുകൂടെയുണ്ട്'. പ്രിയമക്കളേ, എമ്മാനുവേലായിത്തീർന്ന ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. തിരുപ്പിറവിയുടെ അനുഗ്രഹങ്ങളും പുതുവത്സരത്തിന്റെ സന്തോഷവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും നാമേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം

മാർ ജോസ് പുളിക്കൽ
കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

**കാഞ്ഞിരപ്പള്ളി**
**25.11.2021**

---

NB : ഈ ഇടയലേഖനം 2021 ഡിസംബർ 5-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

Ref: 3592/K-5/KCBC/OL/DS

# 2021 ഡിസംബർ 19 ബൈബിൾ ഞായർ

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

വചനം മനുഷ്യനായി അവതരിച്ചതിന്റെ ഓർമ ആചരിക്കുന്ന ഡിസംബർ മാസം വചനപാരായണമാസമായി കേരള കത്തോലിക്കാസഭ ആചരിക്കുന്നു. ഇനിയും നമ്മെ പൂർണമായും വിട്ടകന്നിട്ടില്ലാത്ത മഹാമാരിയുടെ പശ്ചാത്തലത്തിലാണ് ഈ വർഷവും തിരുപ്പിറവിമഹോത്സവം നാം ആഘോഷിക്കുന്നത്. മരണത്തിന്റെ നിഴലിൽ എന്നോണം കഴിയുന്ന ജനത്തിന് ഇരുളിൽ ജ്വലിക്കുന്ന പ്രകാശമായി (യോഹ 1,5), ആശ്വാസത്തിന്റെയും പ്രത്യാശയുടെയും പൊൻകിരണങ്ങൾ തൂകി ക്രിസ്തുമസ് വീണ്ടും കടന്നുവരുന്നു. മനുഷ്യനായി അവതരിച്ച ദൈവവചനം സകലജനത്തിനുമുള്ള സദ്‌വാർത്തയാണ്.

### സകലജനത്തിനുമുള്ള സദ്‌വാർത്ത

2023 ഒക്ടോബർ മാസത്തിൽ റോമിൽ നടക്കുന്ന മെത്രാൻസിനഡിന്റെ പതിനാറാം പൊതുസമ്മേളനത്തിന് ആമുഖമായി പ്രസിദ്ധീകരിച്ച ഒരുക്കരേഖ സകലർക്കുമുള്ള സദ്‌വാർത്തയായ യേശുവിലേക്ക് നമ്മുടെ ശ്രദ്ധ പ്രത്യേകം ക്ഷണിക്കുന്നു. എല്ലാ ജനവിഭാഗങ്ങൾക്കിടയിലേക്കും ഇറങ്ങിച്ചെന്ന യേശു, ദൈവകരുണ 'പക്ഷഭേദമില്ലാതെ' (അപ്പ 10,34) പകർന്നുനല്കുന്നതു നാം കാണുന്നുണ്ട്. ചുങ്കക്കാരനായ ലേവിയുടെയും (മർക്കോ 2,13-17) വിജാതീയയായ കാനാൻകാരിയുടെയും (മത്താ 1,21-28) ഏകാകിനിയായ സമരിയാക്കാരിയുടെയും (യോഹ 4,1-42) രോദനങ്ങൾക്കും നെടുവീർപ്പുകൾക്കും ചെവി

കൊടുത്ത്, യേശു അവരെ രക്ഷയുടെ തീരത്തേക്ക് കൊണ്ടു വരുന്നു. ഏതു സാമൂഹിക ശ്രേണിയിലുള്ളവരുടെയും നേർക്ക് വാതിലുകൾ തുറന്നിട്ടിരിക്കുന്ന അവിടന്ന്, ദൈവത്തിൽനിന്ന കന്ന് ആത്മീയാന്ധകാരത്തിൽ കഴിയുന്നവരെയും സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലുള്ളവരെയും പ്രത്യേകമായി ദൈവ രാജ്യത്തിന്റെ സാഹോദര്യത്തിലേക്ക് കൂട്ടിക്കൊണ്ടുവരുന്നു. നമ്മുടെ വേദനകളിലും തേങ്ങലുകളിലും ആശ്വാസവും പരാജ യങ്ങളിലും തകർച്ചകളിലും ആലംബവുമാണ് ദൈവവച നമാകുന്ന യേശു.

**സദ്വാർത്തയ്ക്കായി കാത്തിരിക്കുന്നവർ**

യേശുവിനെ പ്രഘോഷിക്കുന്നതിന്റെ പ്രാധാന്യം വ്യക്ത മാക്കിക്കൊണ്ട്, യേശുക്രിസ്തുവാകുന്ന സദ്വാർത്തയ്ക്കായി തന്റെ ഹൃദയം തുറന്ന് കാത്തിരിക്കുന്ന വിജാതീയനായ കൊർണേലിയൂസിനെയും യേശുവിനെ പ്രഘോഷിക്കാനായി താൻ നാളിതുവരെ മുറുകെപ്പിടിച്ചിരുന്ന ചില കാഴ്ചപ്പാടുകൾ തിരുത്തി സ്വയം നവീകരിക്കാൻ തയ്യാറാകുന്ന പത്രോസിനെയും (അപ്പ 10) സിനഡിന്റെ ഒരുക്കരേഖ അവതരിപ്പിക്കുന്നു.

ക്രിസ്തുവിനായി തീക്ഷ്ണമായി ദാഹിക്കുന്നവരുടെ പ്രതിനിധിയാണ് കൊർണേലിയൂസ് എന്ന ശതാധിപൻ. റോമൻ അധിനിവേശസൈന്യത്തിലെ ഒരു പടത്തലവനായിരുന്നെങ്കിലും നിരന്തരം പ്രാർഥിക്കുന്നവനും ജനത്തിന് വളരെയേറെ ദാന ധർമങ്ങൾ ചെയ്യുന്നവനുമായിരുന്നു ഈ വിജാതീയനെന്ന് അപ്പ സ്തോലപ്രവർത്തനങ്ങൾ പറയുന്നു. ഒരു ദൈവദൂതൻ അവന്റെ ഭവനത്തിലേക്ക് കടന്നുചെന്ന്, ദൈവം അവനെ ശ്രവിച്ചിരി ക്കുന്നു എന്നു പറയുമ്പോൾ യേശുവാകുന്ന നിറവിൽ എത്തി ച്ചേരാനുള്ള കൃപയാണ് അവനു ലഭിക്കുന്നത്. കർത്താവ് ആജ്ഞാപിച്ചിട്ടുള്ളതെല്ലാം കേൾക്കാൻ തയ്യാറായിരിക്കുന്ന

(അപ്പ 10,33) കൊർണേലിയൂസും കുടുംബവും പത്രോസ് അപ്പസ്തോലനിലൂടെ 'സദ്വാർത്ത' സ്വീകരിക്കുന്നതും അതുവഴി അവരുടെ ജീവിതത്തിൽ പുതിയ ചക്രവാളങ്ങൾ തുറക്കുന്നതും നാം പിന്നീട് കാണുന്നുണ്ട്. ദൈവവചനം അതിന്റെ ലക്ഷ്യത്തിൽ എത്തിച്ചേരുന്നത്, എല്ലാ ജനഹൃദയങ്ങളിലും അതിന് ഇടം ലഭിക്കുമ്പോഴാണ്. വചനത്തിനായി ദാഹിക്കുന്ന അനേകർ നമ്മുടെ ഇടയിലുണ്ടെന്നും അതിർവരമ്പുകളൊന്നും വചനത്തിനു പ്രതിബന്ധമല്ലെന്നുമുള്ള തിരിച്ചറിവാണ് നമുക്കു വേണ്ടത്. യേശുവിനായി കാത്തിരിക്കുന്ന എല്ലാ ജനവിഭാഗങ്ങൾക്കും സദ്വാർത്ത എത്തിക്കാനുള്ള ആഹ്വാനം ഈ തിരുപ്പിറവിത്തിരുനാൾ നമുക്കു നല്കുന്നു.

**സദ്വാർത്തയും ആത്മനവീകരണവും**

സദ്വാർത്ത പ്രഘോഷിക്കാൻ നാം ഒരുങ്ങേണ്ടതുണ്ട് എന്നു വ്യക്തമാക്കുന്നതാണ് പത്രോസിനുണ്ടാകുന്ന ദർശനം (അപ്പ 10,9-16). വചനവിത്തുകൾ സ്വീകരിക്കാൻ വയലുകൾ സജ്ജമാണെങ്കിലും വിത്തുവിതയ്ക്കുന്നവർ അതിനായി തയ്യാറാകേണ്ടതുണ്ട്. കൊർണേലിയൂസിനെ 'സദ്വാർത്ത' അറിയിക്കാനായി പത്രോസിനെ ദൈവം ഒരുക്കുന്നത് സർവജീവജാലങ്ങളെയും കൊന്നുഭക്ഷിക്കാൻ നിർദേശിക്കുന്ന ഒരു ദർശനവിവരണത്തിലൂടെ അപ്പസ്തോലപ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു. പത്രോസ് ഇവിടെ ആദ്യം നല്കുന്ന മറുപടി ശുഭകരമല്ല: "കർത്താവേ, ഒരിക്കലുമില്ല. മലിനമോ അശുദ്ധമോ ആയ ഒന്നും ഞാൻ ഒരിക്കലും ഭക്ഷിച്ചിട്ടില്ല" (അപ്പ 10,14). ആചാരാനുഷ്ഠാനങ്ങളിൽ പടുത്തുയർത്തിയ മതവിശ്വാസവും മറ്റു ജനവിഭാഗങ്ങളിൽനിന്ന് വേർതിരിക്കപ്പെട്ടവരാണ് തങ്ങൾ എന്ന സാമുദായികബോധവും പരമപ്രധാനമായി കരുതിയ ഇസ്രായേൽ പാരമ്പര്യത്തിൽനിന്ന് പുറത്തുകടക്കാനുള്ള പത്രോസിന്റെ വൈമനസ്യമാണ് ഇവിടെ നാം കാണുന്നത്. ദൈവം പ്രത്യേകം

തിരഞ്ഞെടുത്തെന്ന കാരണത്താൽ ഈ സമൂഹത്തിനു പുറത്തുള്ളവരുടെ ജീവിതത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിയാതെ, തന്റെ തന്നെ ലോകത്തിലേക്കു ചുരുങ്ങിപ്പോകുന്ന പത്രോസിന് സുവിശേഷവത്കരണത്തിന്റെ സാധ്യതകളും വെല്ലുവിളികളും ഈ ദർശനത്തിലൂടെ വെളിപ്പെടുന്നു.

തന്റെ ജീവിതകാഴ്ചപ്പാടുകളിൽ മാറ്റംവരുത്താൻ കർത്താവ് ഒരു ദർശനത്തിലൂടെ നിർദേശം നല്കുന്നതുവഴി സുവിശേഷം സർവജനത്തിനും വേണ്ടിയുള്ളതാണെന്നും അത് അവരിലെത്തിക്കാൻ താൻ കടപ്പെട്ടിരിക്കുന്നുവെന്നും പത്രോസ് തിരിച്ചറിയുന്നു. വിജാതീയനായ കൊർണേലിയൂസിന്റെയും കുടുംബത്തിന്റെയും ജീവിതത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ അദ്ദേഹം തയ്യാറാകുന്നത് അദ്ദേഹത്തിന്റെ ജീവിതത്തിലെ പുതിയൊരു ചുവടുവയ്പ്പാണ്. ദൈവദൃഷ്ടിയിൽ ഒരു മനുഷ്യവ്യക്തിയും അസ്പർശ്യനോ അയോഗ്യനോ അല്ല (അപ്പ 10,28). മാത്രമല്ല, അവരുടെയും കാതുകളിൽ സദ്വാർത്ത മുഴങ്ങണമെന്നത് ദൈവഹിതവും ദൈവപദ്ധതിയുമാണ്. അതുകൊണ്ടുതന്നെ ഓരോരുത്തർക്കും ലഭിക്കുന്ന ദൈവത്തിന്റെ പ്രത്യേകമായ തിരഞ്ഞെടുപ്പ് മറ്റുള്ളവർക്കു ശുശ്രൂഷചെയ്യാനും ലോകമെങ്ങും സാക്ഷ്യം നല്കാനും വേണ്ടിയുള്ളതാണ്. പത്രോസിനു ലഭിക്കുന്ന ഈ പുതിയ വെളിച്ചമാണ് ആദിമസഭയെ പലസ്തീനയുടെ അതിർത്തികൾക്കപ്പുറത്തേക്കു നയിക്കുന്നതിൽ വലിയ പങ്കുവഹിച്ചത്. വചനത്തിനായി ദാഹിക്കുന്ന കൊർണേലിയൂസിനെപ്പോലെയുള്ളവരുടെ ജീവിതത്തിലേക്ക് സദ്വാർത്തയുമായി പത്രോസിനെപ്പോലെ ധൈര്യപൂർവം കടന്നുചെല്ലാൻ യേശു നമ്മെ ക്ഷണിക്കുന്നു. പക്ഷേ, പത്രോസിനെപ്പോലെ നാം സദ്വാർത്തയാൽ ഒരു ആത്മനവീകരണത്തിനു വിധേയരാകേണ്ടതുണ്ട്. ആഗമനകാലദിനങ്ങൾ നമുക്ക് സുവി

ശേഷപ്രഘോഷണത്തിനായി സ്വയം ഒരുങ്ങാനുള്ള സമയം കൂടിയാണ്. ദൈവവചനത്തോടുള്ള തുറവി നമ്മുടെ മുന്നിലുള്ള സാധ്യതയാണെങ്കിൽ, വചനപ്രഘോഷണത്തിനായി ആന്തരികനവീകരണത്തിനുള്ള സന്നദ്ധത നമുക്കുള്ള വെല്ലുവിളിയാണ്.

വചനത്തിനു കാതുകൊടുത്താണ് സഭ സ്വർഗീയജറുസലേം ലക്ഷ്യമാക്കി മുന്നേറുന്നത്. 'ആത്മാവ് പറയുന്നതു കേൾക്കുവിൻ' എന്ന് ക്രിസ്തു സഭകളെ ആഹ്വാനംചെയ്യുന്നത് വെളിപാടിലെ സഭകൾക്കുള്ള കത്തുകളിൽ നാം വായിക്കുന്നു (വെളി 2,7.11.17.29; 3,6.13.22). വഴിയും സത്യവും ജീവനുമായ (യോഹ 4,6) യേശുവിനെ പിഞ്ചെല്ലുന്ന തീർഥാടകയായ സഭയിലെ അംഗങ്ങളായ നമ്മുടെ ഓരോ ചുവടുവയ്പിനും മാർഗദർശിയാണ് സജീവവും എന്നും നവീനവുമായ ദൈവവചനം (ഹെബ്രാ 4,12-13).

**കേരളസഭയും വിശുദ്ധഗ്രന്ഥവും**

പാരമ്പര്യങ്ങളിലും ആചാരങ്ങളിലും വൈവിധ്യമുള്ള കേരളസഭയിലെ ഐക്യത്തിന്റെയും കൂട്ടായപ്രവർത്തനത്തിന്റെയും അഭിമാനാർഹമായ സാക്ഷ്യമാണ് ബൈബിൾ മേഖലയിലെ പ്രവർത്തനങ്ങൾ. ബൈബിൾ സഭാസമൂഹത്തിന് സംലഭ്യമാക്കുകയെന്നത് വചനശുശ്രൂഷയിൽ ഏറെ പ്രാധാന്യമർഹിക്കുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭംമുതൽതന്നെ മലയാളഭാഷയിൽ കത്തോലിക്കാവിവർത്തനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടുതുടങ്ങി. ഇതുവരെ പത്ത് വ്യത്യസ്ത കത്തോലിക്കാ ബൈബിൾപരിഭാഷകൾ കേരളത്തിൽ വെളിച്ചംകണ്ടിട്ടുണ്ട്. കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ ആഭിമുഖ്യത്തിൽ പിഒസി സമ്പൂർണ ബൈബിൾ പ്രസിദ്ധീകരിച്ചിട്ട് നാല്പത് വർഷം തികയുകയാണ്. കെസിബിസിയുടെ നിർദേശപ്രകാരം ബൈബിൾ കമ്മീ

ഷന്റെ നേതൃത്വത്തിൽ ആദ്യ പിഒസിപരിഭാഷ ആധുനിക ബൈബിൾ വിജ്ഞാനീയത്തിന്റെ വെളിച്ചത്തിൽ മൂലഭാഷകളുമായി ഒത്തുനോക്കി പരിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. പരിഷ്കരിച്ച പുതിയനിയമം പഠനബൈബിളായി 2020 ൽ പ്രസിദ്ധീകരിച്ചു. പഴയനിയമപരിഷ്കരണം അവസാനഘട്ട ഭാഷാസംശോധനയ്ക്കു വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ അണിയറയിൽ പ്രവർത്തിക്കുന്ന ബൈബിൾ വിവർത്തക സംഘത്തെയും പിഒസി നേതൃത്വത്തെയും നന്ദിയോടെ സ്മരിക്കാം. മൂലഭാഷയോട് ഏറ്റവും അടുത്തുനില്ക്കുന്ന ഈ പുതിയ പതിപ്പ് ദൈവവചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ വിശ്വാസികളെ സഹായിക്കുമെന്നതിൽ സംശയമില്ല.

വചനത്തെ സ്നേഹിക്കുന്ന ഏവരെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന ലോഗോസ് ക്വിസ് ഇത്തവണ കൊറോണയുടെ പശ്ചാത്തലത്തിൽ ഡിസംബർമാസം പതിവിലും വ്യത്യസ്തമായി എളിയ രീതിയിലാണ് നടത്തുന്നത്. പ്രവർത്തനസാധ്യതകൾ പരിമിതമായ ഈ സമയത്തും പല രൂപതകളും ഇടവകകളും ബൈബിൾ ആസ്പദമാക്കി ക്രിയാത്മകങ്ങളായ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നത് അഭിനന്ദനാർഹമാണ്. ബൈബിൾ കമ്മീഷൻ തയ്യാറാക്കുന്ന ബൈബിൾ യുട്യൂബ്വീഡിയോകൾ ഓൺലൈൻ ആയി ബൈബിൾ പഠിക്കുന്നവർക്കും ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ പങ്കെടുക്കുന്നവർക്കും സഹായകമാണ്.

നാം ബൈബിൾ ഞായറായി ആചരിക്കുന്ന ഡിസംബർ 19-ാം തീയതി രാത്രി 7 മുതൽ 8 വരെ 'തിരുവചനമണിക്കൂർ' ആയി നമ്മുടെ എല്ലാ ഇടവകസമൂഹങ്ങളും ആചരിക്കണമെന്ന് താല്പ്പര്യപ്പെടുന്നു. ഇടവകയിലെ കുടുംബങ്ങൾക്കായി നിശ്ചയിച്ചുകൊടുക്കുന്ന സമ്പൂർണബൈബിളിലെ ഭാഗങ്ങൾ എല്ലാ ഭവനങ്ങളിലും ഈ ഒരു മണിക്കൂർ തുടർച്ചയായി വായിച്ചാൽ

എല്ലാ ഇടവകകളിലും സമ്പൂർണബൈബിൾ പാരായണം ഒരു മണിക്കൂർകൊണ്ട് പൂർത്തിയാക്കാൻ സാധിക്കും. സൗകര്യപ്പെടുന്ന ഇടവകകൾ അഖണ്ഡബൈബിൾ പാരായണം നേരിട്ടോ, ഓൺലൈൻ ആയോ സംഘടിപ്പിക്കുന്നതും നന്നായിരിക്കും.

ബൈബിൾ ഞായറാഴ്ച നിങ്ങൾ നൽകുന്ന സംഭാവന രൂപതകളുടെയും കെസിബിസിയുടെയും ബൈബിൾ പ്രേഷിതപ്രവർത്തനങ്ങളെ ശക്തിപ്പെടുത്തും. വചനത്തിൽ ആഴപ്പെട്ട് 'സദ്വാർത്തയുടെ' പ്രേഷിതരും സമൂഹത്തിൽ ഐക്യത്തിന്റെ കണ്ണികൾ സുദൃഢമാക്കുന്നവരും ആകാൻ ആഹ്വാനംചെയ്തുകൊണ്ടും മാംസംധരിച്ച വചനമായ യേശുവിൽനിന്ന് ഏവർക്കും അനുഗ്രഹങ്ങൾ പ്രാർത്ഥിച്ചുകൊണ്ടും,

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

പിഒസി,
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

NB: 2021 ഡിസംബർ 19-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

CL/No.09/2021

# സർക്കുലർ

# കുടുംബദിനം - 2021

ഈശോയിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സന്യസ്ത രേ, സഹോദരീസഹോദരന്മാരേ,

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്തിരിക്കുന്ന കുടുംബവർഷത്തിലൂടെ കടന്നു പോകുന്ന ഈ സമയത്ത് കുടുംബത്തെപ്പറ്റി പരിചിന്തനം നടത്തുന്നത് ഏറ്റവും ഉചിതമാണല്ലോ. വിശുദ്ധ വിവാഹം എന്ന കൂദാശയിലൂടെയാണ് ഓരോ കുടുംബവും രൂപപ്പെടുന്നത്. വിവാഹത്തിലേയ്ക്ക് കടന്നുവരുന്ന വധൂവരന്മാരാകട്ടെ രണ്ട് കുടുംബങ്ങളിൽനിന്ന് വരുന്നവരാണ്. അവരുടെ മാതാപിതാക്കളും അപ്രകാരം തന്നെ രണ്ട് വ്യത്യസ്ത കുടുംബങ്ങളിൽ നിന്ന് വന്നവരായിരുന്നു. ചുരുക്കി പറഞ്ഞാൽ വിവാഹവും കുടുംബവും ഒരു തുടർച്ചയുടെ ഭാഗമാണ്. തിരിഞ്ഞു നടന്നാൽ സ്രഷ്ടാവായ ദൈവത്തിന്റെ ഹൃദയത്തിൽ എത്തിനിൽക്കുന്ന ഒരു പാതയാണ് വിവാഹത്തിനും കുടുംബത്തിനും കാണിച്ചുതരാനുള്ളത് എന്ന് സാരം.

വിവാഹം സ്ത്രീയും പുരുഷനും തമ്മിലുള്ളതാണെങ്കിലും അത് അവരുടെ വ്യക്തിപരമായ കാര്യം മാത്രമല്ല. മാതാപിതാക്കൾ, സഹോദരങ്ങൾ, ബന്ധുമിത്രങ്ങൾ, സഭ, സമൂഹം എല്ലാവരും അതിൽ ഭാഗഭാക്കുകളാണ്; അഥവാ അങ്ങനെ ആകുമ്പോഴേ വിവാഹവും കുടുംബവും ഏറ്റവും നന്നായി ആഘോഷിക്കപ്പെടുകയും ജീവിക്കുകയുമുള്ളൂ. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ലാത്തതിനാൽ (ഉൽപ്പ 2:18ff) ദൈവം വിഭാവനം ചെയ്ത കുടുംബം, ദൈവഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട സ്ത്രീയും പുരുഷനും (ഉൽപ്പ 1:27)ദൈവീക പദ്ധതിയുടെ ഭാഗമായി കണ്ടുമുട്ടുകയും ഒന്നാകുകയും (ഉൽപ്പ 2:22-24) ചെയ്യുന്നിടത്ത് ആരംഭിച്ചു. ഈ പ്രപഞ്ചത്തെ

ദൈവം ആ കുടുംബത്തിന്റെ ഉത്തരവാദിത്വത്തിന് ഏൽപ്പിക്കുകയും ചെയ്തു. (ഉൽപ്പ 1, 26-31) വിവാഹവും കുടുംബവും സ്വകാര്യത ആയിരിക്കുമ്പോൾ തന്നെ ഇവയ്ക്ക് ഒരു പ്രാപഞ്ചിക മാനവുമുണ്ട് എന്ന് നമുക്ക് ഇതിൽ നിന്ന് വിലയിരുത്താം.

''ഓരോ ദമ്പതിയെ സംബന്ധിച്ചും വിവാഹ ഒരുക്കം ജന്മനാ തുടങ്ങുന്നു'' എന്നും ''തങ്ങളുടെതന്നെ മാതാപിതാക്കളിൽനിന്ന് എന്താണ് ക്രൈസ്തവ വിവാഹമെന്നു പഠിച്ചവരാണ് മിക്കവാറും വിവാഹത്തിന് ഏറ്റവും നന്നായി ഒരുങ്ങിയവർ'' എന്നും ഫ്രാൻസിസ് പാപ്പാ നമ്മെ ഓർമിപ്പിക്കുന്നുണ്ട് (സ്നേഹത്തിന്റെ ആനന്ദം - 208). ഓരോ വ്യക്തിയുടെയും ജനനം മുതൽ ആരംഭിക്കുകയും, കുടുംബത്തിൽ മാതാപിതാക്കളുടെ, ജീവിതത്തിലൂടെ രൂപപ്പെടുകയും ചെയ്യുന്ന ഈ ഒരുക്കമാണ് മനുഷ്യ കുടുംബത്തിന്റെ നിലനിൽപ്പിന് ആധാരം. തലമുറകളിലൂടെ കൈമാറി വരുന്ന കുടുംബ ധാർമ്മികമൂല്യങ്ങൾ ആരുടെയും സ്വകാര്യ സംഭാവനയല്ല. അത് നൂറ്റാണ്ടുകളിലൂടെയും തലമുറകളിലൂടെയും രൂപഭാവങ്ങൾ കൈവരിച്ചതും മനുഷ്യനു മാത്രം കരഗതമായ ധാർമ്മികതയുടെ ഭാഗവുമാണ്. ദാമ്പത്യ വിശ്വസ്തത, വിശുദ്ധി, മാതാപിതാക്കളോടുള്ള ബഹുമാനം, അനുസരണ, സത്യസന്ധത, കുഞ്ഞുങ്ങളോടുള്ള ഉത്തരവാദിത്വങ്ങൾ, പരസ്പര ധാരണ, ക്ഷമ തുടങ്ങിയ കുടുംബധാർമ്മിക മൂല്യങ്ങളാണ് മനുഷ്യവംശത്തിന്റെ നിലനിൽപ്പുതന്നെ സാദ്ധ്യമാക്കുന്നത്. തങ്ങളുടെ ധാർമ്മിക വളർച്ചയുടെ ഭാഗമായി നൂറ്റാണ്ടുകളിലൂടെ മനുഷ്യർ ആർജിച്ചെടുത്ത പാരമ്പര്യ മൂല്യങ്ങളെ അട്ടിമറിക്കുന്നതാണ് പുരോഗമനമെന്നും ആധുനികതയെന്നും ചിന്തിക്കുന്നവർ കുടുംബത്തകർച്ചകൾക്ക് വഴിവെട്ടുന്നവരാണ്.

വിവാഹമെന്ന കൂദാശയിലൂടെ ദൈവം നൽകുന്ന ഏക ജീവിതപങ്കാളിയോടൊത്ത് ചാരിത്രശുദ്ധിയിലും ദാമ്പത്യ വിശ്വ

സ്തതയിലും ജീവിച്ച്, ദൈവം നൽകുന്ന മക്കളെ ഉദാരതയിൽ സ്വീകരിച്ച് അവരെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തി ദൈവസന്നിധിയിലെത്തുക എന്ന അതിശ്രേഷ്ഠമായ ഉത്തര വാദിത്വ നിർവ്വഹണമാണ് ദമ്പതികൾക്ക് മുമ്പിൽ വയ്ക്കപ്പെ ട്ടിരിക്കുന്നത്. ഈ ഉത്തരവാദിത്വ നിർവ്വഹണത്തിനുള്ള പ്രതി ബന്ധങ്ങൾ വർദ്ധിക്കുന്നതല്ലാതെ കുറയുന്നില്ല എന്നത് ദൈനം ദിന യാഥാർത്ഥ്യമാണ്.

ശുദ്ധതയും, ദാമ്പത്യ വിശ്വസ്തതയും ഒക്കെ പഴഞ്ചൻ ആശയങ്ങൾ മാത്രമാണെന്നും, അവ പാലിക്കുക അസാദ്ധ്യവും മനുഷ്യപ്രകൃതിക്ക് അന്യവുമാണെന്നുമൊക്കെയുള്ള ആശയ ങ്ങൾ അതിശക്തമായി സമൂഹത്തിൽ പ്രചരിക്കുന്നുണ്ട്. "മാമ്മോദീസ സ്വീകരിച്ച എല്ലാവരും ശുദ്ധതയിലേയ്ക്ക് വിളി ക്കപ്പെട്ടിരിക്കുന്നു." (CCC 2348) എന്നും "തങ്ങളുടെ ജീവിതാവ സ്ഥയ്ക്കു ചേർന്ന വിധം മനുഷ്യർ ശുദ്ധത പാലിക്കേണ്ടതാ ണെന്നും" (CCC 2349), "വിവാഹ വാഗ്ദാനം നടത്തിയവരും വിരക്തിയിലൂടെ ശുദ്ധതപാലിക്കേണ്ടതാണെന്നും" (CCC 2350), "വിവാഹിതർ ദാമ്പത്യശുദ്ധത പാലിക്കാൻ കടപ്പെട്ടിരിക്കുന്നു" എന്നും (CCC 2349) കത്തോലിക്ക സഭയുടെ മതബോധന ഗ്രന്ഥം വ്യക്തമായി പഠിപ്പിക്കുന്നു. ശുദ്ധതയുടെ കാര്യത്തിൽ വിവാഹത്തിന് മുമ്പോ പിൻപോ ഉള്ള താളപ്പിഴകളാണ് പല പ്പോഴും ദാമ്പത്യ പ്രശ്നങ്ങളുടെ അടിസ്ഥാനകാരണമായി നിൽക്കുന്നത്. അതിരുകളില്ലാത്ത ലൈംഗിക ആസ്വാദനത്തിന്റെ ചെളിക്കുണ്ടിൽ മുങ്ങുന്ന ലോകത്തിൽ ശുദ്ധതയെന്ന അമൂ ല്യരത്നത്തെ കാത്തുസൂക്ഷിക്കാൻ മക്കളെ നാം പഠിപ്പിക്കു കയും സഹായിക്കുകയും വേണം.

മുൻകാലങ്ങളിലൊന്നുമില്ലാത്തവിധം കത്തോലിക്ക സഭയും ക്രൈസ്തവ വിശ്വാസവും സഭ മുമ്പോട്ടു വയ്ക്കുന്ന

കുടുംബ ദർശനവും എല്ലാ വശങ്ങളിൽനിന്നും ആക്രമിക്കപ്പെടുമ്പോൾ വിശ്വാസ ദാർഢ്യമുള്ള കുടുംബങ്ങളാണ് നമുക്ക് ശക്തിയാകുന്നത്. ഈ വസ്തുത സഭാ ശത്രുക്കൾക്ക് നന്നായറിയാവുന്നതുകൊണ്ട് നമ്മുടെ കുടുംബങ്ങൾ അവരുടെ ആക്രമണ ലക്ഷ്യമാണ്. പ്രണയക്കെണികളും ലഹരിക്കെണികളും ഒരുക്കി, അതിനിരയാകുന്ന കുട്ടികളുടെ കുടുംബങ്ങളെ സമൂഹമദ്ധ്യത്തിൽ അപഹാസ്യരാക്കി, പിന്നീടൊരിക്കലും അവർക്ക് തലയുയർത്താനാവാത്തവിധം നശിപ്പിക്കാൻ അവർ ശ്രമിക്കുന്നു. ഇപ്രകാരം കണ്ണീരിൽ മുങ്ങുന്ന അനേകം കുടുംബങ്ങൾ നമ്മുടെ സമൂഹത്തിലുണ്ട്. അത് വ്യക്തമായി അറിയാവുന്നതുകൊണ്ടാണ് സഭാ നേതൃത്വം പലതരത്തിൽ കുടുംബങ്ങൾക്ക് ജാഗ്രതാ നിർദ്ദേശങ്ങൾ നൽകുന്നത്. കുടുംബങ്ങളുടെ സംരക്ഷണത്തിനായി മുന്നറിയിപ്പ് നൽകുകയും മുന്നിട്ടിറങ്ങുകയും ചെയ്യുന്നവരോടൊപ്പം നിൽക്കുന്നതും പിൻതുണയ്ക്കുന്നതും ഈ കാലഘട്ടത്തിലെ പ്രേക്ഷിതപ്രവർത്തനം തന്നെയാണ്.

തന്റെ കുഞ്ഞുങ്ങളുടെ ജീവൻ സംരക്ഷിക്കാൻ ഏതറ്റം വരെയും പോകുന്ന അമ്മമാർ എല്ലാ ജീവിവംശങ്ങളിലുമുണ്ട്. തന്റെ മക്കളെ സംരക്ഷിക്കാൻ സഭാമാതാവും എക്കാലവും പ്രതിജ്ഞാ ബദ്ധയാണ്. ആരുടെയെങ്കിലുമൊക്കെ കുടുംബങ്ങളിൽ ഉണ്ടായ ദുരനുഭവം നമ്മുടെ കുടുംബത്തിലുണ്ടായില്ല എന്നത് നാമാരും സുരക്ഷിതരാണ് എന്നതിന്റെ ഉറപ്പല്ല. ഓരോ കുടുംബത്തിന്റെയും ജയപരാജയങ്ങളിൽ സമൂഹമെന്ന നിലയിൽ നാമും ഭാഗഭാക്കുകളാണ്. മക്കളുടെ സുരക്ഷിതത്വത്തിനും കുടുംബങ്ങളുടെ വളർച്ചയ്ക്കുമായുള്ള എല്ലാ സഭാ പ്രവർത്തനങ്ങളോടും ആത്മാർത്ഥമായി സഹകരിക്കാനുള്ള ഉത്തരവാദിത്വം നമുക്കെല്ലാവർക്കുമുണ്ട്.

നമ്മുടെ കുടുംബങ്ങളിലെ കുഞ്ഞുങ്ങൾ നാളത്തെ സഭയുടെ പ്രതീക്ഷ മാത്രമല്ല ഇന്നത്തെ സഭയുടെ ഊർജ്ജസ്വല മുഖങ്ങളുമാണ്. ജന്മത്തിന്റെ ആദ്യനിമിഷം മുതൽ ആരംഭിക്കുന്ന ഒരു വിശ്വാസപരിശീലനം നമ്മുടെ എല്ലാ കുഞ്ഞുങ്ങൾക്കും ലഭിക്കണം. ഭൗതിക വിജ്ഞാനവും ആരോഗ്യവും സൗന്ദര്യവും ഒക്കെ മക്കൾക്ക് ലഭിക്കാൻ നാം നടത്തുന്ന പരിശ്രമങ്ങളെക്കാൾ പ്രാധാന്യത്തോടെ തന്നെ ആത്മീയകാര്യങ്ങളിൽ നാം നമ്മുടെ മക്കളെ വളർത്തണം. കാരണം വി.പൗലോസ് ശ്ലീഹ തിമോത്തെയോസിന് എഴുതുന്നതുപോലെ "ശാരീരികമായ പരിശീലനം കൊണ്ട് കുറച്ച് പ്രയോജനമുണ്ട്; എന്നാൽ ആത്മീയത എല്ലാ വിധത്തിലും വിലയുള്ളതാണ്. എന്തുകൊണ്ടെന്നാൽ, അത് ഈ ജീവിതത്തെയും വരാനിരിക്കുന്ന ജീവിതത്തെയും സംബന്ധിക്കുന്ന വാഗ്ദാനങ്ങൾ ഉൾക്കൊള്ളുന്നു"(1 തിമോ 4:8).

നമ്മുടെ കുട്ടികളുടെയും യുവജനങ്ങളുടെയും വിശ്വാസ, ധാർമ്മിക മൂല്യങ്ങളുടെ അടിത്തറ നാം കൂടുതൽ ബലപ്പെടുത്തേണ്ടതുണ്ടെന്ന് പല സമകാലിക സംഭവവികാസങ്ങളും നമുക്ക് മുന്നറിയിപ്പ് നൽകുന്നുണ്ട്. ഈ മൂല്യങ്ങൾ അവരിൽ ഉറപ്പിക്കുന്ന കുടുംബപ്രാർത്ഥന, ഞായറാഴ്ച ആചരണം, വിശ്വാസപരിശീലന പരിപാടികൾ തുടങ്ങിയവയിൽ മുതിർന്നവർ കാണിക്കുന്ന അലംഭാവം മനുഷ്യോചിതമായ ജീവിതത്തിനുതന്നെ ആവശ്യമായ മൂല്യങ്ങളെ നിസ്സാരമായി കാണാൻ അവരെ പ്രേരിപ്പിക്കുന്നു. അതിനാൽ ഇത്തരം കാര്യങ്ങളിൽ ആവശ്യമായ കരുതലും മാതൃകയും നൽകാൻ കുട്ടികളിലും യുവജനങ്ങളിലും നേരിട്ട് സ്വാധീനം ചെലുത്തുന്ന മാതാപിതാക്കളും വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നവരും ജാഗ്രത പുലർത്തേണ്ടതാണ്. അല്ലാത്തപക്ഷം തിരിച്ചടികൾ നമ്മുടെ തന്നെ ജീവിതത്തിലും കുടുംബങ്ങളിലും ഉണ്ടായി എന്നു വരാം.

വിശുദ്ധ മാതാപിതാക്കൾ വിശുദ്ധരായ മക്കൾക്ക് ജന്മം നൽകി വളർത്തുന്ന വിശുദ്ധ ഇടങ്ങളായി നമ്മുടെ കുടുംബങ്ങൾ മാറട്ടെ.

ഫ്രാൻസിസ് പാപ്പായോടൊപ്പം തിരുക്കുടുംബത്തോട് നമുക്കും പ്രാർത്ഥിക്കാം:

''നസ്രത്തിലെ തിരുക്കുടുംബമേ
ഞങ്ങളുടെ കുടുംബങ്ങളും
കൂട്ടായ്മയുടെയും പ്രാർത്ഥനയുടെയും ഭവനങ്ങളും
സുവിശേഷത്തിന്റെ യഥാർത്ഥ പാഠശാലകളും
ചെറിയ ഗാർഹിക സഭകളുമാക്കിത്തീർക്കുവാൻ കനിയണമേ.

ഞങ്ങളെ ഒരിക്കൽകൂടി
ദൈവീക പദ്ധതിയിൽ കുടുംബത്തിനുള്ള
പവിത്രതയെയും അവിഭാജ്യതയെയും
അതിന്റെ സൗന്ദര്യത്തെയുംകുറിച്ച്
ചിന്തയുള്ളവരാക്കേണമേ

ആമ്മേൻ''

(സ്നേഹത്തിന്റെ ആനന്ദം)

മിശിഹായിൽ സ്നേഹപൂർവം

മാർ ജോസ് പുളിക്കൽ
കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ

കാഞ്ഞിരപ്പള്ളി
25-11-2021

NB : ഈ സർക്കുലർ 2021 ഡിസംബർ 26-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

CL/No.10/2021

# സർക്കുലർ

## വി. കുർബാനയർപ്പണത്തിനുള്ള മാർഗനിർദേശങ്ങൾ

നവംബർ 28-ാം തീയതി മുതൽ നമ്മുടെ സഭയിൽ നവീകരിക്കപ്പെട്ട വി.കുർബാനയർപ്പണം ആരംഭിക്കുകയാണല്ലോ. വി. കുർബാനയെക്കുറിച്ചും അർപ്പണരീതികളെക്കുറിച്ചുമൊക്കെ വിവിധ മാർഗങ്ങളിലൂടെ നമ്മൾ പഠനം തുടർന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ വിശ്വാസികളെയും വി. കുർബാനയുടെ ആഴമായ അവബോധത്തിലേയ്ക്ക് നയിക്കാൻ നമുക്കു നല്കപ്പെട്ടിരിക്കുന്ന സാദ്ധ്യതകളെല്ലാം ഉപയോഗിക്കാൻ പ്രത്യേകം ശ്രദ്ധിക്കാം.

നമ്മുടെ രൂപതയിൽ വി.കുർബാനയർപ്പണം ഭംഗിയായും ക്രമമായും ഏകീകൃതമായും നടക്കുന്നതിന് ചില നിർദേശങ്ങൾ നല്കുകയാണ്. വി.കുർബാനയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പല ഐച്ഛികങ്ങളും (Options) നമ്മുടെ സഭയുടെ പ്രത്യേക പശ്ചാത്തലത്തിൽ നല്കപ്പെട്ടിരിക്കുന്നതാണെന്നു നമുക്കറിയാമല്ലോ. മാത്രമല്ല, അവയുടെ ഉപയോഗം പ്രത്യേക സാഹചര്യങ്ങളിലാണ് ഉണ്ടാകുന്നതും. അതുകൊണ്ടുതന്നെ അതിനെ സാമാന്യവത്ക്കരിക്കുന്നത് വി. കുർബാനയുടെ അർപ്പണത്തിന്റെ ചൈതന്യത്തിനു യോജിക്കുന്നതല്ല. രൂപതയിലെ ആരാധനക്രമകാര്യങ്ങളുടെ കാര്യസ്ഥനും സംരക്ഷകനുമെന്ന നിലയിൽ വി.കുർബാനയർപ്പണം സംബന്ധിച്ച ചില നിർദേശങ്ങൾ നല്കുകയാണ്. വി. കുർബാനയർപ്പണത്തിലുണ്ടാകാവുന്ന ആശയക്കുഴപ്പങ്ങൾ ഒഴിവാക്കുവാൻ അതു സഹായിക്കുമെന്നു കരുതുന്നു.

1. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥന ത്രിത്വസ്തുതിയും തുടർന്നുവരുന്ന കാനോനായും ചേർത്തു ചൊല്ലിക്കൊണ്ടിരുന്ന രീതി തുടരാം. (തക്സായിലെ പേജ് 5)
2. ഇടദിവസങ്ങളിലെ സങ്കീർത്തനങ്ങൾ 15ഉം 116ഉം ചൊല്ലിയാലും മതി. (18,19)

3. സർവാധിപനാം എന്ന ഗീതത്തിന്റെ പശ്ചാത്തലസംഗീതം ആരംഭിക്കുമ്പോൾത്തന്നെ വിരി തുറന്ന് മദ്ബഹായെ വണങ്ങിയതിനുശേഷം ഗീതമാലപിക്കാം. സർവാധിപനാം എന്ന ഗീതവും പരിപാവനനാം എന്ന ഗീതവും ഓനീസാകൾ ആയതുകൊണ്ട് മൂന്നുപ്രാവശ്യം ആവർത്തിക്കുന്നതാണ് ഉചിതം. ഞായറാഴ്ചകളിലും തിരുനാളുകളിലും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കാം. (26, 29)

4. കാറോസൂസായുടെ സമയത്ത് മദ്ബഹായുടെ വിരിയിടണമെന്ന തക്സായിലെ നിർദേശം ഞായറാഴ്ച്ചകളിലും തിരുനാളുകളിലുമെങ്കിലും പാലിക്കാൻ ശ്രദ്ധിക്കുക. കാറോസൂസ തീരുമ്പോഴാണ് വീണ്ടും വിരി തുറക്കുന്നത്.(46, 50)

5. വിശ്വാസപ്രമാണത്തിനു മുമ്പുള്ള പ്രാർത്ഥന തക്സായിൽ നിർദേശിച്ചിരിക്കുന്നതുപോലെ മദ്ബഹായുടെ കവാടത്തിങ്കൽ വന്നാണ് ചൊല്ലേണ്ടത്. സ്വാഭാവികമായും അപ്പോൾ മുതൽ മദ്ബഹായിലേയ്ക്കു തിരിയേണ്ടതാണ്.

6. പ്രണാമജപങ്ങളിൽ ആദ്യത്തേത് കരങ്ങൾ കൂപ്പിയും ബാക്കിയുള്ളവ കരങ്ങൾ മുകളിലേയ്ക്കു തുറന്നു പിടിച്ചുകൊണ്ടും ചൊല്ലുന്നതാണ് ഉചിതമായിട്ടുള്ളത്. പ്രണാമജപങ്ങൾ വിശ്വാസികൾക്ക് കേൾക്കത്തക്കവിധത്തിലും എന്നാൽ സ്വരം താഴ്ത്തിയുമാണ് ചൊല്ലേണ്ടത്.

7. സ്ഥാപനവാക്യങ്ങളുടെ സമയത്ത് പീലാസയിലും കാസയിലും ഒരോപ്രാവശ്യം മാത്രമാണ് റൂശ്മാ ചെയ്യുന്നത്. (77)

8. നാലാംപ്രണാമജപത്തിൽ നല്കിയിരിക്കുന്ന ഐശ്ചികങ്ങൾ ഉപയോഗിക്കാതെ അതു പൂർണമായും ചൊല്ലുന്നതാണ് കൂടുതൽ അർത്ഥപൂർണം.

9. മാർ തെയദോറിന്റെ കൂദാശക്രമം മംഗളവാർത്തക്കാലം ഒന്നാം ഞായർ മുതൽ ഓശാന ഞായർ വരെയാണ് ഉപയോഗിക്കേണ്ടത്. ഈ കാലഘട്ടത്തിലെ ഞായറാഴ്ചകളിലും തിരുനാളുകളി

ലുമെങ്കിലും അതുപയോഗിക്കേണ്ടതാണ്. മാർ നെസ്തോറിയസിന്റെ കൂദാശക്രമം ദനഹാത്തിരുനാൾ, വിശുദ്ധ യോഹന്നാൻ മാംദാനയുടെ വെള്ളി, ഗ്രീക്ക് മൽപാന്മാരുടെ ഓർമ്മ, മൂന്നുനോമ്പിലെ ബുധൻ, പെസഹാവ്യാഴം എന്നീ അഞ്ചുദിവസങ്ങളിൽ ഉപയോഗിക്കേണ്ടതാണ്.

10. പുരോഹിതന്മാർ കൈസ്ലീവ ഉപയോഗിച്ചിരുന്ന പാരമ്പര്യം നമ്മുടെ സഭയിലുണ്ടായിരുന്നു. എന്നാൽ തക്സായിൽ അതു സംബന്ധിച്ച നിർദേശങ്ങളില്ലാത്തതിനാൽ വി.കുർബാനയിൽ കൈസ്ലീവാ ഉപയോഗിക്കുന്നത് ഉചിതമല്ല. എന്നാൽ മറ്റവസരങ്ങളിൽ ആശീർവാദത്തിനായി കൈസ്ലീവാ ഉപയോഗിക്കുന്നത് അഭികാമ്യമാണ്.

11. ''വിശുദ്ധീകരണത്തിന്റെ ബലിപീഠമേ സ്വസ്തി'' എന്ന പ്രാർത്ഥന കാർമ്മികൻ ബലിപീഠത്തോടു നടത്തുന്ന വിടവാങ്ങൽ പ്രാർത്ഥനയായതിനാൽ അത് സമൂഹവുമായി ചേർന്നു ചൊല്ലുവാൻ പാടില്ല.

12. വചനശുശ്രൂഷയ്ക്കുശേഷവും വി. കുർബാനയുടെ അവസാനം വരെ ബേമ്മയിലെ തിരികൾ കത്തി നില്ക്കുന്നതാണ് അഭികാമ്യം.

13. ഇരുസാദൃശ്യങ്ങളിൽ വിശുദ്ധ കുർബാന നൽകുമ്പോൾ വിശുദ്ധ കുർബാന നാവിൽ മാത്രമാണ് നൽകേണ്ടത്.

മിശിഹായിൽ സ്നേഹപൂർവം

മാർ ജോസ് പുളിക്കൽ

കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ

കാഞ്ഞിരപ്പള്ളി

26-11-2021

# കച്ചേരിക്കാര്യം

**1. വിവാഹാഘോഷം മുടക്ക്**

മംഗലവാർത്തക്കാലത്തോടനുബന്ധിച്ച് ഇരുപത്തഞ്ചുനോമ്പിൽ വിവാഹാഘോഷങ്ങൾക്ക് മുടക്കുണ്ടായിരിക്കുന്നതാണ്.

**2. ബൈബിൾ ഞായർ**

കെ.സി.ബി.സി. നിശ്ചയിച്ചിരിക്കുന്ന ബൈബിൾ ഞായർ 2021 ഡിസംബർ 19-ാം തീയതിയാണ്. ഇതു സംബന്ധിച്ച സർക്കുലർ 2021 ഡിസംബർ 19-ാം തീയതി വായിക്കേണ്ടതാണ്. 2021 ഡിസംബർ 19-ാം തീയതി ഞായറാഴ്ച സ്തോത്രക്കാഴ്ച കെ.സി.ബി.സി.യുടെ ബൈബിൾ പ്രേഷിത പ്രവർത്തനങ്ങൾക്ക് അയച്ചുകൊടുക്കേണ്ടതിനാൽ പിരിഞ്ഞുകിട്ടുന്ന തുക 2022 ജനുവരി 15-ാം തീയതിക്കകം രൂപതാ ഫൈനാൻസ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

**3. രൂപതക്കച്ചേരിക്ക് അവധി**

ക്രിസ്മസിനോടനുബന്ധിച്ച് ഡിസംബർ 24, 25, 26 തീയതികളിൽ രൂപതക്കച്ചേരിക്ക് അവധിയായിരിക്കും.

**4. തിരുക്കുടുംബദിനം**

ക്രിസ്മസ് കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണല്ലോ തിരുക്കുടുംബദിനമായി നമ്മൾ ആചരിക്കുക. ഇപ്രാവശ്യം 2021 ഡിസംബർ 26-ാം തീയതിയാണു തിരുക്കുടുംബദിനം. ഇതു സംബന്ധിച്ച സർക്കുലർ 2021 ഡിസംബർ 26-ാം തീയതി ഞായറാഴ്ച വായിക്കേണ്ടതാണ്. അന്നത്തെ വിശുദ്ധകുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച രൂപതാകുടുംബപ്രേഷിതപ്രവർത്തനങ്ങൾക്കായി വിനിയോ

ഗിക്കുവാൻ 2022 ജനുവരി 15-നകം രൂപതാ ഫിനാൻസ് ഓഫീസിൽ അടയ്ക്കേണ്ടതാണ്.

**5. മാസധ്യാനവും വൈദികസമ്മേളനവും**

ഈ മാസത്തെ വൈദികരുടെ മാസധ്യാനം 2021 ഡിസംബർ 14-ാം തീയതി ചൊവ്വാഴ്ച സംയുക്തമായി കാഞ്ഞിരപ്പള്ളി കത്തീ ഡ്രൽ വച്ചും തുടർന്ന് വൈദികസമ്മേളനം പാസ്റ്ററൽ സെന്റർ ഓഡി റ്റോറിയത്തിൽ വച്ചും നടത്തുന്നതാണ്. എല്ലാ വൈദികരും ഇതിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**6. 2020-2021 വർഷത്തെ കണക്ക്**

പള്ളികളിൽ നിന്നും ഇവിടെ അടയ്ക്കുവാനുള്ള രൂപതാവി ഹിതം കുടിശ്ശിഖ 2022 ഫെബ്രുവരി 15 ന് മുമ്പായി രൂപതാഫൈ നാൻസ് ഓഫീസിൽ അടച്ച് സഹായിക്കുമല്ലോ.

**7. Appointments**

Rev. Fr. Palakudy Martin - Vicar, Mangappara

**Relieved**

Rev. Fr. Maruthukunnel Joseph - Vicar, Mangappara


**8. Ordination List**

1. Dn. Thomas (Silvanos) Vadakkemangalam - Infant Jesus Church, Elikulam
   27 December 2021, 9.15 a.m.

2. Dn. Thomas (Noble) Podimattathil - Holy Family Forane Church Ponkunnam
   28 December 2021, 9.15 a.m.

| | | | |
|---|---|---|---|
| 3. | Dn. Andrews (Anto)<br>Pezhumkattil | - | St. Paul's Church<br>Vandanpathal<br>29 December 2021, 9.15 a.m. |
| 4. | Dn. Varghese (Ajo)<br>Pezhumkattil | - | St. Paul's Church<br>Vandanpathal<br>29 December 2021, 9.15 a.m. |
| 5. | Dn. James (Shan)<br>Ayalloor | - | St. Mary's Church<br>Kanchiyar<br>30 December 2021, 9.15 a.m. |
| 6. | Dn. Sebastian (Bibin)<br>Pulickakunnel | - | St. Mary's Church<br>Kanchiyar<br>30 December 2021, 9.15 a.m. |
| 7. | Dn. Varghese (Sijo)<br>Pottukulam | - | St. Mary's Church<br>Edamon<br>01 January 2022, 2.00 p.m. |

# പൗരോഹിത്യ സുവർണ്ണ ജൂബിലി ആശംസകൾ



## റവ. ഫാ. അഗസ്റ്റിൻ നെല്ലിയാനി

സൗമ്യനും ശാന്തനുമായ നെല്ലിയാനി ബഹുമാനപ്പെട്ട അഗസ്റ്റിനച്ചൻ പൗരോഹിത്യ സുവർണ്ണജൂബിലി നിറവിലാണ്. സഹവൈദികരോടും ദൈവജനത്തോടും എന്നും സ്നേഹാദരവുകളോടെ ഇടപെടുന്ന അച്ചൻ അജപാലനശുശ്രൂഷയെ ഏറെ സ്നേഹിച്ചു. പരാതികളും പരിഭവങ്ങളുമില്ലാത്ത ആ ജീവിതം തീരങ്ങളെ പരിപുഷ്ടമാക്കിയും തീരവാസികളെ സന്തുഷ്ടരാക്കിയും ശാന്തമായൊഴുകുന്ന പുഴപോലെ ഹൃദ്യമാണ്.

കപ്പാട് ഇടവകയിൽ നെല്ലിയാനി കുടുംബത്തിൽ ദേവസ്യാ-മറിയം ദമ്പതികളുടെ മകനായി 1943 ജൂലൈ 15 ന് അഗസ്റ്റിനച്ചൻ ജാതനായി. കപ്പാട് ഗവ. എൽ.പി. സ്കൂൾ, കാളകെട്ടി എ.എം.ഹൈസ്കൂൾ, ചങ്ങനാശ്ശേരി എസ്.ബി. കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. ചങ്ങനാശ്ശേരി പാറേൽ മൈനർ സെമിനാരിയിലും തുടർന്ന് കോട്ടയം വടവാതൂർ സെമിനാരിയിലുമായി വൈദികപരിശീലനം നേടി. 1972 ജനുവരി 6 ന് പൗരോഹിത്യപട്ടം സ്വീകരിച്ചു. അവിഭക്ത ചങ്ങനാശ്ശേരി അതിരൂപതയിൽ കുടമാളൂർ, ഡാൽമുഖം പള്ളികളിൽ അസിസ്റ്റന്റ് വികാരിയായി സേവനമനുഷ്ഠിച്ചു. കാഞ്ഞി

രപ്പള്ളി രൂപത സ്ഥാപിതമായപ്പോൾ കുഴിത്തൊളു, അന്യാർതൊളു പള്ളികളുടെ വികാരിയായി നിയമിതനായി. തുടർന്ന് ചെറുവള്ളി, തമ്പ ലക്കാട്, വലിയതോവാള, കട്ടപ്പന, കുമളി, മേരികുളം, കണമല, കോരു ത്തോട്, ആനിക്കാട്, കൂവപ്പള്ളി ഇടവകകളിൽ സ്തുത്യർഹമായ അജ പാലന ശുശ്രൂഷ നടത്തി. 1983-87 കാലഘട്ടത്തിൽ യുവജനസംഘട നയായ യുവദീപ്തിയുടെ രൂപതാ ഡയറക്ടറായി സേവനമനുഷ്ഠി ച്ചു. 2019-ൽ അജപാലന ജോലിയിൽനിന്ന് വിരമിച്ചശേഷം ഏതാനും നാൾ കാഞ്ഞിരപ്പള്ളി അക്കരപ്പള്ളിയിൽ ശുശ്രൂഷ ചെയ്തിരുന്നു. ഇപ്പോൾ വിയാനി ഹോമിൽ വിശ്രമജീവിതം നയിച്ചുവരുന്നു.

ഇടവകജനം തങ്ങളുടെ ആവശ്യങ്ങളിൽ എപ്പോഴും സംലഭ്യനും അനുഭാവപൂർവ്വം ഇടപെടുന്നവനുമായ നല്ല ഇടയനെ സ്നേഹ പൂർവ്വം സ്വീകരിച്ചു. ശാന്തിപകരുന്ന തിരുവചനസന്ദേശങ്ങൾ മാത്ര മാണ് അവർക്ക് അദ്ദേഹത്തിന്റെ പ്രസംഗപീഠത്തിൽ നിന്ന് കേൾക്കാ നായത്. ദൈവജനത്തിനുവേണ്ടി ഓരോ ദിവസവും ഒന്നിലധികം ദിവ്യ ബലിയർപ്പിക്കാൻ അച്ചന് സന്തോഷമാണ്. ദീർഘനേരം പാപമോച നവേദിയിൽ ത്യാഗമനോഭാവത്തോടെ സന്നിഹിതനായിരിക്കാനും കുന്നും മലയും കയറി വിശ്വാസികളുടെ ഭവനങ്ങൾ സന്ദർശിക്കാനും അച്ചന് മടിയില്ല. ഇടവകയിലെ പ്രതികൂല സാഹചര്യങ്ങളോ പള്ളി മുറികളിലെ അസൗകര്യങ്ങളോ അച്ചനെ അസ്വസ്ഥനാക്കുന്നില്ല.

കാര്യങ്ങൾ കൃത്യമായി പഠിച്ചും മനസ്സിലാക്കിയും തീരുമാന മെടുക്കുന്ന രീതിയാണ് അച്ചനുള്ളത്. സ്ഥിതിവിവരങ്ങളും കണക്കു കളും മറ്റും കൃത്യമായി സൂക്ഷിക്കുവാനും ക്ഷമയോടെ മറ്റുള്ളവരെ ശ്രവിക്കുവാനും അച്ചൻ എന്നും ശ്രദ്ധാലുവാണ്. തികഞ്ഞ ശുഭാപ്തി വിശ്വാസിയാണച്ചൻ. എടുത്തുചാട്ടത്തിനോ അമിതവികാരവിക്ഷോഭ ത്തിനോ ഏറ്റുമുട്ടലിനോ അച്ചൻ മുതിരാറില്ല. പ്രശ്നങ്ങളും പ്രതിസ ന്ധികളും സ്വാഭാവികമായി പരിഹരിക്കപ്പെടുന്നതിന് സമയം അനുവ ദിച്ചുകൊണ്ട് പ്രാർത്ഥനാപൂർവ്വം കാത്തിരിക്കുകയാണ് അച്ചൻ പല പ്പോഴും ചെയ്യുന്നത്.

ദൈവാനുഗ്രഹമായി ലഭിച്ച ആരോഗ്യം പരിപാലിക്കുന്നതിൽ അച്ചൻ ജാഗരൂകനാണ്. പ്രകൃതിയോടിണങ്ങിയതും ചിട്ടയും ക്രമ വുമുള്ളതുമായ ജീവിതശൈലി അച്ചന്റെ മനസ്സിനും ശരീരത്തിനും പ്രശാന്തിപകരുന്നു. അമ്പതുവർഷത്തെ പൗരോഹിത്യജീവിതത്തിനി

ടയിൽ ചെറിയ ഒരു അസുഖം പോലും ഉണ്ടാവുകയോ ഒരു ദിവസ മെങ്കിലും വിശുദ്ധകുർബാനയർപ്പണം മുടക്കുകയോ ഉണ്ടായിട്ടില്ലാ യെന്ന് അച്ചൻ കൃതജ്ഞതയോടും അഭിമാനത്തോടും കൂടെ ഓർമ്മി ക്കുന്നു.

ശുശ്രൂഷാപൗരോഹിത്യത്തിന്റെ അമ്പതുവർഷങ്ങൾ പൂർത്തി യാക്കുന്ന ബഹുമാനപ്പെട്ട അഗസ്റ്റിൻ നെല്ലിയാനി അച്ചന് കാഞ്ഞിര പ്പള്ളി രൂപതാകുടുംബത്തിന്റെ പ്രാർത്ഥനയും സ്നേഹാശംസകളും നേരുന്നു. മനസ്സിന് ശാന്തിയും ശരീരത്തിന് ആരോഗ്യവും നല്കി ദൈവം അച്ചനെ പരിപാലിക്കട്ടെ. അച്ചന്റെ പ്രാർത്ഥന നമ്മുടെ രൂപ തയ്ക്ക് അനുഗ്രഹമായിത്തീരട്ടെ.

---

## പൗരോഹിത്യ രജത ജൂബിലി ആശംസകൾ




പാലപ്ര ഇടവക മണക്കാട്ട് ജോസഫ് - മറിയക്കുട്ടി ദമ്പതിക ളുടെ മകനായി വർഗീസ് മണക്കാട്ട് 1970 മാർച്ച് 3 ന് ജനിച്ചു. വെളി ച്ചിയാനി സെന്റ് ജോസഫ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും പാറത്തോട് ഗ്രേസി മെമ്മോറിയൽ സ്കൂളിൽ ഹൈസ്കൂൾ വിദ്യാ ഭ്യാസവും പൂർത്തിയാക്കി. തുടർന്ന് പൗരോഹിത്യജീവിതത്തിലേ

യ്ക്കുള്ള ദൈവവിളി തിരിച്ചറിഞ്ഞ് പൊടിമറ്റം മേരി മാതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു. അതിനുശേഷം വടവാതൂർ സെന്റ് തോമസ് സെമിനാരിയിൽ തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനം നടത്തി. അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ കൈവയ്പ്പുവഴി 1996 ഡിസംബർ 26-ന് പൗരോഹിത്യപട്ടം സ്വീകരിച്ചു.

കപ്പാട് ഇടവകയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു പ്രഥമനിയമനം. തെക്കേമല, ഇളങ്ങുളം ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായി സേവനം ചെയ്തശേഷം പാലാ സെന്റ് തോമസ് കോളേജിൽനിന്നും ബിരുദാനന്തരബിരുദവും പിന്നീട് ബി.എഡ് ബിരുദവും കരസ്ഥമാക്കി. കരിക്കാട്ടൂർ, അമലഗിരി, വെച്ചൂച്ചിറ, മുക്കൂട്ടുതറ, ഇടമൺ ഇടവകകളിൽ വികാരിയായി ശുശ്രൂഷ ചെയ്തിട്ടുള്ള ബഹു. മണക്കാട്ടച്ചൻ എലിക്കുളം ഇടവകയിൽ അസി. വികാരിയായി ഇടക്കാലശുശ്രൂഷയും ചെയ്തിട്ടുണ്ട്. കാഞ്ഞിരപ്പള്ളി രൂപതയിലെ പ്രമുഖ വിദ്യാലയങ്ങളായ ആനക്കല്ല് സെന്റ് ആന്റണീസ് പബ്ലിക് സ്കൂൾ, റാന്നി സിറ്റാഡൽ റെസിഡൻഷ്യൽ സ്കൂൾ എന്നിവിടങ്ങളിൽ അധ്യാപകനുമായിരുന്നു. ഇപ്പോൾ കൊല്ലമുള ഇടവകയിൽ വികാരിയായി സേവനം ചെയ്യുന്നു.

ബഹു. വർഗീസ് മണക്കാട്ടച്ചൻ നല്ല സംഗീതജ്ഞനാണ്. ദൈവം തന്ന ദാനമായ സംഗീതത്തിലൂടെ ദൈവീകരഹസ്യങ്ങൾ പരികർമ്മം ചെയ്ത് ദൈവജനത്തെ കൃപയുടെ നീർച്ചാലിലേയ്ക്ക് നയിക്കുവാൻ എപ്പോഴും ബദ്ധശ്രദ്ധനാണ്. മൂല്യാധിഷ്ഠിത വിദ്യാഭ്യാസം വിദ്യാർത്ഥികൾക്കു നൽകുകയും ദൈവജനത്തിന് കരുതലോടും സ്നേഹത്തോടുംകൂടെ ശുശ്രൂഷചെയ്യുകയും ചെയ്യുന്ന പൗരോഹിത്യദർശനമാണ് അച്ചൻ പിന്തുടരുന്നത്. ബഹു. വർഗീസ് മണക്കാട്ടച്ചന് കാഞ്ഞിരപ്പള്ളി രൂപതാകുടുംബത്തിന്റെ പ്രാർത്ഥനാ നിർഭരമായ പൗരോഹിത്യ രജതജൂബിലി ആശംസകൾ നേരുന്നു.



# റവ. ഫാ. ഡോമിനിക് ആയലൂപറമ്പിൽ

ആനക്കല്ല് ഇടവകയിൽ ആയലൂപറമ്പിൽ ഈപ്പൻ-മേരി ദമ്പതികളുടെ മകനായി 1969 മെയ് 14-ന് ഡോമിനിക് ആയലൂപറമ്പിൽ ജനിച്ചു. എറികാട് മന്നം മെമ്മോറിയൽ എൽ.പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും കാഞ്ഞിരപ്പള്ളി എ.കെ.ജെ.എം. സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. തുടർന്ന് അരുവിത്തുറ സെന്റ് ജോർജ് കോളേജിലും പാലാ സെന്റ് തോമസ് കോളേജിലുമായി പ്രീഡിഗ്രി, ഡിഗ്രി പഠനങ്ങൾ നടത്തി പൊടിമറ്റം മേരി മാതാ മൈനർ സെമിനാരിയിൽ വൈദികപരിശീലനം ആരംഭിച്ചു. പൂനെ പേപ്പൽ സെമിനാരിയിൽ തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ കൈവയ്പ്പുവഴി 1996 ഡിസംബർ 28 ന് ശുശ്രൂഷാപൗരോഹിത്യം സ്വീകരിച്ചു.

കുമളി ഇടവകയിൽ അസി. വികാരിയായും കട്ടപ്പന മേട്ടുകുഴി ഇടവകയിൽ വികാർ-ഇൻ-ചാർജായും ഏയ്ഞ്ചൽവാലി, അമരാവതി ഇടവകകളിൽ വികാരിയായും ശുശ്രൂഷ ചെയ്തിട്ടുണ്ട്. ബി.എഡ്. ബിരുദധാരിയായ ബഹു. ഡോമിനിക് അച്ചൻ കട്ടപ്പന ഓസാനാം

ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെയും അട്ടപ്പള്ളം സെന്റ് തോമസ് ഹൈസ്കൂളിന്റെയും പ്രിൻസിപ്പാൾ ആയി സ്തുത്യർഹമായ സേവനം ചെയ്തശേഷം ഇപ്പോൾ കാഞ്ഞിരപ്പള്ളി രൂപതയുടെ കോർപ്പറേറ്റ് മാനേജരാണ്.

വിദ്യാഭ്യാസമേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ച ബഹു. ഡോമിനിക് ആയലൂപറമ്പിലച്ചന്റെ ഇടപെടലുകൾ ഹൃദ്യവും ശാന്തവുമാണ്. അറിവും പാണ്ഡിത്യവുമുള്ള അച്ചൻ ഓരോ കാര്യങ്ങളെയും വ്യക്തമായി അപഗ്രഥിച്ച് കൃത്യമായാണ് സമീപിക്കുന്നത്. പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന ബഹു. ഡോമിനിക് ആയലൂപറമ്പിലച്ചന് രൂപതാകുടുംബത്തിന്റെ സ്നേഹനിർഭരമായ പ്രാർത്ഥനാശംസകൾ.




## റവ. ഫാ. ജോസ് മംഗലത്തിൽ

മുറിഞ്ഞപുഴ ഇടവകയിൽ മംഗലത്തിൽ വർഗീസ്-ഏലിക്കുട്ടി ദമ്പതികളുടെ മകനായി 1966 മാർച്ച് 25-ന് ജോസ് മംഗലത്തിൽ ജനിച്ചു. ആനവിലാസം സെന്റ് ജോർജ് യു.പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും പെരുവന്താനം സെന്റ് ജോസഫ് സ്കൂളിൽ ഹൈസ്കൂൾ

വിദ്യാഭ്യാസവും നടത്തി. വൈദികപരിശീലനത്തിനായി പൊടിമറ്റം മേരി മാതാ മൈനർ സെമിനാരിയിൽ ചേർന്നു. തത്വശാസ്ത്ര- ദൈവ ശാസ്ത്ര പരിശീലനങ്ങൾ ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ പൂർത്തിയാക്കി. 1996 ഡിസംബർ 30-ന് അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിൽനിന്നും ശുശ്രൂഷാ പൗരോഹിത്യം സ്വീകരിച്ചു. ഇപ്പോൾ അച്ചൻ അഞ്ചിലിപ്പ ഇടവകാംഗമാണ്.

പൊൻകുന്നം പള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യശുശ്രൂഷ. വണ്ടൻമേട്, പൊടിമറ്റം പള്ളികളിൽ അസിസ്റ്റന്റ് വികാരിയായും അമലഗിരി ഇടവകയിൽ വികാർ അഡ്മിനിസ്ട്രേറ്റ റായും പഴയകൊരട്ടി പള്ളിയിൽ കോ-വികാർ ആയും പീരുമേട്, അമ രാവതി, കോന്നി, വകയാർ, മുളംകുന്ന്, മുക്കൂട്ടുതറ, താമരക്കുന്ന്, തരകനാട്ടുകുന്ന്, കോരുത്തോട് ഇടവകകളിൽ വികാരിയായും ശുശ്രൂഷ ചെയ്തു. പീരുമേട് ഡയറിന്റെ ഡയറക്ടർ, കുടുക്കവള്ളി എസ്റ്റേറ്റ് അസി. മാനേജർ, കാഞ്ഞിരപ്പള്ളി രൂപതാ കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ അസി. ഡയറക്ടർ, പഴയകൊരട്ടി ആവേ മരിയ ഇന്റർസെഷൻ ഭവൻ കോ-ഡയറക്ടർ തുടങ്ങിയ വിവിധ ശുശ്രൂഷ കൾ ചെയ്ത ബഹു. മംഗലത്തിലച്ചൻ ഇപ്പോൾ നെയ്യാട്ടുശ്ശേരി ഇട വകവികാരിയാണ്. കോന്നി, വകയാർ ഇടവകകളുടെ രൂപീകരണ ത്തിനും കോന്നിയിൽ പുതിയ ദൈവാലയം നിർമ്മിക്കുന്നതിനും അച്ചൻ നേതൃത്വം നല്കി. താമരക്കുന്ന് ഇടവകയിലെ വൈദികമ ന്ദിരവും മുക്കൂട്ടുതറ ഇടവകയിലെ ഷോപ്പിംഗ് സെന്ററും പാരീ ഷ്ഹാളും ജോസച്ചന്റെ സംഘാടകകഴിവിന്റെ പരിണതഫലങ്ങളാണ്.

ആഴമായ ആദ്ധ്യാത്മികതയും ശുശ്രൂഷാ മനോഭാവവുമുള്ള ബഹു. ജോസച്ചൻ വളരെ ഹൃദ്യതയോടും സ്നേഹത്തോടുമാണ് ഇടപെടുന്നത്. നല്ല അജപാലകനും സേവനതൽപ്പരനുമായ ബഹു. ജോസ് മംഗലത്തിലച്ചന് രൂപതാകുടുംബത്തിന്റെ പൗരോഹിത്യ രജ തജൂബിലി മംഗളങ്ങൾ.



# റവ. ഫാ. ജോസ് തട്ടാംപറമ്പിൽ

കണയങ്കവയൽ ഇടവകയിൽ തട്ടാംപറമ്പിൽ ജോൺ – മറിയം ദമ്പതികളുടെ പുത്രനായി 1971 മാർച്ച് 25–ന് ജോസ് തട്ടാംപറമ്പിൽ ജനിച്ചു. കണയങ്കവയൽ സെന്റ് മേരീസ് എൽ.പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും കണയങ്കവയൽ ഗവൺമെന്റ് സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തീകരിച്ചു. തുടർന്ന് വൈദിക പരിശീലനത്തിനായി പൊടിമറ്റം മേരിമാതാ മൈനർ സെമിനാരിയിൽ ചേർന്നു. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ തത്വശാസ്ത്ര–ദൈവശാസ്ത്ര പഠനങ്ങൾ നടത്തി. 1996 ഡിസംബർ 31–ന് അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ കൈവയ്പ്പു വഴി ശുശ്രൂഷാ പൗരോഹിത്യം സ്വീകരിച്ചു.

കൂവപ്പള്ളി, അണക്കര ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായും അണക്കര പി.എ.സി.യുടെ ജോയിന്റ് ഡയറക്ടറായും, ചാമംപതാൽ, ചെല്ലാർകോവിൽ, മൈലപ്ര, അരയാഞ്ഞിലിമണ്ണ്, അമലഗിരി ഇടവകകളിൽ വികാരിയായും പത്തനംതിട്ട, വാളാർഡി ഇടവകകളിൽ കോ–വികാരിയായും തക്കലമിഷനിലും ഗുഡ്ഗാവ് മലങ്കര രൂപതയിലും ശുശ്രൂഷ ചെയ്തു. ഇപ്പോൾ കുമളി ഇടവകയിൽ കോ–

വികാരിയായും തക്കലരൂപതയുടെ കമ്പം മിഷനിലും ശുശ്രൂഷ ചെയ്യു ന്നു. സുറിയാനി ഭാഷയിൽ ബിരുദാനന്തരബിരുദധാരിയാണ്.

നല്ല സംഗീതജ്ഞനായ ബഹു. ജോസ് തട്ടാംപറമ്പിലച്ചൻ തന്റെ ദൈവീകദാനങ്ങൾ ദൈവത്തിനായി സമർപ്പിച്ച് ശുശ്രൂഷ ചെയ്യുന്ന വ്യക്തിയാണ്. പരിമിതികളും ബുദ്ധിമുട്ടുകളും നിറഞ്ഞ പ്രേഷിതരംഗങ്ങളിലെല്ലാം സന്തോഷപൂർവ്വം ശുശ്രൂഷ ചെയ്യുന്നു. പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന ബഹു. ജോസ് തട്ടാം പറമ്പിലച്ചന് രൂപതാകുടുംബത്തിന്റെ സ്നേഹനിർഭരമായ പ്രാർത്ഥ നാശംസകൾ.



## റവ. ഫാ. സിൽവാനോസ് മഠത്തിനകത്ത്

ചെറുവള്ളിക്കുളം ഇടവകയിൽ ജോസഫ് - ത്രേസ്യാമ്മ ദമ്പ തികളുടെ പുത്രനായി 1969 ഡിസംബർ 4-ന് സിൽവാനോസ് മഠത്തി നകത്ത് ജനിച്ചു. കണയങ്കവയൽ സെന്റ് മേരീസ് എൽ.പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും കണയങ്കവയൽ ഗവൺമെന്റ് സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തീകരിച്ചു. തുടർന്ന് പൊടിമറ്റം മേരി മാതാ മൈനർ സെമിനാരിയിൽ വൈദികപരിശീലനത്തിനായി ചേർന്നു. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും തത്വശാസ്ത്ര-ദൈവശാസ്ത്രപഠനങ്ങൾ പൂർത്തിയാക്കി. 1997

ജനുവരി 1-ന് അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിൽ നിന്നും പൗരോഹിത്യ പട്ടം സ്വീകരിച്ചു.

പൊടിമറ്റം, കുമളി ഇടവകകളിൽ അസി. വികാരിയായി സേവനം ചെയ്തു. എലിവാലിക്കര, മുക്കൂട്ടുതറ, കണയങ്കവയൽ, കരുണാപുരം, മടുക്ക, തുലാപ്പള്ളി, കണ്ണമ്പള്ളി ഇടവകകളിൽ വികാരിയായി ശുശ്രൂഷ ചെയ്തു. ഇപ്പോൾ എലിക്കുളം ഇടവകയിൽ കോ-വികാരിയായി ശുശ്രൂഷ ചെയ്യുന്നു.

തന്റെ ശുശ്രൂഷാരംഗങ്ങളിലെല്ലാം തികഞ്ഞ ആത്മാർത്ഥതയോടും സമർപ്പണത്തോടും കൂടിയാണ് ശുശ്രൂഷ ചെയ്യുന്നത്. തന്റെ രോഗാവസ്ഥകളും ബുദ്ധിമുട്ടുകളുമെല്ലാം ഈശോയുടെ സഹനങ്ങളോട് ചേർത്ത് അഭിമുഖീകരിക്കുന്ന ബഹു. സിൽവാനോസ് മഠത്തിനകത്ത് അച്ചന് രൂപതാകുടുംബത്തിന്റെ പൗരോഹിത്യ രജതജൂബിലി മംഗളങ്ങൾ.



## റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ

ആനവിലാസം ഇടവക മുതുപ്ലാക്കൽ ആൻഡ്രൂസ് - മേരി ദമ്പതികളുടെ മകനായി 1970 ഓഗസ്റ്റ് 22 -ന് സെബാസ്റ്റ്യൻ മുതുപ്ലാക്കൽ ജനിച്ചു. രാമപുരം സെക്രഡ് ഹാർട്ട് എൽ.പി. സ്കൂൾ, ആന

വിലാസം സെന്റ് ജോർജ് യു.പി. സ്കൂൾ, വെള്ളാരംകുന്ന് സെന്റ് മേരീസ് ഹൈസ്കൂൾ എന്നിവിടങ്ങളിലായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് പൊടിമറ്റം മേരി മാതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ തത്വശാസ്ത്ര–ദൈവശാസ്ത്രപഠനങ്ങൾ നടത്തി. 1997 ജനുവരി 2 ന് അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിൽനിന്നും വൈദികപട്ടം സ്വീകരിച്ചു.

വെള്ളാരംകുന്ന്, കത്തീഡ്രൽ ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായി സേവനം ചെയ്തു. കരിക്കാട്ടൂർ ഇടവകയിൽ വികാർ അഡ്മിനിസ്ട്രേറ്ററും, അഞ്ചിലിപ്പ, സന്യാസിയോട, മൈലപ്ര, കീരിക്കര ഇടവകകളിൽ വികാരിയുമായിരുന്നു. അമലാപ്രസിന്റെ അസി. ഡയറക്ടർ, തുടർന്ന് പ്രസ് മാനേജർ, മേരി മാതാ സ്റ്റഡി ഹൗസ് ഡയറക്ടർ തുടങ്ങിയ ശുശ്രൂഷകൾ ചെയ്ത ബഹു. അച്ചൻ ഇപ്പോൾ ലിറ്റർജിക്കൽ ഡിപ്പാർട്ട്മെന്റ് ഡയറക്ടർ, നല്ലതണ്ണി നസ്രാണി റിസേർച്ച് സെന്റർ പ്രോഗ്രാം കോർഡിനേറ്റർ, രൂപതയുടെ മാസ്റ്റർ ഓഫ് സെർമണി, ഡയറക്ടർ ഇൻ - ചാർജ് ഓഫ് ലിറ്റർജിക്കൽ മ്യൂസിക്, അമലാ പ്രസ് ഡയറക്ടർ എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്നു. സുറിയാനി ഭാഷയിൽ ബിരുദാനന്തര ബിരുദധാരിയും ഇപ്പോൾ വടവാതൂർ സെമിനാരിയിൽ ഗവേഷണ വിദ്യാർത്ഥിയുമാണ്.

പൗരസ്ത്യദൈവശാസ്ത്രത്തിലും ആരാധനക്രമപാരമ്പര്യത്തിലും പണ്ഡിതനായ ബഹു. സെബാസ്റ്റ്യൻ മുതുപ്ലാക്കലച്ചന്റെ പ്രവർത്തനങ്ങളുടെയെല്ലാം കേന്ദ്രം മിശിഹായുടെ തുടർച്ചയായുള്ള സഭയോടുള്ള സ്നേഹമാണ്. സമകാലിക പ്രശ്നങ്ങളെ അപഗ്രഥിക്കുവാനും യുക്തിഭദ്രമായി പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനും പ്രത്യേക ആർജ്ജവത്വംതന്നെ ബഹു. അച്ചനുണ്ട്. തന്റെ പൗരോഹിത്യ രജതജൂബിലിയുടെ ഈ ധന്യവേളയിൽ കാഞ്ഞിരപ്പള്ളി രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.



# റവ. ഫാ. മാത്യു കല്ലറയ്ക്കൽ

ആനവിലാസം ഇടവകയിൽ കല്ലറയ്ക്കൽ ജോസഫ് - ത്രേസ്യാമ്മ ദമ്പതികളുടെ മകനായി 1969 ജൂൺ 18-ന് മാത്യു കല്ലറ യ്ക്കൽ ജനിച്ചു. ആനവിലാസം സെന്റ് ജോർജ് യു.പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും വെള്ളാരംകുന്ന് സെന്റ് മേരീസ് സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തീകരിച്ചു. തുടർന്ന് പൊടിമറ്റം മേരി മാതാ മൈനർ സെമിനാരിയിൽ വൈദികപരിശീ ലനം ആരംഭിച്ചു. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമി നാരിയിൽ തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1997 ജനുവരി 2-ാം തീയതി അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാ വിൽനിന്നും ശുശ്രൂഷാപൗരോഹിത്യം സ്വീകരിച്ചു.

ഇളങ്ങുളം, കുമളി ഇടവകകളിൽ അസി. വികാരിയായും അഭി വന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിന്റെയും അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെയും സെക്രട്ടറിയായും ശുശ്രൂഷ ചെയ്തു. റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കാനൻ നിയമത്തിൽ ഡോക്ടറേറ്റ് ബിരുദം നേടിയശേഷം രൂപതാ വൈസ് ചാൻസലർ, ഡിഫന്റർ ഓഫ് ബോണ്ട്, രൂപതാ കൺസൾട്ടർ, പ്രമോ ട്ടർ ഓഫ് ജസ്റ്റീസ്, എം.എം.റ്റി. ഹോസ്പിറ്റൽ കോ-ഡയറക്ടർ,

തുടർന്ന് ഹോസ്പിറ്റൽ ഡയറക്ടർ, ഇളങ്ങോയി ഹോളി ഫാമിലി സ്കൂൾ മാനേജർ എന്നീ നിലകളിൽ സേവനം ചെയ്തു. ഇപ്പോൾ ജുഡീഷൽ വികാർ ആയി ശുശ്രൂഷ ചെയ്യുന്നു.

കൃത്യതയോടും മുന്നൊരുക്കത്തോടും കൂടി തന്റെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്ന വ്യക്തിയാണ് ബഹു. മാത്യു കല്ലറയ്ക്കലച്ചൻ. നിശ്ചയദാർഢ്യത്തോടെ തന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്ന ബഹു. കല്ലറയ്ക്കലച്ചന് പൗരോഹിത്യ രജതജൂബിലിയുടെ മംഗളങ്ങൾ രൂപതാകുടുംബം നേരുന്നു.



## റവ. ഫാ. ജെയിംസ് വെൺമാന്തറ

എയ്ഞ്ചൽവാലി ഇടവകയിൽ വെൺമാന്തറ വിൻസെന്റ് - ത്രേസ്യാമ്മ ദമ്പതികളുടെ മകനായി 1969 ഒക്ടോബർ 19-ന് ജെയിംസ് വെൺമാന്തറ ജനിച്ചു. കിസുമം ഗവൺമെന്റ് സ്കൂൾ, കണമല സാന്തോം ഹൈസ്കൂൾ എന്നിവിടങ്ങളിലായി സ്കൂൾ വിദ്യാഭ്യാസം നേടിയശേഷം പൊടിമറ്റം മേരി മാതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു. മംഗലാപുരം സെന്റ് ജോസഫ് സെമിനാരിയിൽ തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1997 ഏപ്രിൽ 9-ന് അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി

പിതാവിൽനിന്നും ശുശ്രൂഷാ പൗരോഹിത്യം സ്വീകരിച്ചു.

വലിയതോവാള, കോരുത്തോട് ഇടവകകളിൽ അസി. വികാരിയായും പുളിങ്കട്ട, പാലക്കാട് രൂപതയിൽ കേരളശ്ശേരി, സീതത്തോട്, പുത്തൻകൊരട്ടി, കണയങ്കവയൽ ഇടവകകളിൽ വികാരിയായും ചിറ്റാർ എസ്റ്റേറ്റ് മാനേജറായും ശുശ്രൂഷ ചെയ്തു. ഇപ്പോൾ ചെല്ലാർകോവിൽ പള്ളി വികാരിയാണ്. പാലക്കാട് രൂപതയിലെ കേരളശ്ശേരിയിൽ മനോഹര ദൈവാലയം നിർമ്മിക്കാൻ നേതൃത്വം കൊടുത്തത് ജയിംസച്ചനാണ്.

തന്നെ ഭരമേല്പിച്ചിരിക്കുന്ന ദൈവജനത്തിനുവേണ്ടി തീക്ഷ്ണതയോടും സാമൂഹ്യപ്രതിബദ്ധതയോടും ശുശ്രൂഷ ചെയ്യുന്ന നല്ല ഇടയൻ ബഹു. ജെയിംസ് വെൺമാന്തറയച്ചന് പൗരോഹിത്യ രജതജൂബിലിയുടെ എല്ലാവിധ പ്രാർത്ഥനാശംസകളും രൂപതാകുടുംബം നേരുന്നു.



## റവ. ഡോ. ജോസഫ് തെക്കേവയലിൽ

കാരികുളം ഇടവകയിൽ തെക്കേവയലിൽ ദേവസ്യ - അന്നമ്മ ദമ്പതികളുടെ മകനായി 1968 ജനുവരി 19 ന് വിൽഫിച്ചൻ ജനിച്ചു. കാരികുളം ഗവൺമെന്റ് എൽ.പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും കാഞ്ഞിരപ്പള്ളി എ.കെ.ജെ.എം. സ്കൂളിൽ ഹൈസ്കൂൾ വിദ്യാ

ഭ്യാസവും പൂർത്തീകരിച്ചു. തുടർന്ന് പൊടിമറ്റം മേരി മാതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു. മംഗലാപുരം സെന്റ് ജോസഫ് സെമിനാരിയിൽ തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1997 ഏപ്രിൽ 10 -ാം തീയതി അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ കൈവയ്പ്പിലൂടെ പൗരോഹിത്യപട്ടം സ്വീകരിച്ചു.

വെളിച്ചിയാനി, പുത്തൻകൊരട്ടി ഇടവകകളിൽ അസി. വികാരിയായും രൂപതാ യുവദീപ്തി ഡയറക്ടറായും കാളകെട്ടി കുരിശുപള്ളി റെക്ടറായും സേവനം ചെയ്ത അച്ചൻ റോമിലെ സെന്റ് തോമസ് അക്വീനാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ആദ്ധ്യാത്മിക ദൈവശാസ്ത്രത്തിൽ ഡോക്ടർ ബിരുദവും കരസ്ഥമാക്കി. തെക്കേമല, ഏലപ്പാറ, അണക്കര ഇടവകകളിൽ വികാരിയായും പീരുമേട് ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ ജോയിന്റ് ഡയറക്ടറായും ഇറ്റലിയിലെ ഈമോള രൂപതയിലും സേവനം ചെയ്തു. ഇപ്പോൾ കട്ടപ്പന സെന്റ് ജോർജ് ഫൊറോനാ വികാരിയായി സേവനം ചെയ്യുന്നു.

അണക്കര ഫൊറോന ഇടവകയിലെ മനോഹരമായ ദൈവാലയവും വൈദിക മന്ദിരവും പാരീഷ് ഹാളും ബഹു. ജോസഫ് തെക്കേവയലിൽ അച്ചന്റെ കഠിനാധ്വാനത്തിന്റെയും നിസ്വാർത്ഥ സേവനത്തിന്റെയും മകുടോദാഹരണങ്ങളാണ്. തന്നെ ഭരമേല്പിച്ചിരിക്കുന്ന ദൈവജനത്തിനുവേണ്ടി തീക്ഷ്ണതയോടെ അത്യദ്ധ്വാനം ചെയ്യുന്ന നല്ല ഇടയനായ ബഹു. വിൽഫിച്ചന് പൗരോഹിത്യ രജത ജൂബിലി മംഗളങ്ങൾ രൂപതാ കുടുംബം ആശംസിക്കുന്നു.



# ആരാധനക്രമാദ്ധ്യാത്മികത

സഭ അടിസ്ഥാനപരമായി ആരാധനാസമൂഹമാണ്. ഈശോ മിശിഹായിൽ വിശ്വസിക്കുന്നവർ പിതാവായ ദൈവത്തിന് ആരാധനയർപ്പിക്കുവാൻ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഒരുമിച്ചു കൂട്ടപ്പെടുന്നതാണ് സഭ. ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് ഇസ്രായേൽ ജനം പുറത്തുകടന്നത് ദൈവത്തിന് ബലിയർപ്പിക്കാനാണ് (പുറ: 3:12, 5:1). പുതിയ ഇസ്രായേലായ സഭ സ്വർഗ്ഗീയ ആരാധനയ്ക്കായി യാത്രചെയ്യുന്ന തീർത്ഥാടകയാണ്. ഭൂമിയിലെ ഈ യാത്രയിൽ സ്വർഗ്ഗീയ ആരാധനയുടെ മുന്നാസ്വാദനമായി സഭയ്ക്കു ലഭിച്ചിരിക്കുന്നതാണ് പരിശുദ്ധകുർബാന. പരിശുദ്ധ കുർബാനയാണ് സഭയെ രൂപീകരിക്കുന്നതുതന്നെ (Eucharist makes the Church). മാമ്മോദീസായും തൈലാഭിഷേകവും സ്വീകരിച്ച് യോഗ്യരാക്കപ്പെട്ടവരാണ് (വിവാഹവസ്ത്രം ധരിച്ചവരാണ്) പരിശുദ്ധ കുർബാനയെന്ന സ്വർഗ്ഗീയവിരുന്നിൽ പങ്കെടുക്കുന്നത്. അതുകൊണ്ടുതന്നെ കത്തോലിക്കാവിശ്വാസികളുടെ ആത്മീയത കൂദാശാകേന്ദ്രീകൃതമാണ് അഥവാ ക്രൈസ്തവാദ്ധ്യാത്മികത ആരാധനക്രമാടിസ്ഥിതമാണ്.

കൂദാശകളിൽനിന്ന് മാറി സഭയിൽ ഒരു ആത്മീയതയില്ല. നമ്മുടെ ആത്മീയത വഴിതെറ്റാതെ നിലനിർത്തുന്നതും അതിന്റെ വളർച്ചയുടെ മാനദണ്ഡവും കൂദാശകളാണ്. ലിറ്റർജി എന്ന വാക്കിന്റെ മൂലാർത്ഥം പൊതുവായ പ്രവൃത്തി (Public work) അഥവാ ജനങ്ങളുടെ നാമത്തിലോ ജനങ്ങൾക്കുവേണ്ടിയോ ഉള്ള ശുശ്രൂഷ എന്നാണ്. ക്രൈസ്തവപാരമ്പര്യത്തിൽ ഇതിന് ദൈവത്തിന്റെ പ്രവൃത്തിയിലുള്ള ദൈവജനത്തിന്റെ പങ്കുചേരൽ എന്നാണർത്ഥം. (CCC - 1069)

### 1. ജീവന്റെ വഴി

വിശുദ്ധ ഗ്രന്ഥമാണ് ആരാധനക്രമത്തിന്റെ അടിസ്ഥാനം. ദൈവവചനത്തോടുള്ള ദൈവജനത്തിന്റെ പ്രതികരണവും, പ്രത്യേകിച്ച് വിശുദ്ധ പിതാക്കന്മാരുടെ പ്രാർത്ഥനാപൂർവമായ പ്രത്യുത്തരവുമാണ് ആരാധനക്രമമായി രൂപംപ്രാപിച്ചത്. ആ ആദ്ധ്യാത്മിക സമ്പത്തിലാണ് നാം എല്ലാവരും ഭാഗഭാക്കാകുന്നത്. ആത്മാവിന് സ്വാഭാവികമായി വളരുവാനുള്ള ലളിതമായ ജൈവലോകമാണ് ലിറ്റർജി ഒരുക്കുന്നത്. മാമ്മോദീസായിൽ ആരംഭിക്കുന്ന നമ്മുടെ ആത്മീയജീവിതം മറ്റു കൂദാശകളിലൂടെ വളർന്ന് നിത്യതയിൽ പൂർണ്ണമാകുന്നതാണ്. മനുഷ്യജീവിതത്തിന് ദൈവം പ്രകൃതിയെ സൃഷ്ടിച്ചതുപോലെതന്നെയാണ് ആത്മാവിന്റെ വളർച്ചയ്ക്ക് കൂദാശകൾ സ്ഥാപിച്ചത്. ആത്മാക്കളുടെ രക്ഷയ്ക്ക് ആവശ്യമായതെല്ലാം കൂദാശകളിലുണ്ട്.

“ആരാധനക്രമം, രക്ഷയിലേയ്ക്ക് മനുഷ്യനെ വിളിക്കുന്ന ദൈവത്തിന്റെ വിളിയും മനുഷ്യൻ അതിനു നൽകുന്ന അനുകൂലമായ പ്രത്യുത്തരവുമാണ്. മനുഷ്യരെ ദൈവത്തിങ്കലേക്കുയർത്താൻ ദൈവം മനുഷ്യനായി ഭൂമിയിലേക്ക് ഇറങ്ങിവന്ന് സാധിച്ച രക്ഷയുടെ രഹസ്യങ്ങൾ കൗദാശികമായി പുനരാവിഷ്കരിക്കുകയും അനുഭവവേദ്യമാക്കുകയും ചെയ്യുന്ന പരിശുദ്ധ കർമ്മമാണ് ആരാധനക്രമം. ഈശോയുടെ രക്ഷാകരശുശ്രൂഷയെപ്രതി ദൈവജനം അവിടുത്തോടും പരിശുദ്ധാത്മാവിനോടുമുള്ള ഐക്യത്തിൽ പിതാവായ ദൈവത്തിന് അർപ്പിക്കുന്ന സ്തുതിയുടെയും കൃതജ്ഞതയുടെയും ബലിയാണിത്. ദൈവം മനുഷ്യരിലേക്ക് താഴ്ന്നിറങ്ങുന്നതും മനുഷ്യൻ ദൈവത്തിങ്കലേക്ക് ഉയർത്തപ്പെടുന്നതുമായ രക്ഷയുടെയും വിശുദ്ധീകരണത്തിന്റെയും മഹത്വീകരണത്തിന്റെയും സംഗമവേദിയാണിത്” (സീറോ മലബാർ സഭയുടെ ആരാധനക്രമവിശ്വാസപരിശീലനം, നമ്പർ 29).

“Lex orandi, lex credendi” (law of prayer, law of belief) എന്ന ആപ്തവാക്യം അർത്ഥമാക്കുന്നത് ലിറ്റർജി വിശ്വാസത്തിന്റെ

പ്രമാണം അഥവാ വിശ്വാസം പ്രകടമാകുന്നത് പ്രാർത്ഥനയിലാണ് എന്നാണ്. ആയതിനാൽ ലിറ്റർജിക്കൽ ആദ്ധ്യാത്മികത നമ്മുടെ ജീവിതശൈലിയും ജീവന്റെ വഴിയുമാണ്.

**2. ഏറ്റവും വലിയ പ്രാർത്ഥന**

നാം എന്താണ് പ്രാർത്ഥിക്കുന്നത്? ദൈവസാന്നിദ്ധ്യസ്മരണയാണ് പ്രാർത്ഥന. ദൈവം നമുക്കു നൽകിയ ദാനങ്ങളെയാണ് നാം നന്ദിയോടെ ഓർമ്മിക്കുന്നത്. അവിടുന്ന് നമുക്ക് നല്കിയ ഏറ്റവും വലിയ ദാനം തന്റെ ഏകജാതൻതന്നെയാണ്. മനുഷ്യനായി അവതരിച്ച ദൈവപുത്രൻ പീഡകൾ സഹിച്ച്, കുരിശിൽ മരിച്ച്, ഉത്ഥിതനായി. ഈ പെസഹാരഹസ്യങ്ങളിലൂടെ പാപികളായ മനുഷ്യന്റെ രക്ഷ സാധ്യമാക്കി, സ്വർഗത്തിൽ നമുക്ക് വാസസ്ഥലമൊരുക്കി. ഇതാണ് നമ്മുടെ വിശ്വാസം. ഇതാണ് നമ്മുടെ പ്രാർത്ഥനയും. ഈ രക്ഷാകര രഹസ്യങ്ങളെ ധ്യാനിക്കുകയും അനുസ്മരിക്കുകയും അനുഷ്ഠിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നതാണ് നമ്മുടെ പ്രാർത്ഥന.

“കർത്താവിൽ നിന്ന് എനിക്ക് ലഭിച്ചതും ഞാൻ നിങ്ങളെ ഭരമേൽപ്പിക്കുന്നതുമായ കാര്യം ഇതാണ്” (1 കൊറി 11:23). “എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇത് ചെയ്യുവിൻ” (ലൂക്കാ 22:19; 1 കൊറി 11:24). ഈ പെസഹാരഹസ്യഅനുസ്മരണയാണ് വിശ്വാസികളുടെ ഏറ്റവും വലിയ പ്രാർത്ഥന.

**3. അനുരൂപരാകുക**

ഈശോമിശിഹായോട് അനുരൂപപ്പെടുക, ഐക്യപ്പെടുക എന്നതാണ് ക്രൈസ്തവ ആദ്ധ്യാത്മികത. ഈശോയെ സ്നേഹിക്കുന്നവൻ അവന്റെ വചനം പാലിക്കുകയും പിതാവ് അവനെ സ്നേഹിക്കുകയും ത്രിതൈ്വകദൈവം അവനിൽ വസിക്കുകയും ചെയ്യും (യോഹ 14:23) എന്ന വചനം വിശ്വാസിയും ദൈവവുമായുള്ള ഗാഢമായ ബന്ധമാണ് വെളിപ്പെടുത്തുന്നത്. ഈ ബന്ധം സവിശേഷമായി ആരംഭിക്കുന്നത് വിശ്വസിച്ച് മാമ്മോദീസാ സ്വീക

രിക്കുന്നതിലൂടെയാണ്. നാമെല്ലാവരും മാമ്മോദീസാ സ്വീകരിച്ചത് ഈശോമിശിഹായോട് ഐക്യപ്പെടാൻവേണ്ടിയാണ് (റോമ 6:3). മാമ്മോദീസായിലൂടെ അവന്റെ മരണത്തോട് നാം ഐക്യപ്പെടുന്നു, അവനോടൊത്ത് സംസ്ക്കരിക്കപ്പെടുന്നു, അവനോടൊത്ത് ഉത്ഥാനം ചെയ്യപ്പെടുന്നു (റോമ 6:3–5). അതായത് മാമ്മോദീസ എന്ന കൂദാശയിലൂടെ നാം പെസഹാരഹസ്യത്തിൽ പങ്കാളികളാവുകയും ദൈവമക്കളായി തീരുകയും അവിടുത്തോട് അനുരൂപപ്പെടുകയും ചെയ്യുന്നു. മറ്റ് കൂദാശകളിലൂടെ ഈ ഐക്യം ഊട്ടിയുറപ്പിക്കപ്പെടുന്നു. ഇതുവഴി വിശ്വാസി ഈശോമിശിഹായുമായി അസ്തിത്വപരമായ ഒരു ബന്ധത്തിലേക്ക് വളരുന്നുവെന്നും സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. ബലഹീനമായ മനുഷ്യപ്രകൃതിയെ നിന്റെ സമൃദ്ധമായ അനുഗ്രഹത്താൽ മഹത്ത്വമണിയിക്കുകയും ചെയ്തുവെന്ന് പരിശുദ്ധകുർബാനയിൽ നാം പ്രാർത്ഥിക്കുന്നു. കൗദാശിക ജീവിതത്തിന്റെ ഫലം നാം ദൈവികതയിൽ പങ്കുകാരാകുന്നുവെന്നതാണ് (CCC - 1129).

ഈശോമിശിഹായിൽ വിശ്വസിച്ച്, കൂദാശകളിലൂടെ അവിടുത്തോട് ഉൾചേർക്കപ്പെട്ട വിശ്വാസികളുടെ ഗണമാണ് ആരാധനാസമൂഹമായ സഭ. "തീർച്ചയായും ശ്ലൈഹികപ്രവർത്തനങ്ങൾ ഉന്നംവയ്ക്കുന്നത് എല്ലാവരും വിശ്വാസവും മാമ്മോദീസായും വഴി ദൈവമക്കളായിത്തീർന്ന്, ഒരു സമൂഹമായി അവന്റെ സഭയുടെ മദ്ധ്യേ ദൈവത്തെ സ്തുതിക്കുന്നതിനും ബലിയിൽ പങ്കെടുക്കുന്നതിനും കർത്താവിന്റെ അത്താഴത്തിൽ നിന്നും ഭക്ഷിക്കുന്നതിനുമാണ്" (രണ്ടാം വത്തിക്കാൻ കൗൺസിൽ, ലിറ്റർജി 10).

**4. സ്വർഗ്ഗീയ ആരാധന**

മനുഷ്യന്റെ പാപംമൂലം വിച്ഛേദിക്കപ്പെട്ട ദൈവ–മനുഷ്യബന്ധം കൂട്ടിയോജിപ്പിക്കപ്പെട്ടത് ദൈവപുത്രന്റെ മനുഷ്യാവതാരത്തിലൂടെയാണ്. മനുഷ്യന്റെ പാപങ്ങൾക്ക് പരിഹാരമായി മിശിഹാ തന്നെതന്നെ ബലിയായർപ്പിച്ചു. ഇതുവഴി ബലഹീനനും പാപിയുമായ മനുഷ്യന് ദൈവാരാധനയിൽ പങ്കുചേരുവാൻ യോഗ്യതയാ

യി. പരിശുദ്ധ കുർബാനയിൽ, മിശിഹായുടെ ഈ പരിഹാരബലി നാം അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നതാണ് പരമമായ ദൈവാരാധന. ആരാധനയിൽ ഭൂവാസികളും സ്വർഗ്ഗവാസികളും പങ്കുകാരാകുന്നുവെന്നതാണ് പരിശുദ്ധ കുർബാനയുടെ മഹത്ത്വം. ഇത് വെളിപ്പെടുത്തുന്നത് ദൈവത്തിന്റെ അനന്തമായ കാരുണ്യവും സ്നേഹവും കരുതലുമാണ്. മാർ തെയദോറിന്റെ കൂദാശാക്രമം, ഒന്നാം പ്രണാമജപത്തിൽ നാം ഇങ്ങനെ പ്രാർത്ഥിക്കുന്നു. “ഞങ്ങൾ അയോഗ്യരാണെങ്കിലും അങ്ങയുടെ കൃപയാൽ പരിശുദ്ധവും സ്തുത്യർഹവുമായ ഈ ദിവ്യരഹസ്യങ്ങളെ അറിയുന്നതിനും സമീപിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും സ്വീകരിക്കുന്നതിനും ഇവയോട് ഏകീഭവിക്കുന്നതിനും അങ്ങയുടെ കൃപയാൽ അങ്ങ് ഞങ്ങളെ യോഗ്യരാക്കി.”

പരിശുദ്ധ കുർബാനയെന്ന സ്വർഗ്ഗീയ ആരാധനയിൽ പങ്കെടുക്കുന്നതിലൂടെ നമ്മുടെ പാപങ്ങൾ ക്ഷമിച്ച് വിശുദ്ധീകരിക്കപ്പെടുന്നു, നമ്മുടെ ബുദ്ധിക്ക് പരിശുദ്ധാത്മാവിന്റെ പ്രകാശം ലഭിക്കുന്നു, ദുഷ്ടാരൂപിയെന്ന ശത്രുവിനെ പരാജയപ്പെടുത്തുന്നു, അതിലുപരി ബലഹീനമായ നമ്മുടെ മനുഷ്യപ്രകൃതിയെ അവിടുന്നു സമൃദ്ധമായ അനുഗ്രഹത്താൽ മഹത്ത്വമണിയിക്കുകയും ചെയ്യുന്നു (മാർ അദ്ദായി – മാർ മാറി കൂദാശക്രമം, മൂന്നാം പ്രണാമജപം).

**5. പരിശുദ്ധാത്മാവിലുള്ള ജീവിതം**

പരിശുദ്ധാത്മാവിലുള്ള ജീവിതമാണ് ആരാധനക്രമാദ്ധ്യാത്മികത. എല്ലാ കൂദാശകളിലൂടെയും നാം സ്വീകരിക്കുന്നത് പരിശുദ്ധാത്മാവിനെയാണ്. ദൈവവചനത്തെ മനസ്സിലാക്കുവാനും ഉൾക്കൊള്ളുവാനും നമ്മെ പ്രാപ്തരാക്കുന്നതും, പെസഹാരഹസ്യങ്ങൾ നമുക്ക് അനുഭവവേദ്യമാക്കുന്നതും പ്രവർത്തനനിരതമാക്കുന്നതും പരിശുദ്ധാത്മാവാണ്. മാമ്മോദീസായും തൈലാഭിഷേകവും പരിശുദ്ധകുർബാനയും നമുക്ക് പരിശുദ്ധാത്മാവിനെ പ്രദാനം ചെയ്യുന്ന കൂദാശകളാണ്. പാപത്തിൽനിന്ന് നമ്മെ വിശുദ്ധീകരിക്കുന്ന അനുരഞ്ജനകൂദാശ സ്വീകരിക്കാൻ നമ്മെ പ്രചോദിപ്പിക്കു

ന്നതും ജീവിതാവസ്ഥയുടെ കൂദാശകളായ വിവാഹം, തിരുപ്പട്ടം എന്നിവയിലൂടെ ഓരോ ജീവിതത്തിനും ആവശ്യമായ വരപ്രസാദം നൽകുന്നതും പരിശുദ്ധാത്മാവുതന്നെ. രോഗാവസ്ഥയിൽ നമ്മെ സൗഖ്യപ്പെടുത്തുന്നതും മരണത്തിൽനിന്ന് നിത്യതയിലേക്ക് നമ്മെ നയിക്കുന്നതും ദൈവത്തിന്റെ ആത്മാവുതന്നെ. അതായത് കൗദാശികജീവിതം പരിശുദ്ധാത്മാവിലുള്ള ജീവിതം തന്നെയാണ്. ഈ അവബോധമാണ് ലിറ്റർജിക്കൽ ആത്മീയതയുടെ അന്തഃസത്ത. പരിശുദ്ധാത്മാവിനെ ലഭിക്കുവാനായി വേറൊരു ഔദ്യോഗിക ശുശ്രൂഷയും തിരുസഭാമാതാവ് നമുക്കു നൽകിയിട്ടുമില്ല. കൂദാശകളുടെ പരികർമ്മംതന്നെ പരിശുദ്ധാത്മപ്രവർത്തനമാണ്.

### 6. ദൈവമക്കളുടെ സന്തോഷവും സ്വാതന്ത്ര്യവും

രക്ഷയുടെ രഹസ്യങ്ങളിൽ പങ്കാളികളാകുന്ന വിശ്വാസികൾ ദൈവമക്കളുടെ സന്തോഷത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കുമാണ് പ്രവേശിക്കുന്നത്. കൂദാശകൾ സ്വീകരിക്കുന്ന നാം പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതിനാൽ ആന്തരികമായ സന്തോഷം നമുക്കു ലഭിക്കുന്നു. അതുകൊണ്ടാണ് വിശുദ്ധ പൗലോസ്ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നത് 'നിങ്ങൾ സന്തോഷിക്കുവിൻ ഞാൻ വീണ്ടും നിങ്ങളോട് പറയുന്നു, നിങ്ങൾ സന്തോഷിക്കുവിൻ'(ഫിലി 4:4). ഇതിന്റെ അർത്ഥം വിശ്വാസികൾക്ക് ജീവിതത്തിൽ പ്രശ്നങ്ങളോ, കുറവുകളോ, രോഗങ്ങളോ, ബാധ്യതകളോ ഉണ്ടാവുകയില്ലെന്നല്ല, മറിച്ച് മാനുഷികമായ ഈ പ്രശ്നങ്ങളെ അതിജീവിക്കുവാനുള്ള ശക്തി പരിശുദ്ധാത്മാവു നൽകും എന്നതാണ്. അതുവഴി നമ്മുടെ ഭാരം കുറഞ്ഞതും നുകം ലഘുവുമായിരിക്കും.

കൂദാശകളിലൂടെ പരിശുദ്ധാത്മാവിനെ സ്വീകരിച്ചവർ ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലാണ് ജീവിക്കേണ്ടത്. ദുഷ്ടാരൂപിയുടെ അടിമത്തത്തിലോ സ്വാധീനത്തിലോ ഭീതിയിലോ അല്ല വിശ്വാസികൾ ജീവിക്കേണ്ടത്. കൂദാശകൾ സ്വീകരിക്കുന്നവരെന്ന നിലയിൽ നമ്മിൽ പരിശുദ്ധാത്മാവിന്റെ കൃപയും ശക്തിയുമാണുള്ള

ത്. വാഗ്ദാനങ്ങളിൽ വിശ്വസ്തനായവൻ നമ്മുടെ ഏത് അവസ്ഥയിലും നമ്മോട് ഒപ്പമുണ്ടെന്ന തിരിച്ചറിവാണ് നമ്മുടെ സന്തോഷവും സ്വാതന്ത്ര്യവും. 'നാം സ്വീകരിച്ചിരിക്കുന്നത് ഭയത്തിന്റെ ആത്മാവിനെയല്ല മറിച്ച് പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെയാണ്' (റോമ 8:15).

**7. ഭക്തകൃത്യങ്ങൾ**

രക്ഷാകരരഹസ്യത്തിലേക്ക് നമ്മെ നയിക്കുന്നതും കൂദാശകൾ സ്വീകരിക്കുവാൻ നമ്മെ സഹായിക്കുന്നതുമായിരിക്കണം ഭക്തകൃത്യങ്ങൾ. ഭക്തകൃത്യങ്ങൾ അതിൽതന്നെ ഫലദായകമല്ല. അങ്ങനെ കരുതിയാൽ അത് നമ്മെ അന്ധവിശ്വാസത്തിലേക്ക് നയിക്കും. പരിശുദ്ധ കന്യകാമറിയത്തോടും വിശുദ്ധരോടും നമ്മൾ പ്രാർത്ഥിക്കുന്നതുവഴി, ഈശോമിശിഹായുടെ രക്ഷാകരരഹസ്യത്തിന്റെ ഫലങ്ങളും അനുഗ്രഹങ്ങളും സ്വീകരിക്കുവാൻ നമ്മൾ യോഗ്യരാക്കപ്പെടുകയും അവരുടെ മാദ്ധ്യസ്ഥ്യം വഴി അത് നമുക്ക് ലഭിക്കുകയും ചെയ്യും. പരിശുദ്ധ കുർബാനയുടെ ആരാധന, രക്ഷാകര രഹസ്യങ്ങളെ ആഴത്തിൽ ധ്യാനിക്കുവാൻ നമ്മെ സഹായിക്കണം.

നാം ചെയ്യുന്ന ത്യാഗത്തിന്റെ കാഠിന്യവും ഭക്താഭ്യാസങ്ങളുടെ എണ്ണവുമാണ് നമ്മുടെ രക്ഷയുടെ അടിസ്ഥാനം എന്ന ചിന്തയല്ല, മറിച്ച് ഈശോമിശിഹായുടെ സഹനത്തിലുള്ള സ്നേഹപൂർവ്വമായ പങ്കുചേരലാണ് നമ്മുടെ ഭക്തകൃത്യങ്ങളും പ്രായശ്ചിത്തപ്രവർത്തനങ്ങളും എന്ന ആത്മീയ മനോഭാവമാണ് രക്ഷാകരമാകുന്നത്. കാരണം നമ്മുടെ രക്ഷ നമ്മുടെ അദ്ധ്വാനഫലമല്ല, അത് ദൈവത്തിന്റെ ദാനമാണ് (എഫേ 2:8-9).

**8. ജീവിതസാക്ഷ്യം**

ലിറ്റർജിക്കൽ ആത്മീയത പൂർണ്ണമാകുന്നത് നമ്മുടെ ജീവിതസാക്ഷ്യത്തിലൂടെയാണ്. ത്രിതൈ്വകദൈവത്തിന് മനുഷ്യനോടുള്ള സ്നേഹം മൂലമാണ് പിതാവ് തന്റെ ഏകജാതനെ ലോക

ത്തിന് നൽകിയതും പുത്രൻ കുരിശിൽ യാഗമായി തന്നെതന്നെ അർപ്പിച്ചുകൊണ്ട് വിലകൊടുത്ത് നമ്മെ വീണ്ടെടുത്തതും പരിശുദ്ധാത്മാവ് നമ്മെ പവിത്രീകരിച്ച് നയിക്കുന്നതും. ഇതാണ് ആരാധനക്രമത്തിൽ പ്രഘോഷിക്കുന്നതും അനുസ്മരിക്കുന്നതും ആഘോഷിക്കുന്നതും. ഇതിൽ പങ്കുകാരാകുന്ന ദൈവജനം തന്റെ സഹോദരങ്ങളെ സ്നേഹിക്കുവാനും അവരോട് കരുണ കാണിക്കുവാനും ക്ഷമിക്കുവാനും അവർക്ക് ശുശ്രൂഷചെയ്യുവാനും കടപ്പെട്ടവരാണ്. ദൈവസ്നേഹം പൂർണ്ണമാകുന്നത് മനുഷ്യസ്നേഹത്തിലാണ്.

നമ്മൾ അനുഭവിക്കുന്ന ദൈവസ്നേഹം നമ്മുടെ വാക്കുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും മറ്റുള്ളവരെ അറിയിക്കുവാനുള്ള ദൗത്യം എല്ലാ വിശ്വാസികൾക്കുമുണ്ട്. സുവിശേഷപ്രഘോഷണം ഫലപ്രദമായി നടക്കുമ്പോഴാണ് ക്രൈസ്തവ ആദ്ധ്യാത്മികത പൂർണ്ണമാകുന്നത്.

വിശുദ്ധ ഗ്രന്ഥത്തിൽ അടിസ്ഥാനമായതും ആരാധനക്രമത്തിലൂടെ വികസിച്ചതുമായ ആശീർവാദപ്രാർത്ഥന നമ്മുടെ വിശ്വാസത്തിന്റെ പ്രഘോഷണവും നമ്മുടെ ആദ്ധ്യാത്മികത വെളിപ്പെടുത്തുന്നതും ഏവർക്കും സന്തോഷവും പ്രത്യാശയും നൽകുന്നതുമാണ്. “നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും, ആമ്മേൻ.

**ഫാ. കുര്യൻ താമരശ്ശേരി**



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

**ഒക്ടോബർ**

| | |
|---|---|
| റവ. ഫാ. ജോഷി വാണിയപ്പുരയ്ക്കൽ | 14,000/- |

**നവംബർ**

| | |
|---|---|
| റവ. ഫാ. എബ്രാഹം കൊച്ചുവീട്ടിൽ | 50,000/- |
| റവ. ഫാ. ജോഷി വാണിയപ്പുരയ്ക്കൽ | 14,000/- |
| റവ. ഫാ. തോമസ് മുണ്ടിയാനി | 20,000/- |
| റവ. ഫാ. ഇമ്മാനുവേൽ മങ്കന്താനം | 15,000/- |


**ഫാ. ജോസ് മാത്യു പറപ്പള്ളിൽ**
**(പ്രസിഡന്റ്)**

---

## സ്നേഹസ്മരണയ്ക്ക്




ഫാ.തോമസ് ഏർത്തയിൽ
(07-12-1992)



ഫാ.ജേക്കബ് ഏർത്തയിൽ
(12-12-1986)



ഫാ.തോമസ് മണ്ണംപ്ലാക്കൽ
(18-12-1981)



റവ.ഡോ. ഏ.സി. ഈപ്പൻ
(28-12-1976)

# അജപാലനോത്തേജന വിഭാഗം

**കാഞ്ഞിരപ്പള്ളി രൂപത കുടുംബനവീകരണ ധ്യാനം**

റവ. ഡോ. ജോസഫ് കടുപ്പിൽ (പ്രൊഫസർ, പൗരസ്ത്യ വിദ്യാപീഠം, വടവാതൂർ) നയിക്കുന്ന കാഞ്ഞിരപ്പള്ളി രൂപത കുടുംബ നവീകരണ ധ്യാനം ഡിസംബർ 5 ഞായറാഴ്ച ആരംഭിച്ച് ഡിസംബർ 8 ബുധനാഴ്ച്ച വരെ നടത്തപ്പെടുന്നു. കാഞ്ഞിരപ്പള്ളി സെന്റ്. ഡൊമിനിക്സ് കത്തീദ്രലിൽ വൈകുന്നേരം 6 മണിക്കുള്ള റംശ നമസ്കാരത്തോടെ ആരംഭിക്കുന്ന ധ്യാനം 8 മണിക്ക് സമാപിക്കും. കോവിഡിന്റെ പശ്ചാത്തലത്തിൽ നേരിട്ട് പങ്കെടുക്കുന്നതിന് പരിമിതിയുള്ളതിനാൽ യൂട്യൂബ്, ടി.വി. ചാനലുകളിൽ തത്സമയം സംപ്രേക്ഷണം ചെയ്യുന്നതാണ്.

**ജീവൻ ദശാംശ പദ്ധതി**

കോവിഡിന്റെ പശ്ചാത്തലത്തിൽ ജീവൻ ദശാംശശേഖരണം – 2020 വൈകിയതിനാൽ ഈ വർഷത്തെ ദശാംശശേഖരണം ഉയിർപ്പു തിരുനാളിനോടനുബന്ധിച്ച് ക്രമീകരിക്കുന്നതാണ്.

**ആരാധനവത്സര കലണ്ടർ**

ആരാധനക്രമാധിഷ്ഠിതമായ വിശ്വാസജീവിതത്തിൽ ആഴപ്പെടുന്നതിന് സഹായകമായ ആരാധനവത്സര കലണ്ടർ തയ്യാറായിക്കൊണ്ടിരിക്കുന്നു. 40 രൂപയാണ് ഒരു കോപ്പിയുടെ വില.

**വൈദിക തുടർപരിശീലനം**

വൈദിക തുടർപരിശീലനം ഓൺലൈനിൽ നവംബർ 17, 18, 19 തീയതികളിൽ വൈകുന്നേരം 6.30 മുതൽ 8.00 മണിവരെ നടത്തപ്പെട്ടു. ആദ്യദിനത്തിൽ ഡോ. ഷിന്റോ കെ. തോമസ് (ഫിസിഷ്യൻ,

എം.എം.റ്റി. ഹോസ്പിറ്റൽ, മുണ്ടക്കയം) ജീവിതശൈലിയും ആരോഗ്യവും എന്ന വിഷയത്തെക്കുറിച്ചും രണ്ടാം ദിനത്തിൽ റവ. ഡോ. പോളി മണിയാട്ട് (പ്രൊഫസർ, പൗരസ്ത്യ വിദ്യാപീഠം, വടവാതൂർ) നവീകരിച്ച കുർബാനക്രമത്തെക്കുറിച്ചും മൂന്നാം ദിനത്തിൽ പ്രൊഫ. ഡോ. കെ.പി. മാണി (സാമ്പത്തികശാസ്ത്രവകുപ്പ് മുൻ മേധാവി, കാലിക്കറ്റ് യൂണിവേഴ്സിറ്റി), റവ. ഫാ. സാജൻ മാറോക്കി (ഡയറക്ടർ, ഡേറ്റാ സെന്റർ, പറോക്ക് ഇൻസ്റ്റിറ്റ്യൂട്ട്, തൃശൂർ) എന്നിവർ കേരള ക്രൈസ്തവരുടെ സാമൂഹിക സാമ്പത്തികാവസ്ഥയും വെല്ലുവിളികളും എന്ന വിഷയത്തെ അധികരിച്ചും ക്ലാസുകൾ നയിച്ചു. റവ. ഫാ. ആന്റണി പുത്തൻപുരയ്ക്കൽ, റവ ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ, വെരി റവ. ഫാ. ബോബി മണ്ണംപ്ലാക്കൽ എന്നിവർ ക്ലാസുകൾക്ക് ശേഷം നടന്ന ചർച്ചകൾക്ക് യഥാക്രമം മോഡറേറ്ററുമാരായിരുന്നു. ആദ്യദിനത്തിൽ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ആമുഖ സന്ദേശം നൽകുകയും റവ. ഫാ. ആന്റണി തെക്കേക്കുറ്റ് നന്ദിയർപ്പിക്കുകയും ചെയ്തു.

രണ്ടാം ദിനത്തിൽ ഏറ്റവും ബഹുമാനപ്പെട്ട വെള്ളമറ്റം ജോസഫച്ചൻ സ്വാഗതം ആശംസിക്കുകയും അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് കാഞ്ഞിരപ്പള്ളി രൂപതയിൽ തുടരുന്ന ആരാധനക്രമാധിഷ്ഠിത വിശ്വാസജീവിതശൈലി കുറവുകൂടാതെ തുടരുന്നതിന് ശ്രദ്ധിക്കേണ്ടതിനെക്കുറിച്ച് സമാപനസന്ദേശത്തിൽ ഉദ്ബോധിപ്പിക്കുകയും ചെയ്തു. റവ. ഫാ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ നന്ദിയർപ്പിച്ചു. മൂന്നാം ദിനത്തിൽ ഏറ്റവും ബഹുമാനപ്പെട്ട മണ്ണംപ്ലാക്കൽ ബോബി അലക്സച്ചൻ സ്വാഗതം ആശംസിക്കുകയും റവ. ഫാ. തോമസ് തെക്കേമുറി നന്ദിയർപ്പിക്കുകയും ചെയ്തു.

### സന്യാസിനികൾക്കുള്ള പരിശീലനം

കാഞ്ഞിരപ്പള്ളി രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന സന്യാസിനികൾക്കായുള്ള പരിശീലനം നവംബർ 13, 20 തീയതികളിൽ വൈകുന്നേരം 6 മണി മുതൽ 7.30 വരെ ഓൺലൈനിൽ നടത്തപ്പെട്ടു. ആദ്യദിനത്തിൽ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ആമുഖസ

ന്ദേശം നല്കി. കേരള ക്രൈസ്തവരുടെ സാമൂഹിക സാമ്പത്തികാവസ്ഥയും വെല്ലുവിളികളും എന്ന വിഷയത്തെ അധികരിച്ച് തൃശൂർ പറോക്ക് ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫ. ഡോ. കെ.പി. മാണി, റവ. ഫാ. സാജൻ മാറോക്കി എന്നിവർ ക്ലാസ് നയിച്ചു. റവ. സി. ആൻസ് മാത്യു എസ്.എ.ബി.എസ്. നന്ദിയർപ്പിച്ചു. രണ്ടാം ദിനത്തിൽ ഏറ്റവും ബഹുമാനപ്പെട്ട വെള്ളമറ്റം ജോസഫ് അച്ചൻ സ്വാഗതം ആശംസിക്കുകയും നവീകരിച്ച കുർബാനക്രമത്തെക്കുറിച്ച് റവ. ഡോ. പോളി മണിയാട്ട് ക്ലാസ് നയിക്കുകയും ചെയ്തു. തുടർന്ന് നടന്ന ചർച്ചകൾക്ക് റവ. സി. അൻസ തുണ്ടിയിൽ എസ്.എച്ച്. മോഡറേറ്ററായിരുന്നു. റവ. സി. ജെസ്മി സി.എം.സി. നന്ദിയർപ്പിച്ചു.

വൈദികരുടെയും സന്യാസിനികളുടെയും തുടർപരിശീലനത്തിന് സൂം പ്ലാറ്റ്ഫോം ക്രമീകരിച്ചു നല്കിയ കുട്ടിക്കാനം മരിയൻ കോളജിലെ ബഹുമാനപ്പെട്ട വൈദികരെ നന്ദിയോടെ സ്മരിക്കുന്നു.

**ജെ.ബി. കോശി കമ്മീഷൻ**

കോട്ടയത്തു നടന്ന ജെ.ബി. കോശി കമ്മീഷൻ സിറ്റിംഗിൽ പങ്കെടുത്ത് കമ്മീഷൻ മുമ്പാകെ വ്യക്തതയോടെ വിവരങ്ങൾ അവതരിപ്പിച്ച റവ. ഫാ. തോമസ് കാഞ്ഞിരക്കാട്ട്, അഡ്വ. സി. ലിസിയ എസ്.എ.ബി.എസ്., ശ്രീ. വിൻസെന്റ് ആന്റണി, ഡോ. ബിനോ പെരുന്തോട്ടം, ശ്രീ. ജോജി വാളിപ്ലാക്കൽ, ശ്രീ. ജിൻസ് നല്ലേപറമ്പിൽ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു.

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**
**ഡയറക്ടർ**

# വിശ്വാസജീവിത പരിശീലനം

**ലിറ്റർജിക്കൽ കാറ്റക്കേസിസ്**

നവീകരിച്ച വിശുദ്ധ കുർബാനക്രമം നിലവിൽ വന്നതിനോടനുബന്ധിച്ച് "വിശുദ്ധ കുർബാന ഒരു പഠനം" എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ക്ലാസുകൾ ഇടവകകൾതോറും നടത്തിവരുന്നു. ബഹു. സമർപ്പിതർക്കും സൺഡേസ്കൂൾ അദ്ധ്യാപകർക്കുമായാണ് ആദ്യസെഷൻ ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്. രൂപതയിലെ എല്ലാ വിശ്വാസജീവിതപരിശീലകരും പ്രസ്തുത ക്ലാസുകളിൽ പങ്കെടുക്കുവാനും, ബഹു. വികാരിയച്ചന്മാരുടെ നിർദ്ദേശമനുസരിച്ച് ആവശ്യമായ വേദികളിൽ അവ വിശദീകരിച്ചു നല്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

**കാവൽവിളക്ക് : സീസൺ 6**

സൺഡേസ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി നടത്തപ്പെടുന്ന കാവൽവിളക്ക് - ഓൺലൈൻ വെബിനാർ ഡിസംബർ 12-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30 മുതൽ 5 മണി വരെ നടത്തപ്പെടുന്നു. In search for the lost എന്ന വിഷയത്തെ ആസ്പദമാക്കി നഷ്ടപ്പെട്ടുപോയതിനെ അന്വേഷിച്ചു കണ്ടെത്തുന്ന നല്ലിടയന്റെ വചനഭാഗമാണ് മുഖ്യപ്രമേയമായി സ്വീകരിച്ചിരിക്കുന്നത്. കോവിഡ് മഹാമാരിയുടെ വ്യാകുലതകളിൽ നിന്ന് ഇനിയും മോചിതരാകാത്ത കുട്ടികളെയും കുടുംബങ്ങളെയും പ്രത്യേകമായി പരിഗണിക്കപ്പെടേണ്ട മേഖലകളെയും കണ്ടെത്തുവാനും ആശ്വാസം പകരുവാനുമാണ് കാവൽവിളക്കിലൂടെ ലക്ഷ്യമിടുന്നത്. രൂപതാ വികാരി ജനറാൾ പെരിയ ബഹു. ബോബി അലക്സ് മണ്ണംപ്ലാക്കലച്ചൻ അധ്യക്ഷത വഹിക്കുന്ന സമ്മേളനം സീറോ മലബാർ മതബോധന കമ്മീഷൻ സെക്രട്ടറി റവ. ഡോ. തോമസ് മേൽവെട്ടം ഉദ്ഘാടനം ചെയ്യും. കട്ടപ്പന ഫൊറോനാ വികാരി റവ. ഡോ. വിൽഫിച്ചൻ തെക്കേവയ

ലിൽ ക്ലാസ് നയിക്കും. സൺഡേസ്കൂളിൽ പഠിക്കുന്ന മുഴുവൻ കുട്ടികളുടെയും മാതാപിതാക്കന്മാർ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

### വാർഷികപ്പരീക്ഷ, ഉത്ഥാനോത്സവം

10, 11, 12 ക്ലാസുകളിലെ കുട്ടികളുടെ വാർഷികപ്പരീക്ഷ 2022 ഫെബ്രുവരി 6-ാം തീയതി ഞായറാഴ്ച 11.00 മുതൽ 1.00 pm വരെയാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത്.

1 മുതൽ 9 വരെ ക്ലാസുകളിലെ കുട്ടികൾക്ക് ഏപ്രിൽ 3-ാം തീയതി ഞായറാഴ്ച പരീക്ഷയും ഏപ്രിൽ 4 മുതൽ 8 വരെ തീയതികളിൽ ഉത്ഥാനോത്സവവും നടത്തപ്പെടുന്നു. കോവിഡ് മാനദണ്ഡങ്ങളനുസരിച്ചുള്ള മറ്റു നിർദ്ദേശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

### ആനിമേറ്റേഴ്സ് മീറ്റിംഗ്

സൺഡേസ്കൂൾ രൂപതാ ആനിമേറ്റേഴ്സിന്റെയും ഫൊറോനാ സെക്രട്ടറിമാരുടെയും സംയുക്ത സമ്മേളനം ഡിസംബർ 19-ാം തീയതി ഞായറാഴ്ച കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു. അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ വികാരി ജനറാൾ പെരിയ ബഹു. ബോബി അലക്സ് മണ്ണംപ്ലാക്കലച്ചനും ഡയറക്ടറച്ചനും പങ്കെടുക്കും. ഇളങ്ങുളം ഇടവകവികാരിയും മുൻ ഡയറക്ടറുമായ ബഹു. സെബാസ്റ്റ്യൻ കൊല്ലംകുന്നേലച്ചൻ മുഖ്യസന്ദേശം നല്കും.

### കുര്യാക്കോസ് മേപ്പലക്കാട്ട് മെമ്മോറിയൽ മതാധ്യാപകക്വിസ്

വിശ്വാസജീവിത പരിശീലകർക്കായുള്ള ഓൺലൈൻ ക്വിസ്മത്സരം ഡിസംബർ 18-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണി മുതൽ നടത്തപ്പെടുന്നതാണ്. ഓരോ ഇടവകയിൽനിന്നും രണ്ടു പേരടങ്ങുന്ന ഒരു ടീമിന് പങ്കെടുക്കാം.

ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് 3000, 2500, 2000 രൂപാ ക്യാഷ് അവാർഡും എവർറോളിംഗ് ട്രോഫിയും നാലും അഞ്ചും സ്ഥാനക്കാർക്ക് 1500, 1000 രൂപാ ക്യാഷ് അവാർഡും പുസ്തകങ്ങളും സമ്മാനമായി ലഭിക്കുന്നതാണ്.

വിഷയം: വി. ലൂക്കായുടെ സുവിശേഷം 1 – 9 അദ്ധ്യായങ്ങൾ, അപ്പസ്തോലപ്രവർത്തനങ്ങൾ 1 – 9 അദ്ധ്യായങ്ങൾ, You Cat ഭാഗം 3 (പേജ് 201 – 217), വിശ്വാസവഴിയിലെ സംശയങ്ങൾ ഭാഗം 1–4 (പേജ് 1–119), രണ്ടാം വത്തിക്കാൻ കൗൺസിൽ : സഭയുടെ പ്രേഷിതപ്രവർത്തനത്തെ സംബന്ധിച്ച ഡിക്രി: പ്രാദേശികസഭകൾ (പേജ് 422 – 431), പൊതുവിജ്ഞാനം (സഭാപരം), കുർബാന പുസ്തകം.

**കൈയ്യെഴുത്തുമാസിക**

സൺഡേസ്കൂൾ കുട്ടികളുടെ കലാഭിരുചികളെ പ്രോത്സാഹിപ്പിക്കുവാനായി നടത്തപ്പെടുന്ന കൈയ്യെഴുത്തുമാസിക മത്സരത്തിൽ സാധിക്കുന്ന എല്ലാ ഇടവകകളിൽ നിന്നും അവ തയ്യാറാക്കുവാൻ കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ. A, B, C വിഭാഗങ്ങളിലുള്ള സൺഡേസ്കൂളുകൾക്കുള്ള നിർദ്ദേശങ്ങൾ ഡയറക്ടറിയിൽ നോക്കി മനസ്സിലാക്കുമല്ലോ. വിഷയം: വിശ്വാസത്തിന്റെ വെളിച്ചം.

**മതാധ്യാപകസംഗമം : കുമളി ഫൊറോനാ**

കുമളി ഫൊറോനായിലെ മതാധ്യാപക സെമിനാർ നവംബർ 7–ാം തീയതി ഞായറാഴ്ച അട്ടപ്പള്ളം സെന്റ് തോമസ് പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ നടത്തപ്പെട്ട സമ്മേളനത്തിൽ ഫൊറോനായിലെ മുഴുവൻ വിശ്വാസജീവിത പരിശീലകരും പങ്കെടുത്തു. ഫൊറോനാഡയറക്ടർ പെരിയ ബഹു. തോമസ് പൂവത്താനിക്കുന്നേലച്ചൻ നവീകരിച്ച കുർബാനക്രമത്തെക്കുറിച്ച് ക്ലാസ് നയിച്ചു. ഫൊറോനയിലെ എല്ലാ ഇടവകകളുടെയും പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. രൂപതാ ഡയറക്ടറച്ചൻ ഈ വർഷത്തെ പ്രവർത്തനങ്ങളെപ്പറ്റി നിർദ്ദേശങ്ങൾ നൽകി. ഫൊറോനാ സമിതിയംഗങ്ങൾ ചടങ്ങിന് നേതൃത്വം നൽകി.

**മതാധ്യാപകരുടെ ലേഖനമത്സരം**

സാധിക്കുന്ന എല്ലാ വിശ്വാസജീവിതപരിശീലകരും ലേഖനമത്സരത്തിൽ പങ്കുചേരേണ്ടതാണ്. വിശ്വാസം കൊണ്ടു പണിയുന്ന ഉറപ്പുള്ള വീടുകൾ എന്നതാണ് വിഷയം. 20 പേജിൽ കവിയാതെയുള്ള ലേഖനങ്ങൾ കൃത്യമായ മാനദണ്ഡങ്ങൾ അനുസരിച്ച് തയ്യാറാക്കു

കയും അടിക്കുറിപ്പുകൾ, ഗ്രന്ഥസൂചിക തുടങ്ങിയവ ഉൾപ്പെടുത്തു കയും ചെയ്യേണ്ടതാണ്. സമർപ്പിക്കേണ്ട അവസാന തീയതി 2022 ഫെബ്രുവരി 28

**ഫൊറോനാ സമിതി രൂപീകരണം : വെളിച്ചിയാനി**

വെളിച്ചിയാനി ഫൊറോനായിൽ പുതിയ ഫൊറോനാ സമിതി രൂപം കൊണ്ടു. നവംബർ 21-ാം തീയതി നടത്തപ്പെട്ട സമ്മേളനത്തിൽ ഫൊറോനായിലെ 10 ഇടവകകളിൽ നിന്നുമുള്ള അധ്യാപകപ്രതിനി ധികളും മിഷൻലീഗ് ഓർഗനൈസേഴ്സും പങ്കെടുത്തു. ഫൊറോനാ ഡയറക്ടർ, മിഷൻലീഗ് ഫൊറോനാ ഡയറക്ടർ, ഫൊറോനാ സെക്ര ട്ടറി, മിഷൻലീഗ് ഫൊറോനാ ആനിമേറ്റർ, 4 രൂപതാ ആനിമേറ്റേഴ്സ്, ഹെഡ്മാസ്റ്റർമാരുടെ പ്രതിനിധി ശ്രീ. ബോബി. കെ. മാണി പൊടി മറ്റം, അധ്യാപക പ്രതിനിധി ശ്രീമതി ഷൈനി ഷാജി വെച്ചൂർ, മാങ്ങാ പ്പാറ എന്നിവരാണ് പുതിയ ഫൊറോനാസമിതിയംഗങ്ങൾ.

**ഓൺലൈൻ രജിസ്ട്രേഷൻ**

2021-22 പ്രവർത്തനവർഷത്തെ വാർഷികപ്പരീക്ഷയെഴുതാ നുള്ള സെന്റ് തോമസ് വിഭാഗത്തിലെ കുട്ടികളുടെ ഓൺലൈൻ രജി സ്ട്രേഷൻ ഡിസംബർ 31-നു മുമ്പായി പൂർത്തിയാക്കേണ്ടതാണ്. പത്താംക്ലാസിലെ കുട്ടികളുടെ പ്രൊഫൈൽ എന്റർ ചെയ്യുവാനും 11, 12 ക്ലാസുകളിലെ കുട്ടികളുടെ പ്രൊഫൈലിലുള്ള തെറ്റുകൾ തിരു ത്തുവാനും ഡിസംബർ 31 വരെയാണ് അവസരമുള്ളത്.

**Std XI : പ്രോജക്ട്**

പതിനൊന്നാം ക്ലാസിലെ കുട്ടികൾ പ്രോജക്ട് തയ്യാറാക്കു മ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളടങ്ങിയ നോട്ടീസ് ശ്രദ്ധിക്കുമല്ലോ. സാധ്യമെങ്കിൽ ശുശ്രൂഷാഭവനങ്ങളിൽ പോയി ഉള്ളിൽ പ്രവേശി ക്കാതെ ഇൻചാർജ് ആയുള്ളവരോട് സംസാരിച്ച് കാര്യങ്ങൾ മനസ്സി ലാക്കി അതിന്റെ വെളിച്ചത്തിൽ പ്രോജക്ട് തയ്യാറാക്കാവുന്നതാണ്. അത് സാധ്യമല്ലെങ്കിൽ നേരത്തേ അയച്ചുതന്ന Honey Drops for Teens Episode 19 - ന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് തയ്യാറാക്കാവുന്നതാ ണ്. ഇതേപ്പറ്റി കുട്ടികൾക്ക് നിർദ്ദേശം നൽകുമല്ലോ.

**സപ്രാ, ഖുത്തആ**

പുതിയ കുർബാന പുസ്തകത്തിൽ ഇല്ലാത്തതിനാൽ സപ്രാ - പ്രഭാതനമസ്കാര പുസ്തകങ്ങളും ഖുത്തആ - 9 മണി ജപവും പ്രത്യേകമായി തയ്യാറാക്കിയിട്ടുണ്ട്. രണ്ടു ചെറു നമസ്കാരപുസ്തകങ്ങൾക്കും കൂടി 30 രൂപയാണ് വില. പുസ്തകങ്ങൾ ഡിസംബർ ആദ്യവാരം മുതൽ സുവാറ ഓഫീസിൽ ലഭ്യമാണ്.

**സുവാറ ബുള്ളറ്റിൻ**

സൺഡേസ്കൂൾ സംബന്ധമായ അറിയിപ്പുകളും വാർത്തകളും ചേർത്ത് നാം തയ്യാറാക്കുന്ന സുവാറ കാറ്റക്കെറ്റിക്കൽ ബുള്ളറ്റിൻ എല്ലാ വിശ്വാസജീവിതപരിശീലകരും കൈപ്പറ്റുവാനും വായിക്കുവാനും പ്രത്യേകം ഓർമ്മിപ്പിക്കുമല്ലോ.

**സീസൺസ് ക്വിസ് - 3**

ഏലിയാ സ്ലീവാ മൂശക്കാലങ്ങളെ അടിസ്ഥാനമാക്കി നടത്തപ്പെട്ട സീസൺസ് ക്വിസ് - 3 ൽ വിവിധ ഇടവകകളിൽ നിന്നുള്ള 66 കുട്ടികൾ മുഴുവൻ മാർക്ക് നേടി. മുഴുവൻ മാർക്ക് നേടിയ കുട്ടികളുടെ ഇടവകകളും എണ്ണവും ചുവടെ ചേർക്കുന്നു.

| | | | | | |
|---|---|---|---|---|---|
| വണ്ടംപതാൽ | – | 8 | ചെന്നാകുന്ന് | – | 1 |
| ഇടക്കുന്നം | – | 1 | ആനക്കല്ല് | – | 1 |
| എലിക്കുളം | – | 1 | കണമല | – | 2 |
| കരുണാപുരം | – | 2 | ഗ്രേസ് മൗണ്ട് | – | 1 |
| കുമളി | – | 16 | അമലഗിരി | – | 1 |
| നരിയംപാറ | – | 1 | രാജഗിരി | – | 3 |
| ചെങ്കൽ | – | 2 | റാന്നി | – | 2 |
| വലിയതോവാള | – | 6 | പൊടിമറ്റം | – | 3 |
| പുളിങ്കട്ട | – | 4 | മേരികുളം | – | 6 |
| ചെങ്കളം | – | 1 | കുന്നുംഭാഗം | – | 1 |
| | | | അണക്കര | – | 3 |

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

**മാർ മാത്യു വട്ടക്കുഴി മെമ്മോറിയൽ മിഷൻക്വിസ്**

രൂപതാ ചെറുപുഷ്പമിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ സൺഡേസ്കൂൾ കുട്ടികൾക്കായി നവംബർ 13-ാം തീയതി മിഷൻ ക്വിസ് നടത്തപ്പെട്ടു. 87 ഇടവകകളിൽ നിന്നുള്ള ടീമുകൾ പങ്കെടുത്തതിൽ 32 ടീമുകൾ രണ്ടാം റൗണ്ടിലേയ്ക്കുള്ള യോഗ്യത നേടി.

ക്വിസ് മത്സര വിജയികൾ

| | | |
|---|---|---|
| I | പൊടിമറ്റം | : 3000 രൂപയും എവർറോളിംഗ് ട്രോഫിയും |
| II | നെറ്റിത്തൊഴു | : 2500 രൂപയും എവർറോളിംഗ് ട്രോഫിയും |
| III | ചക്കുപള്ളം | : 2000 രൂപയും എവർറോളിംഗ് ട്രോഫിയും |
| IV | പൊൻകുന്നം | : 1500 രൂപയും പുസ്തകങ്ങളും |
| V | പെരുവന്താനം | : 1000 രൂപയും പുസ്തകങ്ങളും |

വിജയികൾക്ക് അഭിനന്ദനങ്ങൾ. ടീമുകളെ ഒരുക്കിയ പ്രിയ വിശ്വാസജീവിതപരിശീലകർക്കും പങ്കെടുത്ത കുട്ടികൾക്കും സമ്മാനത്തുക സ്പോൺസർ ചെയ്യുന്ന വട്ടക്കുഴി കുടുംബാംഗങ്ങൾക്കും ആത്മാർത്ഥമായ നന്ദിയും പ്രാർത്ഥനകളും.

**നിലയ്ക്കൽ തീർത്ഥാടനം**

ജനുവരി 26-ാം തീയതി ബുധനാഴ്ച നിലയ്ക്കൽ തീർത്ഥാടനം നടത്തപ്പെടുന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിക്കേണ്ടതിനാൽ രൂപതാ ഫൊറോനാ എക്സിക്യൂട്ടീവ് അംഗങ്ങൾ മാത്രമാണ്

ഈ വർഷം നിലയ്ക്കൽ തീർത്ഥാടനത്തിൽ പങ്കെടുക്കേണ്ടത്. രാവിലെ 9.30 ന് നിലയ്ക്കൽ തുലാപ്പള്ളി ജൂബിലി കപ്പേളയിൽനിന്ന് ആരംഭിക്കുന്ന തീർത്ഥാടനം 10 മണിക്ക് ഇടവക ദൈവാലയത്തിലെത്തിച്ചേരുമ്പോൾ രൂപതയിലെ നവവൈദികരുടെ കാർമ്മികത്വത്തിൽ വി. കുർബാന. തുടർന്ന് തിരുശേഷിപ്പു ചുംബനം, നേർച്ചഭക്ഷണം. നിലയ്ക്കൽ എക്യുമെനിക്കൽ ദൈവാലയം സന്ദർശിച്ച് സമാപന പ്രാർത്ഥനയോടെ തീർത്ഥാടനം സമാപിക്കുന്നതാണ്. പുതുതായി പണികഴിപ്പിച്ച സീതത്തോട് സെന്റ് ജോർജ് ദൈവാലയം സന്ദർശിക്കാനും അവസരം ഉണ്ടായിരിക്കും.

**വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ**

മിഷൻലീഗിന്റെ ഉപമധ്യസ്ഥനായ വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ ദിനമായ ഡിസംബർ 3-ാം തീയതി സാധിക്കുന്ന എക്സിക്യൂട്ടീവ് അംഗങ്ങളെല്ലാവരും ദൈവാലയത്തിലെത്തി വി. കുർബാനയിൽ പങ്കെടുക്കുവാനും പതാക ഉയർത്തൽ, മാനുവൽ ബുക്ക് പൂരിപ്പിക്കൽ, ലഘുസമ്മേളനം എന്നിവയിൽ പങ്കെടുക്കുവാനും ശ്രദ്ധിക്കുമല്ലോ.

**ഉണ്ണീശോയെത്തേടി**

കൊച്ചുകുട്ടികളവതരിപ്പിക്കുന്ന ക്രിസ്മസ് സന്ദേശങ്ങൾ ഏവരുടേയും ശ്രദ്ധയാകർഷിക്കുന്നവയാണ്. 30 സെക്കന്റിൽ താഴെയുള്ള ലഘുവീഡിയോ സന്ദേശങ്ങൾ അയച്ചുതരാൻ താല്പര്യമുള്ളവർ റീജന്റ് ബ്രദറിനെ (ബ്രദർ ജസ്റ്റിൻ 9496717475) അറിയിക്കേണ്ടതാണ്.

**ഫാ. തോമസ് നരിപ്പാറയിൽ**
**അസി. ഡയറക്ടർ**

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**



# ബൈബിൾ അപ്പോസ്തലേറ്റ്

**ബൈബിൾ പാരായണമാസത്തോടനുബന്ധിച്ച് ക്വിസ് മത്സരം**

വിഷയം : വി. ലൂക്കായുടെ സുവിശേഷവും അപ്പസ്തോലപ്രവർത്തനങ്ങളും

ഡിസംബർ മാസം ബൈബിൾ പാരായണമാസമായി നാം ആചരിക്കുകയാണല്ലോ. ബൈബിൾ പാരായണവും പഠനവും പ്രോത്സാഹിപ്പിക്കുന്നതിനായി രൂപതയിലെ പത്തുവയസിനു മുകളിലുള്ള ഏവർക്കും പങ്കെടുക്കാവുന്ന രീതിയിൽ ഓൺലൈൻ ബൈബിൾ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ആയിരത്തിലധികം പേർ ഇതിനോടകം രജിസ്റ്റർ ചെയ്തുകഴിഞ്ഞു. മലയാളത്തിലുള്ള പി.ഒ.സി. ബൈബിളിനെ അടിസ്ഥാനമാക്കിയാണ് ചോദ്യങ്ങൾ ക്രമീകരിക്കുക. ആകെ അറുപതു ചോദ്യങ്ങൾ ഉണ്ടാകും. എല്ലാ ചോദ്യങ്ങളുടെയും കൂടെ ബ്രായ്ക്കറ്റിൽ മൂന്ന് ഉത്തരങ്ങളും കൊടുത്തിരിക്കും. ഡിസംബർ 30-ന് വൈകുന്നേരം 6 മണി മുതൽ 6.30 വരെയാണ് ക്വിസ് മത്സരം നടത്തുക. അഞ്ചുമിനിറ്റുകൾക്കു മുമ്പ് ചോദ്യപേപ്പർ ഓൺലൈൻ വഴി രജിസ്റ്റർ ചെയ്തപ്പോൾ നല്കിയിട്ടുള്ള വാട്ട്സ് ആപ്പ് നമ്പരിലേക്കും ഈമെയിൽ അഡ്രസിലേക്കും അയച്ചുതരുന്നതാണ്.

സാങ്കേതികതകരാറുമൂലമോ, മറ്റു കാരണങ്ങളാലോ നിങ്ങൾക്ക് സമയബന്ധിതമായി മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കാതെവന്നാൽ അങ്ങനെയുള്ളവർക്കായി വീണ്ടും മത്സരം ഉണ്ടായിരിക്കുകയില്ല. ഡിസംബർ 30-ന് 6.30 നകം പൂരിപ്പിച്ചയച്ച ചോദ്യാവലികൾ മാത്രമേ സമ്മാനാർഹമായി പരിഗണിക്കുകയുള്ളൂ. വ്യക്തിപരമായിട്ടാണ് ചോദ്യാവലി പൂരിപ്പിച്ചയയ്ക്കേണ്ടത്.

ആകർഷകമായ സമ്മാനങ്ങൾ

ഒന്നാം സമ്മാനം : മൂവായിരം രൂപ

രണ്ടാം സമ്മാനം : രണ്ടായിരം രൂപ

മൂന്നാം സമ്മാനം : ആയിരം രൂപ

എല്ലാവർക്കും വിജയാശംസകൾ നേരുന്നു.

**വി. ലൂക്കായുടെ സുവിശേഷം**

നവംബർ മാസത്തിലെ എല്ലാ ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും വി. ലൂക്കായുടെ സുവിശേഷത്തെക്കുറിച്ചുള്ള ഓൺലൈൻ പഠനപരമ്പര നടന്നു. ഡിസംബർ മാസത്തിലെ പാഠഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഡിസം. 4 ശനി | : 9:51–19:46 | ജറൂസലേമിലേക്കുള്ള യാത്ര - ഒന്നാം ഭാഗം |
| ഡിസം. 5 ഞായർ | : 9:51–19:46 | ജറൂസലേമിലേക്കുള്ള യാത്ര - രണ്ടാം ഭാഗം |
| ഡിസം. 11 ശനി | : 9:51–19:46 | ജറൂസലേമിലേക്കുള്ള യാത്ര - മൂന്നാം ഭാഗം |
| ഡിസം. 12 ഞായർ | : 9:51–19:46 | ജറൂസലേമിലേക്കുള്ള യാത്ര - നാലാം ഭാഗം |
| ഡിസം. 18 ശനി | : 19:47–21;38 | ജറൂസലേമിലെ ശുശ്രൂഷ |
| ഡിസം. 19 ഞായർ | : 22: 1–24:53 | പീഡാനുഭവവും മഹത്വീകരണവും |

**രൂപതാ ബൈബിൾ സമിതി**

നവംബർ 16 -നു കാഞ്ഞിരപ്പള്ളിയിൽ വച്ചു അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ നടന്ന ഫൊറോനാ വികാരിമാരുടെ യോഗത്തിൽ രൂപത ബൈബിൾ അപ്പോസ്റ്റോലേറ്റിനെക്കുറിച്ചു ചുവടെചേർക്കുന്ന തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

1. ഓരോ ഇടവകയിൽനിന്നും രൂപതയിലെ ബൈബിൾ അപ്പോസ്റ്റോലേറ്റിന്റെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി ഒരു ഓർഗനൈസറെ നിയമിക്കേണ്ടതാണ്. സമർപ്പിതർ, അദ്ധ്യാപകർ, മുതിർന്ന പുരുഷൻ/ സ്ത്രീ എന്നിവരിൽനിന്നും ആരെങ്കിലും ഒരാളെ നിർദേശിക്കുകയും നിയമിക്കുകയും ചെയ്യേണ്ടത് അതാത് ഇടവക വികാരിമാരാണ്.

2. ഓരോ ഫൊറോനയിൽനിന്നും ഫൊറോന വികാരിയോ അദ്ദേഹം നിർദ്ദേശിക്കുന്ന ഒരു വൈദികനോ ആയിരിക്കും ഫൊറോനാ ഡയറക്ടർ. ഫൊറോനാ ഡയറക്ടറെ സഹായിക്കുന്നതിനായി ഒരു കോർഡിനേറ്ററെയും (20 വയസ്സിനു മുകളിൽ പ്രായമുള്ള സമർപ്പിത, സ്ത്രീ, പുരുഷൻ) ഫൊറോനാ ബൈബിൾ

സമിതിയിലേക്ക് നിർദ്ദേശിക്കാവുന്നതാണ്. ഇടവകയിൽ നിന്നുള്ള ഓർഗനൈസർമാരും ഫൊറോനായിൽ നിന്നുള്ള കോർഡിനേറ്ററും, ഡയറക്ടറും ഉൾപ്പെടുന്നതായിരിക്കും ഫൊറോന ബൈബിൾ സമിതി.

3. രൂപതാധ്യക്ഷൻ നിർദ്ദേശിക്കുന്നവരും ഫൊറോനാ ബൈബിൾ സമിതിയിൽ നിന്നുള്ള പ്രതിനിധികളും ചേരുന്നതാണ് രൂപതാ ബൈബിൾ സമിതി.

4. ഓരോ ഫൊറോന സമിതിയും വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള അർത്ഥവത്തായ ഒരു പേര് സ്വീകരിക്കുന്നത് ഉചിതമാണ്. ചില ഉദാഹരണങ്ങൾ: പെനുവേൽ, ബെഥേൽ, അഗാപ്പേ, മെറ്റാനൊയ, ഏൽ റോയ്, ആൽഫ, ഹെസെദ്, ബേത്‌ലഹേം, ദവാർ യാഹ്‌വെ. തങ്ങളുടെ ഫൊറോനാ സമിതിയുടെ പേരുകൂടി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കുമല്ലോ.

5. രൂപതയിലെ ബൈബിൾ അപ്പോസ്റ്റോലെറ്റിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും സംഘടിപ്പിക്കുവാനും തിരഞ്ഞെടുക്കപ്പെടുന്നവർക്കു ഉത്തരവാദിത്വം ഉണ്ട്.

ഡിസംബർ 31- നു മുമ്പായി ബൈബിൾ സമിതികളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന എല്ലാവരുടെയും പേര്, അഡ്രസ്സ്, ഇ-മെയിൽ, ഫോൺ നമ്പർ എന്നിവ രൂപതാ കേന്ദ്രത്തിലേക്ക് ബഹു. ഫൊറോനാ വികാരിമാരുടെ നേതൃത്വത്തിൽ bibleapostolatekply@gmail.com എന്ന ഇമെയിൽ അഡ്രസിലേയ്ക്കു അയച്ചുതരേണ്ടതാണ്. ബഹു. ഫൊറോനാ വികാരിമാർ ഇക്കാര്യങ്ങൾ തങ്ങളുടെ Forane Conference -ൽ അറിയിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**അഭിനന്ദനങ്ങൾ**

കെസിബിസി അഖിലകേരള അടിസ്ഥാനത്തിൽ നടത്തിയ സാഹിത്യരചനാ മത്സരങ്ങളിൽ ശ്രീമതി ആൻസമ്മ ജോസ് ഉറുമ്പേനിരപ്പേൽ അല്മായർക്കായുള്ള ലേഖന മത്സരത്തിൽ രണ്ടാം സ്ഥാനത്തിന് അർഹയായി. പുത്തൻകൊരട്ടി ഇടവകാംഗമായ ആൻസമ്മ ടീച്ചറിന് രൂപതാ ബൈബിൾ അപ്പോസ്റ്റോലേറ്റ് കുടുംബത്തിന്റെ അഭിനന്ദനങ്ങൾ!

**ഫാ. തോമസ് നിരപ്പേൽ**
**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്.എം.വൈ.എം.)

**2021 ഡിസംബർ**

1- 24 - ദിവ്യകാരുണ്യസംഗമം - ഇടവകകളിൽ

5 - ഗ്രേസ് ഫെസ്റ്റ് - പെരുവന്താനം, പൂമറ്റം

11 - ഗ്രേസ് ഫെസ്റ്റ് - പൊടിമറ്റം

12 - ഗ്രേസ് ഫെസ്റ്റ് - മടുക്ക, എൽറോയ് - ഇടക്കുന്നം

19 - ഇടവക ഇലക്ഷൻ സമാപനം

26 - ഫൊറോന സെനറ്റ്, ഇലക്ഷൻ

**റെയിൻബോ 2021**

പ്രളയ പുനരധിവാസത്തിനായി രൂപത തയ്യാറാക്കിയ റെയിൻബോ 2021 പദ്ധതിയുടെ ആദ്യഘട്ടമായ ഗൃഹോപകരണങ്ങളുടെ വിതരണത്തിന് എസ്.എം.വൈ.എം. പ്രവർത്തകർ നേതൃത്വം നൽകി. ഒക്ടോബർ 31 ഞായറാഴ്ച്ച രൂപതയിലെ പ്രളയ ബാധിത മേഖലകളിലെ നൂറ്റിയമ്പതോളം കുടുംബങ്ങൾക്ക് ഗൃഹോപകരണ കിറ്റുകൾ വിതരണം ചെയ്തു. യുവജനങ്ങൾ, സന്യസ്തർ, വിവിധ ഇടവകാംഗങ്ങൾ, ഭക്തസംഘടനകൾ തുടങ്ങിയവരുടെ സഹകരണത്തിലാണ് ഗൃഹോപകരണങ്ങൾ ശേഖരിച്ചത്.

**എൽറോയ് 2021**

കോവിഡ് സാഹചര്യത്തിൽ ഇടവകയിൽനിന്നും അകന്നുപോയ യുവജനങ്ങളെ തിരികെ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച എൽറോയ് 2021 വിജയകരമായി തുടരുന്നു. നവംബർ 21-ന് പൊൻകുന്നം ഫൊറോനായിലെ പുല്ലാനിതകിടി ഇടവകയിലും,

നവംബർ 28 – ന് പൊൻകുന്നം ഫൊറോന പള്ളിയിലും എൽറോയ് നടത്തപ്പെട്ടു. ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ, ബ്രദർ അജോ തുണ്ടത്തിൽ, പൊൻകുന്നം ഫൊറോന പ്രസിഡന്റ് ഷോൺ ഇടയ്ക്കാട്ട് എന്നിവർ നേതൃത്വം നൽകി.

### ഗ്രേസ് ഫെസ്റ്റ്

യുവജനങ്ങൾക്ക് വേണ്ടിയുള്ള ഏകദിനധ്യാനം, ഗ്രേസ് ഫെസ്റ്റ് നവംബർ 7–ന് എരുമേലി ഫൊറോനായിലെ കണമലയിൽ നടത്തപ്പെട്ടു. 60 യുവജനങ്ങൾ പങ്കെടുത്തു.

### ഇടവക തിരഞ്ഞെടുപ്പ്

2022 വർഷത്തേക്കുള്ള SMYM ഇടവക സമിതി തിരഞ്ഞെടുപ്പുകൾ ഡിസംബർ 19–ന് മുൻപായി എല്ലാ ഇടവകകളിലും പൂർത്തിയാക്കി എക്സിക്യൂട്ടീവ് അംഗങ്ങളുടെ പേരുകൾ രൂപതാ ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കണം.

### ഫോറോനാസമിതി തിരഞ്ഞെടുപ്പ്

2021 ഡിസംബർ 26, 2022 ജനുവരി 2 എന്നീ ദിവസങ്ങളിൽ ഫൊറോന സെനറ്റും, 2022 ഫൊറോനാ സമിതിയിലേക്കുള്ള തിരഞ്ഞെടുപ്പും നടത്തണം. ഈ രണ്ടു തിയതികളിൽ ഉചിതമായത് തെരഞ്ഞെടുക്കുകയും മുൻകൂട്ടി ഇടവക പ്രതിനിധികളെ അറിയിക്കുകയും ചെയ്യണം. ഫൊറോന ഇലക്ഷനിലും സെനറ്റിലും പങ്കെടുക്കുവാൻ എല്ലാ യൂണിറ്റ് ഭാരവാഹികളെയും പറഞ്ഞയയ്ക്കുമല്ലോ.

### രൂപതാസമിതി തിരഞ്ഞെടുപ്പ്

2022 ജനുവരി 8, 9 തിയതികളിൽ രൂപതാവാർഷിക സെനറ്റ് സമ്മേളനവും 2022 ഭരണസമിതിയുടെ തിരഞ്ഞെടുപ്പും നടക്കും. തിരഞ്ഞെടുക്കപ്പെട്ട ഫൊറോനാ സമിതി അംഗങ്ങൾ എല്ലാവരും സെനറ്റിൽ നിർബന്ധമായും പങ്കെടുക്കണം.

### ബെസ്റ്റ് ഫൊറോന–ഇടവക അവാർഡുകൾ

ബെസ്റ്റ് ഫൊറോന, ബെസ്റ്റ് ഇടവകകൾ എന്നിവ തെരഞ്ഞെടുക്കുന്നതിനായി ഫൊറോനകളുടെയും ഇടവകകളു

ടെയും വിശദമായ റിപ്പോർട്ട് 2022 ജനുവരി 3-ന് മുമ്പായി രൂപത ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**ഉത്സവ് 2021**

ഈ വർഷത്തെ ഉത്സവ് കലാമത്സരങ്ങൾ നവംബർ 14 ഞായറാഴ്ച്ച ഓൺലൈൻ ആയി നടത്തപ്പെട്ടു. മത്സരത്തിൽ കട്ടപ്പന ഫൊറോനാ ഓവറോൾ ചാമ്പ്യന്മാരായി. റാന്നി-പത്തനംതിട്ട, കാഞ്ഞിരപ്പള്ളി എന്നീ ഫൊറോനാകൾ യഥാക്രമം രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി.

**വിജയികൾ**

**രചനാ മത്സരങ്ങൾ**

**കാർട്ടൂൺ**

1st സോമി ഡോമിനിക് പാലമുറിയിൽ, താമരക്കുന്ന്, കാഞ്ഞിരപ്പള്ളി

2nd ജസ്വിൻ ജോർജ് വെള്ളാവള്ളിൽ, കോരുത്തോട്, മുണ്ടക്കയം

3rd ഡിൻസ് ജോർജ് ചിറ്റപ്പനാട്ട് കാഞ്ചിയാർ, കട്ടപ്പന

3rd മെൽവിൻ രൂപേഷ് മുള്ളോത്തുകുഴിയിൽ, കാഞ്ചിയാർ, കട്ടപ്പന

**നോട്ടീസ്**

1st തെരേസ് തോമസ് അടിച്ചിലാമ്മാക്കൽ എരുമേലി, എരുമേലി

2nd റോസ്മരിയ ജോസ് കണ്ണംകുളം, മടുക്ക, മുണ്ടക്കയം

3rd ഡോണമോൾ ജോയിച്ചൻ ആറുചേരിൽ മേരികുളം, കട്ടപ്പന

**മുദ്രാവാക്യം**

1st ജിൻസി കെ ഇളവൂർക്കോണം, സീതത്തോട്, റാന്നി-പത്തനംതിട്ട

2nd ഫേബാ തെരേസ് സെബാസ്റ്റ്യൻ പുളിക്കതുണ്ടിയിൽ, പൊൻകുന്നം

3rd മെറീന മാത്യു കുമ്പുകാട്ട് മുണ്ടിയെരുമ, മുണ്ടിയെരുമ

**പത്രവാർത്ത**

1st ഡേവിസ് മാത്യു എഴുത്തുപുരയ്ക്കൽ, കട്ടപ്പന

2nd അല്ലി ജെയിംസ് കൊച്ചുപുരയ്ക്കൽ, ചേമ്പളം, മുണ്ടിയെരുമ

3rd അഞ്ചു ഫ്രാൻസിസ് അഞ്ചനാട്ട്, കാഞ്ഞിരപ്പള്ളി കാഞ്ഞിരപ്പള്ളി

**കഥാ രചന**

1st ആൽഫിൻ ടോം, വെട്ടിക്കൊമ്പിൽ, ആനക്കല്ല്, കാഞ്ഞിരപ്പള്ളി

2nd ഗ്രീതു എലിസബത്ത് തോമസ് മുപ്രപ്പള്ളിൽ, തേർഡ് ക്യാമ്പ് മുണ്ടിയെരുമ

3rd നിഖിത ജോജോ എറത്തേൽ, പൊടിമറ്റം, വെളിച്ചിയാനി

3rd ട്രീസ ജോസഫ് കുമ്പുക്കൽ, കുരുമ്പൻമൂഴി, എരുമേലി

**ഉപന്യാസം**

1st ദർശൻ ജോർജ് ചക്കാലയിൽ, മേരികുളം, കട്ടപ്പന

2nd കാതീറിൻ ഷാജി ചെറിയാൻ, വാളാർഡി, കുമളി

3rd അന്നാ സജി കണിത്തോട്ടം, പൊടിമറ്റം, വെളിച്ചിയാനി

**ചിത്ര രചന**

1st ജെയ്സൺ സോണി തകിടിയേൽ, വണ്ടൻമേട്, അണക്കര

2nd ജോസിൻ ചാക്കോ പുല്ലികയിൽ, കണമല, എരുമേലി

2nd അമല തോമസ് ചിറയിൽ, ആലംപള്ളി, ഉപ്പുതറ

3rd അഞ്ചു തോമസ് പറപ്പള്ളിൽ നസ്രാണിപുരം, കുമളി

**കവിതാരചന**

1st എലിസബത്ത് ആന്റണി മുക്കാട്ട്, മേലോരം, പെരുവന്താനം

2nd ജിൻസി കെ എളവൂർകോണം സീതത്തോട്, റാന്നി -പത്തനംതിട്ട

3rd അൽഫിൻ ടോം വെട്ടിക്കൊമ്പിൽ, ആനക്കല്ല്, കാഞ്ഞിരപ്പള്ളി

**വ്യക്തിഗതം**

**മോണോ ആക്ട്**

1st കൃപ മരിയ ഡോമിനിക് മേച്ചേരിത്തകിടിയേൽ, കാഞ്ഞിരപ്പള്ളി

2nd നീനു മരിയ പുത്തൻപുരയ്ക്കൽ, അട്ടപ്പളം, കുമിളി

3rd ക്രിസ്റ്റി സാൻജോ മടുക്കക്കുഴി, മുണ്ടക്കയം, മുണ്ടക്കയം

**മിമിക്രി**

1st സാംപ്രസ് സിബി പാറാന്തോട്ട്,കട്ടപ്പന, കട്ടപ്പന

2nd അജൂസ് ജോർജ് റെജി ചെന്നാത്ത്,കട്ടപ്പന, കട്ടപ്പന

3rd അമൽ ഡോമിനിക് ഇല്ലിക്കമുറിയിൽ, കാഞ്ഞിരപ്പള്ളി

**പ്രസംഗം മലയാളം (Boys)**

1st ജോപ്പു ഫിലിപ്പ് വെല്ലൂർ, കണ്ണിമല, എരുമേലി

2nd അരുൺ മനയ്ക്കൽ കണയങ്കവയൽ, പെരുവന്താനം

3rd ഡിനു മാർട്ടിൻ കൊച്ചുപുരയ്ക്കൽ, അമലഗിരി, പെരുവന്താനം

**പ്രസംഗം മലയാളം (Girls)**

1st റിഞ്ചു രാജൻ മണ്ണാലേൽ, ആനിക്കാട്, പൊൻകുന്നം

2nd അന്ന എലിസബത്ത് ജേക്കബ് കള്ളികാട്ടുപുതുപ്പറമ്പിൽ, പേഴുംപാറ, റാന്നി -പത്തനംതിട്ട

3rd അലോക ബെന്നി തുരുത്തിപ്പള്ളിൽ, മുറിഞ്ഞപുഴ, പെരുവന്താനം

**പ്രസംഗം ഇംഗ്ലീഷ് (Boys)**

1st ജോപ്പു ഫിലിപ്പ് വെല്ലൂർ, കണ്ണിമല, എരുമേലി

2nd ഷോൺ ഷാജി കണ്ണംകുഴിയിൽ, മുണ്ടിയെരുമ, മുണ്ടിയെരുമ

3rd റിഷിൽ ഷാജൻ താഴത്തുപറമ്പിൽ, കൽത്തൊട്ടി, കട്ടപ്പന

**പ്രസംഗം ഇംഗ്ലീഷ് (Girls)**

1st നോയ യോഹന്നാൻ കൈപ്പകശേരിൽ, കൊച്ചുതോവോള, കട്ടപ്പന

2nd റിയ സജി നിരവേൽ, മുക്കൂട്ടുതറ, എരുമേലി

3rd അലോക ബെന്നി തുരുത്തിപ്പള്ളിൽ, മുറിഞ്ഞപുഴ, പെരുവന്താനം

3rd മരിയ ജോജി നിരപ്പേൽ, ചെങ്ങളം,പൊൻകുന്നം

**ലളിതഗാനം (Boys)**

1st പ്രിൻസ് ജോസഫ് കൊല്ലംപറമ്പിൽ, അട്ടപ്പള്ളം, കുമളി

2nd ജെസ്വിൻ സന്തോഷ് ചരലയിൽ, കട്ടപ്പന, കട്ടപ്പന

3rd ഡെന്നിസ് മുക്കുങ്കൽ, വെളിച്ചിയാനി, വെളിച്ചിയാനി

**ലളിതഗാനം (Girls)**

1st കാതറിൻ ലിജു വെട്ടിക്കൊമ്പിൽ, ആനക്കല്ല്, കാഞ്ഞിരപ്പള്ളി

2nd അൽഫി ജോസഫ് പുളിഞ്ചിമൂട്ടിൽ വലിയതോവാള, കട്ടപ്പന

3rd അനുപമ സിബി കോട്ടയ്ക്കുപുറത്ത്, പാലൂർക്കാവ്, മുണ്ടക്കയം

**ഫോട്ടോഗ്രഫി**

1st അഖിൽ മാത്യു നമ്പ്യാമഠത്തിൽ, മുക്കൂട്ടുതറ, എരുമേലി

2nd എബിൻ അലക്സ് പൗവത്ത് പെരുവന്താനം, പെരുവന്താനം

3rd ജിബിൻ ഫ്രാൻസിസ് കവലമാക്കൽ, വെച്ചൂച്ചിറ, എരുമേലി

**സംഘഗാനം**

1st അട്ടപ്പള്ളം, കുമളി

2nd കാഞ്ഞിരപ്പള്ളി , കാഞ്ഞിരപ്പള്ളി

3rd മേരികുളം, കട്ടപ്പന

**SMYM ആന്തം**

1st ഇളങ്ങുളം, പൊൻകുന്നം

2nd കണ്ണംപള്ളി, റാന്നി -പത്തനംതിട്ട

3rd വെളിച്ചിയാനി വെളിച്ചിയാനി

**ഡിബേറ്റ്**

1st പ്ലാച്ചേരി , റാന്നി-പത്തനംതിട്ട

2nd മുണ്ടക്കയം, മുണ്ടക്കയം

3rd മേരികുളം, കട്ടപ്പന

**ഷോർട്ട് ഫിലിം**

1st പേഴുംപാറ, റാന്നി-പത്തനംതിട്ട

2nd വലിയതോവോള, കട്ടപ്പന

3rd വണ്ടൻപതാൽ, മുണ്ടക്കയം

**മൂഖാഭിനയം**

1st കണ്ണംപള്ളി, റാന്നി-പത്തനംതിട്ട

2nd വണ്ടൻപതാൽ, മുണ്ടക്കയം

3rd പൊടിമറ്റം , വെളിച്ചിയാനി

**മാർഗംകളി**

1st മുണ്ടക്കയം, മുണ്ടക്കയം

2nd കാഞ്ഞിരപ്പള്ളി കാഞ്ഞിരപ്പള്ളി

3rd അണക്കര അണക്കര

**പരിചമുട്ട്**

1st വലിയതോവാള കട്ടപ്പന

2nd കാഞ്ഞിരപ്പള്ളി കാഞ്ഞിരപ്പള്ളി

3rd ഇളങ്ങുളം & ചെങ്ങളം, പൊൻകുന്നം

**ഓവറോൾ പോയിന്റ്**

| | | |
|---|---|---|
| കട്ടപ്പന | – | 121 |
| റാന്നിപത്തനംതിട്ട | – | 77 |
| കാഞ്ഞിരപ്പള്ളി | – | 76 |
| എരുമേലി | – | 66 |
| മുണ്ടക്കയം | – | 61 |
| പെരുവന്താനം | – | 42 |
| കുമളി | – | 41 |
| പൊൻകുന്നം | – | 41 |
| വെളിച്ചിയാനി | – | 32 |
| മുണ്ടിയെരുമ | – | 24 |
| അണക്കര | – | 13 |
| ഉപ്പുതറ | – | 8 |

## ദിവ്യകാരുണ്യ സംഗമം

തിരുപ്പിറവിക്കൊരുക്കമായുള്ള ഇരുപത്തഞ്ചു നോമ്പിന്റെ ദിനങ്ങളിൽ രൂപതയിലെ എല്ലാ ഇടവകകളിലും യുവജനങ്ങളുടെയും അവരുടെ മാതാപിതാക്കളുടെയും ഒരു സംഗമം നടത്തുന്നു. SMYM ഫൊറോന ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ ആയിരിക്കും സംഗമങ്ങൾ നടത്തപ്പെടുക. നോമ്പുദിനങ്ങളിൽ ഏതെങ്കിലും അനുയോജ്യമായ ദിവസം വൈകുന്നേരം 5 മണി മുതൽ 7 മണിവരെയാണ് സംഗമം നടത്തേണ്ടത്. അതല്ലെങ്കിൽ ഇടവകയ്ക്ക് അനുയോജ്യമായ സമയം ഫൊറോന ഡയറക്ടർ അച്ചന്റെ ലഭ്യത അനുസരിച്ച് ക്രമീകരിക്കാവുന്നതാണ്. പരിശുദ്ധ കുർബാനയും ഒരുമണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സും ആണ് സംഗമത്തിന്റ ആകർഷണം.

യുവജനങ്ങളെ സഭാ കേന്ദ്രീകൃതമായി വളർത്തുക. അങ്ങനെ സമൂഹത്തിനും കുടുംബത്തിനും യുവജനങ്ങൾ അനുഗ്രഹമായി മാറുക എന്നതായിരിക്കും ക്ലാസ്സിന്റെ പ്രധാന ഉള്ളടക്കം. കോവിഡ് സാഹചര്യത്തിൽ യുവജനങ്ങൾക്ക് നഷ്ടപ്പെട്ട കൗദാശിക ജീവിതം പുനരുദ്ധരിക്കാൻ മാതാപിതാക്കളുടെ സഹായത്തോടെ മുൻപോട്ട് പോകുക എന്നതാണ് നമ്മുടെ പ്രധാന ലക്ഷ്യം. കുറച്ചു മാസങ്ങൾക്ക് മുമ്പ് രൂപതയിലെ രണ്ടിടവകകളിൽ ഫാമീലിയ എന്ന പേരിൽ മാതാപിതാക്കളുടെ സംഗമവും അതേതുടർന്ന് യുവജന സംഗമവും നടത്തിയിരുന്നു. അതിന്റെ വിജയത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ടാണ് തിരുപ്പിറവിക്ക് ഒരുങ്ങുവാൻ ഏറ്റവും അനുയോജ്യമായ ഈ പ്രവർത്തനം കാഞ്ഞിരപ്പള്ളി രൂപത SMYM തയ്യാറാക്കുന്നത്. എല്ലാ ഇടവകകളിലും ഈ പ്രോഗ്രാം നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

തിരുക്കുടുംബത്തിന്റെ തിരുനാളായ ഡിസംബർ ഇരുപത്തി യാറാം തീയതി ഞായറാഴ്ച കുടുംബ ദിനമായി ആചരിക്കുന്നു.

ക്രിസ്മസിന് ഒരുങ്ങാനായി ഡിസംബർ മാസത്തിലെ 25 ദിവസങ്ങളിൽ, സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന 25 ക്രിസ്മസ് കഥകളുടെ വീഡിയോകൾ C30 യുമായി ചേർന്ന് പുറത്തിറക്കുന്നു.

**അവിവാഹിതരുടെ കണക്കെടുപ്പ്**

പ്രായം കടന്നിട്ടും അവിവാഹിതരായി തുടരുന്ന നമ്മുടെ രൂപതയിലെ ആളുകളെ സംബന്ധിച്ചുള്ള വിവരശേഖരണം തുടരുന്നു. ഇനിയും ഫോം പൂരിപ്പിച്ച് നൽകാൻ ഉള്ള ഇടവകകളിൽ നിന്ന് കഴിവതും നേരത്തെ അത് തന്ന് സഹകരിക്കുമല്ലോ. 35 - 45 വയസ്സ് പ്രായപരിധിയിൽ അവിവാഹിതരായി തുടരുന്ന ആരും ഇടവകയിൽ ഇല്ലെങ്കിൽ ആ വിവരം അറിയിച്ചാൽ നന്നായിരുന്നു.

**വിശ്വാസകുടുംബം : പദപ്രശ്നം**

വിശ്വാസത്തിന്റെ ഉറവിടങ്ങളായ വിശുദ്ധ ഗ്രന്ഥവും വിശുദ്ധ പാരമ്പര്യവും ലളിതമായി പഠിക്കുന്നതിനായി കാഞ്ഞിരപ്പള്ളി രൂപത ഫാമിലി അപ്പോസ്തോലേറ്റ് ഒരുക്കുന്ന വിശ്വാസകുടുംബം പരിപാടിയുടെ ഭാഗമായി പദപ്രശ്ന മത്സരം തുടരുന്നു.

- വിശ്വാസകുടുംബം : പദപ്രശ്നം - 1 - സമ്മാനാർഹമായത്: അനീന തെരേസ് ആന്റണി, ഓലിക്കൽ, ആനിക്കാട്.
- പദപ്രശ്നം - 2 സമ്മാനാർഹമായത്: സാലി ചെറിയാൻ, വാറ്റുകാട്ടിൽ, താമരക്കുന്ന്.

- പദപ്രശ്നം - 3 സമ്മാനാർഹമായത്: അനീറ്റ മനു, പുന്നയ്ക്കൽ, മുണ്ടക്കയം.
- പദപ്രശ്നം - 4 സമ്മാനാർഹമായത്: ജിജി ജോസ് പാറയ്ക്കൽ, വണ്ടൻപതാൽ.

മത്സരത്തിൽ വിജയികളായ എല്ലാവർക്കും അഭിനന്ദനങ്ങൾ. ഇതുവരെയുള്ള പദപ്രശ്നങ്ങളിൽ പങ്കെടുക്കാൻ സാധിക്കാതെ പോയവർക്കും തുടർന്നുവരുന്ന പദപ്രശ്നങ്ങളിൽ പങ്കെടുക്കാൻ സാധിക്കുന്നതാണ്. തുടർന്നുവരുന്ന പദപ്രശ്നങ്ങളിൽ കാഞ്ഞിരപ്പള്ളി രൂപത ലിറ്റർജി ഡിപ്പാർട്ട്മെന്റ് പ്രസിദ്ധീകരിച്ച "സീറോ മലബാർ സഭയുടെ നവീകരിച്ച കുർബാനക്രമം ഒരു പഠനം" എന്ന കുർബാന പഠന സഹായി, രൂപതാ പാസ്റ്ററൽ ആനിമേഷൻ ഡിപ്പാർട്ട്മെന്റ് പുറത്തിറക്കുന്ന ലിറ്റർജിക്കൽ കലണ്ടർ 2022, ലോഗോസ് ക്വിസ് 2022 പഠന ഭാഗങ്ങൾ, സീറോ മലബാർ സഭയുടെ കുർബാനക്രമം (നവീകരിച്ചത്) എന്നിവ ഉൾപ്പെടുത്തുന്നതാണ്.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# പിതൃവേദി

**മാർ യൗസേപ്പിതാവിന്റെ വർഷം സമാപനം**

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ച മാർ യൗസേപ്പിതാവിന്റെ വർഷം 2021 ഡിസംബർ 8-ന് സമാപിക്കുന്നു. ഉചിതമായ രീതിയിൽ ഈ ദിനം ആചരിക്കുവാൻ പരിശ്രമിക്കുമല്ലോ.

**പിതൃവേദി ഭാരവാഹികളുടെ സമ്മേളനം**

മാർ യൗസേപ്പിന്റെ വർഷം സമാപനത്തിന്റെ ഭാഗമായി പിതൃവേദിയുടെ രൂപത, ഇടവക ഭാരവാഹികളുടെ സമ്മേളനം ഡിസംബർ 11 ശനിയാഴ്ച 10 മണിക്ക് പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. പെരിയ ബഹു. ബോബി മണ്ണംപ്ലാക്കൽ അച്ചന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗം അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ഉദ്ഘാടനം ചെയ്യും. പിതൃവേദിയുടെ പ്രവർത്തനങ്ങൾക്കായി ഇടവകകളിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ യോഗത്തിൽ അവതരിപ്പിക്കുന്നതാണ്.

**ആബാ വിശേഷം**

പിതാക്കന്മാർക്കുവേണ്ടിയുള്ള ഓൺലൈൻ പത്രം 'ആബാ വിശേഷം' എന്ന പേരിൽ തയ്യാറാക്കുന്നു പിതൃവേദി ഭാരവാഹികളുടെ രൂപതാ സമ്മേളനത്തിൽ വച്ച് ഇതിന്റെ പ്രകാശനം നടത്തുന്നതാണ്.

**പിതൃവേദി രൂപീകരണം**

ഇടവകകളിൽ പിതൃവേദിയുടെ യൂണിറ്റ് രൂപീകരണം നടന്നുവരുന്നു. ഭാരവാഹികളുടെ പേരു വിവരങ്ങൾ എത്തിച്ചു നൽകിയവർക്ക് നന്ദി. ഇനിയും യൂണിറ്റ് രൂപീകരിക്കാനുള്ള ഇടവകകൾ എത്രയും വേഗം ഭാരവാഹികളെ നിശ്ചയിച്ച് വിവരം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# മാതൃവേദി

കലോത്സവത്തിന്റെ ഇടവക, ഫൊറോനാതല മത്സരങ്ങൾ പൂർത്തിയായി. വിജയികൾക്ക് അഭിനന്ദനങ്ങൾ. രൂപതാ കലോത്സവത്തിന്റെ രജിസ്ട്രേഷൻ നടപടികൾ അവസാനിച്ചു. മത്സരങ്ങൾ ഡിസംബർ മാസത്തിൽ ഓൺലൈനായി നടക്കുന്നതാണ്.

**മാതൃവേദി രൂപതാ കലോത്സവം 2021 – സമയക്രമം**

**ഡിസംബർ**

| | | |
|---|---|---|
| 4 ശനി | – | കഥാരചന മത്സരം |
| 9.55 a.m. | – | വിഷയം നൽകുന്നു. |
| 12.00 p.m. | – | മത്സരസമയം അവസാനിക്കുന്നു. |
| 12.30 p.m. | – | കഥ എഴുതിയത് രൂപതാ ഓഫീസിൽ ലഭിക്കേണ്ട സമയം അവസാനിക്കുന്നു. |
| 5 ഞായർ | – | പ്രസംഗം (വി. ജിയന്ന വിഭാഗം jr.) വീഡിയോ രൂപതാ ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി |
| 5 ഞായർ | – | കവിതാരചന മത്സരം |
| 1.55 p.m. | – | മത്സര വിഷയം നൽകുന്നു. |
| 2.00 p.m. | – | മത്സരം ആരംഭിക്കുന്നു. |
| 3.00 p.m. | – | മത്സര സമയം അവസാനിക്കുന്നു. |
| 3.30 p.m. | – | കവിത എഴുതിയത് രൂപതാ ഓഫീസിൽ ലഭിക്കേണ്ട സമയം അവസാനിക്കുന്നു. |
| 7 ചൊവ്വ | – | പ്രസംഗം (വി. മോനിക്ക വിഭാഗം Sr.) വീഡിയോ രൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം. |

→

# നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി

നല്ലതണ്ണി നസ്രാണി റിസേർച്ച് സെന്ററിന്റെ മീഡിയാ വിഭാഗമായ NRC Visuals ന്റെ ആഭിമുഖ്യത്തിൽ 'ബാവാ മാർഗ്ഗം' എന്ന ഗാനം പുറത്തിറക്കി.

രചന : ഫാ. ജയിംസ് ചവറപ്പുഴ
സംഗീതം : ജിറ്റോ ആക്കാട്ട്
ആലാപനം : മനുവർദ്ധൻ

**ഫാ. ജയിംസ് ചവറപ്പുഴ**
**ഡയറക്ടർ**

---

## <u>മാതൃവേദി</u>

| | | | |
|---|---|---|---|
| 10 | വെള്ളി | - | സംഗീതം (വി. ജിയന്ന വിഭാഗം jr.) വീഡിയോ രൂപതയിൽ ലഭിക്കേണ്ട അവസാന തീയതി |
| 12 | ഞായർ | - | സംഗീതം (വി. മോനിക്ക വിഭാഗം Sr.) വീഡിയോ രൂപതയിൽ ലഭിക്കേണ്ട അവസാന തീയതി |
| 15 | ബുധൻ | - | സമൂഹഗാന മത്സരം. വീഡിയോ രൂപതയിൽ ലഭിക്കേണ്ട അവസാന തീയതി |
| 16 | വ്യാഴം | - | പദ്യോച്ചാരണം വീഡിയോ രൂപതയിൽ ലഭിക്കേണ്ട അവസാന തീയതി |

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

**സോണൽ സേവനസമിതി**

2021 നവംബർ മാസം നാലാം തീയതിയും പതിനേഴാം തീയതിയും സോണൽ സേവനസമിതി ഗൂഗിൾ മീറ്റിൽ ചേരുകയുണ്ടായി. പിന്നീട് 23-11-2021 ൽ രാവിലെ 10.30 മുതൽ 12.30 വരെ ആവേ മരിയാ പ്രാർത്ഥനാലയത്തിൽ ടീമംഗങ്ങൾ ബഹു. ഡയറക്ടറച്ചനോടൊപ്പം പങ്കെടുക്കുകയുണ്ടായി. ദീർഘകാലത്തെ ഇടവേളയ്ക്കു ശേഷമുള്ള ഫിസിക്കൽ കൂട്ടായ്മയിൽ സജീവമായ പങ്കാളിത്തവും പ്രാർത്ഥനയും നടത്തപ്പെട്ടു. അന്നേദിവസം തന്നെ സോണൽ LSS മോണിറ്ററിംഗ് ടീമും സോണൽ സേവനസമിതിയോടൊപ്പം ചേർന്ന് സോണിലെ LSS പ്രോഗ്രാമിനെക്കുറിച്ച് ഭാവിപദ്ധതികൾ പ്ലാൻ ചെയ്തു.

**ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി**

മാസത്തിലെ എല്ലാ ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി MAC അംഗങ്ങൾ ഒരുമിച്ചുകൂടി സെൻഗ്രൂപ്പ് നടത്തിവരുന്നു. 05/11/2021 ൽ ലോർഡ്സ് കപ്പിൾസ് മിനിസ്ട്രിയുടെ സെൻട്രൽ ടീം നേതൃത്വം നൽകിയ പ്രേഷിത ദമ്പതി നേതൃത്വസംഗമത്തിൽ സെൻഗ്രൂപ്പ് അംഗങ്ങൾ പങ്കെടുത്തു.

**ബൈബിൾ ക്ലാസ്**

രൂപതാ ബൈബിൾ അപ്പസ്തോലേറ്റ് നൽകുന്ന ബൈബിൾ ക്ലാസിൽ പ്രീച്ചേഴ്സ് മിനിസ്ട്രി അംഗങ്ങൾ പങ്കെടുത്തുപോരുന്നു. വി. ലൂക്കായുടെ സുവിശേഷമാണ് ഇപ്പോൾ വിചിന്തനത്തിനായി നൽകപ്പെടുന്നത്.

## മദ്ധ്യസ്ഥപ്രാർത്ഥനാ മിനിസ്ട്രി

CCR ഗോൾഡൻ ജൂബിലി വാർഷികം 2022 വിജയത്തിനായി 2021 സെപ്റ്റംബർ 1 മുതൽ 31 വരെ ദിവസങ്ങളിൽ കേരളഘടകം ഒരുക്കുന്ന ദിവ്യകാരുണ്യ ആരാധനയും മദ്ധ്യസ്ഥപ്രാർത്ഥനയും പൊതുനിയോഗങ്ങളും കൃത്യമായി മിനിസ്ട്രിവഴി പങ്കെടുത്ത് നട ത്തിവരുന്നു. ഈ മാസം രാവിലെ 9 am to 10 am വരെയാണ് സോണിന് പ്രത്യേകം നിയോഗിച്ചിരുന്ന സമയം. എല്ലാ ഞായറാഴ്ചകളിലും നാഷ ണൽ പ്രതിവാര മദ്ധ്യസ്ഥപ്രാർത്ഥനയിൽ സോൺ പ്രതിനിധികൾ സാന്നിദ്ധ്യം നൽകുന്നുണ്ട്. നവംബർ 20, 21 തീയതികളിൽ മദ്ധ്യസ്ഥപ്രാർത്ഥനാ നാഷണൽ ടീമിന്റെ നേതൃത്വത്തിൽ നടത്തിയ മാരത്തോൺ ദൈവസ്തുതി ആരാധനാ ശുശ്രൂഷയിൽ സോണിൽ നിന്നും സാന്നിദ്ധ്യം നൽകിയിരുന്നു. 13-11-2021 ൽ നടത്തിയ സൗത്ത് സെൻട്രൽ സബ് റീജിയൻ മദ്ധ്യസ്ഥപ്രാർത്ഥനാ സംഗമത്തിൽ സോൺ പങ്കുചേർന്നു.

## ലൈഫ് ഇൻ ദ സ്പിരിറ്റ് (LSS)

ലൈഫ് ഇൻ ദ സ്പിരിറ്റ് സെമിനാറിന്റെ ഭാഗമായി മാസത്തിലെ രണ്ടും നാലും വ്യാഴാഴ്ചകളിൽ പൊതുഗ്രൂപ്പ് സെമിനാറുകൾ നൽക പ്പെടുന്നു. കൂടാതെ വചനപരിശീലനം, നന്ദി, സ്തുതി, ആരാധന, മദ്ധ്യസ്ഥപ്രാർത്ഥനാ പരിശീലനങ്ങൾ, ആഴ്ചയിൽ തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ നടത്തുന്നുണ്ട്.

## തൂവാനിസ മിനിസ്ട്രി

തൂവാനിസ മിനിസ്ട്രിയുടെ നേതൃത്വത്തിൽ അഖണ്ഡജപമാല ശുശ്രൂഷകൾ സബ്സോണുകളുടെ സഹകരണത്തോടെ മുടങ്ങാതെ തുടരുന്നു. നവബംർ 21-ാം തീയതി മുതൽ ഗൂഗിൾ മീറ്റിൽ “മറിയമേ സ്വസ്തി അമ്മയിലൂടെ ദൈവനാമം മഹത്വപ്പെടട്ടെ” എന്ന ശുശ്രൂഷ നടത്തിവരുന്നു. 19/11/2021 ൽ സൗത്ത് സെൻട്രൽ സബ് റീജിയൻ തൂവാനിസ സംഗമം നടന്നു. കാഞ്ഞിരപ്പള്ളി സോൺ സജീവമായി പങ്കെടുത്തു.

→

# മേരിമാതാ മൈനർ സെമിനാരി

**നവംബർ 2021**

04 രണ്ടാം സെമസ്റ്റർ ആരംഭിച്ചു. പുതിയ സർവ്വീസ് ടീമിനെ പ്രഖ്യാപിച്ചു.

20 ഈ വർഷം തിരുപ്പട്ടം സ്വീകരിക്കാനൊരുങ്ങുന്ന ഡീക്കന്മാർ മൈനർ സെമിനാരി സന്ദർശിച്ചു.

22 അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിനെ അനുസ്മരിച്ച് പരിശുദ്ധ കുർബാനയർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

27-28 വൈദികവിദ്യാർത്ഥികൾക്കായുള്ള മാസധ്യാനം ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ വട്ടത്തറയച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**ഫാ. ജോൺ പനച്ചിക്കൽ**
**റെക്ടർ**

---

## കാത്തലിക് കരിസ്മാറ്റിക് നവീകരണം

**ക്രിസ്റ്റീൻ മിനിസ്ട്രി**

ക്രിസ്റ്റിൻ മിനിസ്ട്രിയുടെ “വചനദീപ്തി” പ്രോഗ്രാം കുട്ടികൾക്കായി മുടങ്ങാതെ ലഭ്യമാക്കുന്നുണ്ട്. നവംബർ നാലിന് നടത്തിയ എഫാത്താ - 2021 മഹാസംഗമത്തിൽ Zoom meet-ൽ സോൺ പ്രതിനിധികൾ പങ്കെടുത്തു.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

### ശുശ്രൂഷകർക്കായുള്ള നൈറ്റ് വിജിൽ

നവംബർ 5-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6 മണി മുതൽ 7-ാം തീയതി രാവിലെ 8 മണി വരെ മരിയനിലെ ശുശ്രൂഷകർ ഒരുമിച്ചു കൂടി പ്രാർത്ഥനാകൂട്ടായ്മ നടത്തി.

### കൃപാഭിഷേക ആദ്യശനി ബൈബിൾ കൺവെൻഷൻ

നവംബർ 6-ാം തീയതി രാവിലെ 9 മണി മുതൽ വൈകിട്ട് 3 മണി വരെ ഡയറക്ടർ ബഹു. ഡോമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ ആദ്യശനി ബൈബിൾ കൺവൻഷൻ ഓൺലൈനായി നടത്തി. ഫാ. റോബിൻസ് മറ്റത്തിൽ, ഫാ. തോമസ് അറയ്ക്കൽ, ഫാ. ചാക്കോച്ചൻ കളപ്പുരയിൽ, ഫാ. ലിജു കീറ്റിക്കൽ, ബ്രദർ ജോസ്സി, ബ്രദർ വിൻവി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

### വൈദികർക്കുവേണ്ടിയുള്ള ഏകദിന പ്രയർ കോൺഫറൻസ്

നവംബർ 17-ാം തീയതി വൈകുന്നേരം 6 മണി മുതൽ 8 മണി വരെ ബഹുമാനപ്പെട്ട വൈദീകർക്കായുള്ള ഏകദിന ക്രിസ്തുമസ് പ്രയർ കോൺഫറൻസ് ഓൺലൈനായി നടത്തി. വചനപ്രഘോഷണവും, ദിവ്യകാരുണ്യആരാധനയുമായി നടന്ന ശുശ്രൂഷയിൽ റവ. ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജോസ്സി, ബ്രദർ സരിൻ എന്നിവർ സഹായിച്ചു.

### ന്യൂസിലാൻഡ് കൃപാഭിഷേക ധ്യാനം

നവംബർ 25-ാം തീയതി മുതൽ 27-ാം തീയതി വരെ ന്യൂസിലാൻഡിലെ ദൈവജനത്തിനായുള്ള ധ്യാനം ബഹു. ഡോമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ ഓൺലൈനായി നടത്തപ്പെട്ടു. ഫാ. റോബിൻസ് മറ്റത്തിൽ, ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജയ്സൺ, ബ്രദർ ജോസ്സി, ബ്രദർ വിൻവി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

### സിസ്റ്റേഴ്സിനായുള്ള ഏകദിന പ്രയർ കോൺഫറൻസ്

നവംബർ 29-ാം തീയതി ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനായുള്ള ക്രിസ്തുമസ് ഒരുക്കധ്യാനം വൈകിട്ട് 5 മണി മുതൽ 8 മണി വരെ നടത്തി.

### ഏകദിന ശുശ്രൂഷകൾ

അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ വച്ചു നവംബർ 12,13,15,16,19 തീയതികളിൽ ബഹുമാനപ്പെട്ട ഡോമിനിക് അച്ചൻ ഏകദിനശുശ്രൂഷകൾ നടത്തി.

### ഓൺലൈൻ ശുശ്രൂഷകൾ

എല്ലാ ദിവസവും വൈകിട്ട് 5 മണി മുതൽ 8 മണി വരെ നടക്കുന്ന ഓൺലൈൻ ശുശ്രൂഷയിൽ ജപമാലയും വിശുദ്ധ കുർബാനയും ദൈവവചന പ്രഘോഷണവും ദിവ്യകാരുണ്യ ആരാധനയും നടത്തപ്പെടുന്നു. ഫാ. റോബിൻസ് മറ്റത്തിൽ, ഫാ. തോമസ് അറക്കൽ, ഫാ. ലിജു കീറ്റിക്കൽ എന്നിവർ ദിവസേനയുള്ള ശുശ്രൂഷകളിൽ നേതൃത്വം നൽകുന്നു.

### മദ്ധ്യസ്ഥ പ്രാർത്ഥനാ സഹായം

ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ മധ്യസ്ഥപ്രാർത്ഥനാസഹായത്തിനായി ഫോണിലൂടെ സംസാരിക്കുന്നതിന് സൗകര്യങ്ങൾ ക്രമീകരിച്ചിരിക്കുന്നു.

വിളിക്കേണ്ട ഫോൺ നമ്പറുകൾ : 04868253300, 9656141917

### Resurrection


Resurrection എന്ന ശുശ്രൂഷയിലൂടെ ബഹു. ഡോമിനിക് വാളന്മനാൽ അച്ചൻ യുട്യൂബ് ചാനലിലൂടെ ദൈവവചനം പങ്കുവയ്ക്കുന്നു.

### കൃപാഭിഷേകം ടെലിവിഷൻ ശുശ്രൂഷകൾ

എല്ലാ ആഴ്ചയിലും ശാലോം ടിവിയിൽ പറുദീസ എന്ന പേരിൽ ഞായർ ഉച്ചയ്ക്ക് 1.30 നും തിങ്കൾ വൈകിട്ട് 5 മണിക്കും വ്യാഴം രാവിലെ 6.30 നും കൂടാതെ ഗുഡ്നെസ് ടിവിയിൽ വെള്ളിയാഴ്ച രാവിലെ 6.30 നും ചൊവ്വാഴ്ച രാവിലെ 6.30 നും ടെലിവിഷൻ ശുശ്രൂഷകൾ നടത്തപ്പെടുന്നു.

**ഫാ. ഡൊമിനിക് വാളന്മനാൽ**
**(ഡയറക്ടർ)**

**ഫാ. സ്കറിയ മറ്റത്തിൽ**
**(അസി. ഡയറക്ടർ)**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- ഒക്ടോബർ 28-ന് സി.എം.സി. ജനറൽ ടീം പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.
- നവംബർ 8-ന് 2021-22 വർഷത്തെ തിയോളജിക്കൽ ക്ലാസുകൾ ആരംഭിച്ചു. ഇവിടെനിന്നും മൂന്ന് അർത്ഥിനികൾ പങ്കെടുക്കുന്നു.
- അധ്യാപകർക്കായി നടത്തപ്പെടുന്ന യോഗ്യതാപ്പരീക്ഷയായ K-TET -ൽ സി. സോഫിയാ തെരേസ്, സി. ലെയോമി എന്നിവർ പാസ്സായി. അഭിനന്ദനങ്ങൾ
- മെഡിക്കൽ എൻട്രസിനുള്ള നീറ്റ് പരീക്ഷയിൽ സിസ്റ്റർ സ്വർഗാ ജോസ് യോഗ്യത നേടി. അഭിനന്ദനങ്ങൾ.
- പൊടിമറ്റം സെന്റ് ജോസഫ്സ് ലത്തീൻപള്ളിയിലെ സൺഡേ സ്കൂൾ കുട്ടികൾക്കായി "ഉണരാം ശക്തരാകാം" ഒരു ഏകദിന ക്ലാസ് സി. മരിയ സി.എം.സി. നടത്തി.
- നവംബർ 13-ാം തീയതി ജൂണിയർ സിസ്റ്റേഴ്സിനായി Soft Skills Development ക്ലാസ് നൽകി. സിസ്റ്റർ റെജീനാ മേരി, സി. റ്റെസിൻ മരിയ, സി. ആനി മരിയ എന്നിവർ ക്ലാസ് നയിച്ചു.
- നവംബർ 17 ന് അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ് പ്രൊവിൻഷ്യൽ ഹൗസിൽ വി. ബലിയർപ്പിച്ചു.
- നവംബർ 13 ന് അമലാ പ്രോവിൻസിലെ അധ്യാപകരായ മുഴുവൻ സിസ്റ്റേഴ്സിനും സ്കൂളിലെ കുട്ടികൾക്കും, മാതാപിതാക്കൾക്കുമായി Online platform-ൽ സൈബർ ബോധവല്ക്കരണ ക്ലാസ് നൽകി. വികർ പ്രൊവിൻഷ്യൽ സി. വിനയാ ഗ്രെയ്സ് നേതൃത്വം നല്കി.
- ഇഞ്ചിയാനി ഹൈസ്കൂളിലെ അധ്യാപകർക്കും രക്ഷിതാ

ക്കൾക്കുമായി സൈബർ ബോധവല്ക്കരണക്ലാസ് സി. റ്റെസിൻ മരിയ നൽകി.

- കാഞ്ഞിരപ്പള്ളി മരിയൻ കൗൺസിലിംഗ് സെന്ററിന്റെ ഡയറക്ടറായി സി. റെജീനാ മേരി ചാർജ്ജെടുത്തു. അഭിനന്ദനങ്ങൾ.
- സംസ്ഥാനത്തെ മികച്ച ജൈവവൈവിധ്യ സ്കൂൾ ഹരിത വിദ്യാലയത്തിനുള്ള അവാർഡ് കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിന് ലഭിച്ചു. അവാർഡ് കേരളാ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനിൽ നിന്നും സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ ഡെയ്സ് മരിയ, ക്ലബ് സെക്രട്ടറി സിസ്റ്റർ ജിജി പുല്ലത്തിൽ ചേർന്ന് ഏറ്റുവാങ്ങി. പ്രത്യേക അഭിനന്ദനങ്ങൾ.
- 20-11-2021 ശനിയാഴ്ച മോൺ. ജോൺ കറിക്കാട്ടുപറമ്പിൽ പ്രൊവിൻഷ്യൽ ഹൗസിൽ വിശുദ്ധ ബലിയർപ്പിച്ചു.

## ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- ആലുവ, പോർസ്യുങ്കളാ ഭവനത്തിൽ നടന്ന ജനറൽ സിനാക്സിസിൽ റവ. സി. ലിറ്റി (Chy) മദർ ജനറലായും റവ. സി. റോസ് അനിത (TSR) അസി. ജനറലായും സി. ജ്യോതിസ് (KLM), സി. പ്രിൻസി റോസ് (BPL), സി. മേഴ്സി (HZB), സി. ജൂലി (KPLY), സി. ജോസിയ (IJK) എന്നിവർ കൗൺസിലേഴ്സായും സി. ലിന്റാ റോസ് (MTDY) ജനറൽ ഫിനാൻസ് ഓഫീസർ ആയും സി. മെർളിൻ (JLDR) സെക്രട്ടറി ജനറൽ ആയും തെരഞ്ഞെടുക്കപ്പെട്ടു.
- പൊടിമറ്റം വികാരി ബഹുമാനപ്പെട്ട മാർട്ടിൻ വെള്ളിയാംകുളം അച്ചന്റെ നാമഹേതുകതിരുനാൾ സമുചിതമായി ആഘോഷിച്ചു.
- ജനറൽ തലത്തിൽ സംഘടിപ്പിച്ച ഒരാഴ്ചത്തെ ധ്യാനത്തിൽ പങ്കെടുക്കുന്നതിനായി നോവിസസ് മുട്ടുച്ചിറ ധ്യാനസെന്ററിൽ പോയി.
- പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ജനറാളമ്മയും ടീം അംഗങ്ങളും പ്രൊവിൻഷ്യൽ ഹൗസിൽ സൗഹൃദസന്ദർശനം നടത്തി. ഭവനാംഗങ്ങൾ അവർക്ക് ഊഷ്മളമായ സ്വീകരണം നൽകി ആദരിച്ചു.

- റവ. ഫാ. ബാബു ആന്റണി വടക്കേക്കര VC നയിച്ച ഒരാഴ്ചത്തെ ധ്യാനത്തോടെ പ്രൊവിൻഷ്യൽ സിനാക്സിസിന് തുടക്കംകുറിച്ചു. സിനാക്സിസ് ദിനത്തിൽ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് പ്രൊവിൻഷ്യൽ ഹൗസിൽ എത്തി സിനാക്സിസ് അംഗങ്ങൾക്ക് വചനസന്ദേശം നൽകി.
- എരുമേലി നിർമ്മലാ പബ്ലിക്ക് സ്കൂളിന് പുതിയതായി നിർമ്മിച്ച കെ.ജി. സെക്ഷന്റെ വെഞ്ചരിപ്പുകർമ്മം എരുമേലി ഫൊറോനാ പള്ളി വികാരി റവ. ഫാ. ഷാജി പുതുപ്പറമ്പിൽ നിർവ്വഹിച്ചു.
- ജനറൽ കൗൺസിലർ സി. ജ്യോതിസിന്റെ നേതൃത്വത്തിൽ നടന്ന 15-ാമത് തെരഞ്ഞെടുപ്പ് സിനാക്സിസിൽ ബഹു. സി. അമല പ്രൊവിൻഷ്യലായും സി. ഫ്രാൻസി അസി. പ്രൊവിൻഷ്യലായും, സി. മരിയ ജോസ്, സി. ജോസിറ്റ്, സി. റ്റെസ് മരിയ എന്നിവർ കൗൺസിലേഴ്സായും സി. മരിയ ടോം ഫിനാൻസ് ഓഫീസറായും സി. റാണി ജോസ് പ്രൊവിൻഷ്യൽ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു.
- അഭിവന്ദ്യ പുളിക്കൽ പിതാവ് പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലി അർപ്പിക്കുകയും പുതിയ പ്രൊവിൻഷ്യൽ ടീം അംഗങ്ങൾക്ക് അനുഗ്രഹാശിസുകൾ നൽകുകയും ചെയ്തു.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- രൂപതയിൽ നിന്നും നവംബർ 13, 20 ദിവസങ്ങളിലായി സന്യാസിനികൾക്കായി നടത്തപ്പെട്ട പരിശീലന പരിപാടികളിൽ എല്ലാ സിസ്റ്റേഴ്സും സംബന്ധിച്ചു.
- കെസിബിസി ജാഗ്രതാ കമ്മീഷനും, കെസിഎംഎസ് വോയ്സ് ഓഫ് നൺസും സംയുക്തമായി സംഘടിപ്പിച്ച സന്യസ്തർക്കു വേണ്ടി മാത്രമുള്ള വെബിനാറിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.
- ശിശുദിനാഘോഷത്തോടനുബന്ധിച്ച് ആസാദി കാ അമൃത് മഹോത്സവ് എന്ന പദ്ധതിയുടെ ഭാഗമായിട്ട് കാഞ്ഞിരപ്പള്ളി താലൂക്ക് ലീഗൽ സർവ്വീസ് കമ്മറ്റിയുടെ (ബഹു. കാഞ്ഞിരപ്പള്ളി ജുഡീഷ്യൽ ഫസ്റ്റ് മജിസ്ട്രേറ്റ് & ചെയർപേഴ്സൺ TLSC) ശിശുദിനാഘോഷപരിപാടികൾ നല്ലിടയൻ ആശ്രമത്തിൽ വച്ച് നടത്ത

പ്പെട്ടു. പ്രസ്തുത സമ്മേളനത്തിന്റെ ഉദ്ഘാടനം പൊൻകുന്നം സബ് കോർട്ട് മജിസ്ട്രേറ്റ് ശ്രീമതി രശ്മി ബി. ചിറ്റൂർ നിർവ്വഹിച്ചു. തുടർന്ന് ആശ്രമവാസികൾക്ക് മാനസിക ഉണർവ്വ് നൽകത്തക്ക രീതിയിൽ ഉള്ള കലാപരിപാടികൾ അഡ്വകേറ്റ്സ് ടീം അവതരിപ്പിച്ചു.

- 28 വർഷമായി പ്രോവിൻസ് ഹൗസിലെ ഡ്രൈവർ ആയി ജോലി ചെയ്യുന്ന ജോയിയുടെ വിവാഹത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിച്ചു. റവ ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ വി. ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും ജൂബിലി മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു.
- കുട്ടിക്കാനം മരിയൻ കോളേജ് പുതുതായി ആരംഭിച്ച Sancta Maria Hostel ന്റെ കാര്യനിർവ്വഹണം ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് ഏറ്റെടുത്തു.
- ലോക്കൽ സുപ്പീരിയേഴ്സ്, ഫൈനാൻസ് ഓഫീസേഴ്സ് ഇവരുടെ സംഗമം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു.
- ഈ വർഷം പൗരോഹിത്യത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന രൂപതയിലെ ബഹു. വൈദികരുടെ സമ്മേളനം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു.
- സെന്റ് ജോസഫ്സ് സ്കൂൾ കുന്നുംഭാഗം, മേരി മാതാ സ്കൂൾ ഇടക്കുന്നം എന്നീ സ്കൂളുകളിൽ സ്കൂൾ തുറക്കുന്ന സാഹചര്യത്തിൽ സ്കൂളിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ബഹു. പ്രൊവിൻഷ്യലമ്മയുടെ അദ്ധ്യക്ഷതയിൽ പി.റ്റി.എ അംഗങ്ങളോട് ചേർന്ന് നടത്തപ്പെട്ടു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- കട്ടപ്പന സെന്റ് ജോൺസ് ഹോസ്പിറ്റലിൽ ദീർഘകാലം സേവനം ചെയ്ത ഡോ. മാത്യു, ഡോ.സൂസൻ മാത്യു എന്നിവർക്കു യാത്രയയപ്പു നൽകി
- കാഞ്ഞിരപ്പള്ളി രൂപത പ്രോട്ടോ സിൻചെല്ലൂസ് പെരിയ ബഹു. ഫാ. ജോസഫ് വെള്ളമറ്റം ജനറലേറ്റ് സന്ദർശിച്ചു.
- നവീകരിച്ച വി. കുർബാനയെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.

- ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ 16–ാം ശ്രാദ്ധം സമുചിതമായി ആചരിച്ചു.
- ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ ശ്രാദ്ധത്തോട് അനുബന്ധിച്ചു ഒരു ഭവന നിർമാണത്തിന് ധനസഹായം നൽകി.
- കുട്ടികൾക്കു പഠന സഹായം നൽകി
- കാഞ്ഞിരപ്പള്ളി രൂപതയുടെ പ്രളയദുരിതാശ്വാസ സമാഹരണ ത്തിൽ സഹകരിച്ചു.
- ഇടുക്കി രൂപത അരുണാചൽ സന്താമരിയ വിഷനെ സഹായിച്ചു.
- സന്യാസ സമർപ്പണ രജതജൂബിലിക്ക് ഒരുക്കമായി 1 മാസത്തെ ക്ലാസ്, ധ്യാനം എന്നിവയ്ക്ക് 5 സിസ്റ്റേഴ്സ് ചെങ്കുളം ആവിലാ ധ്യാനാശ്രമത്തിൽ പോയി.
- ചെങ്കുളം ആവിലാ ധ്യാനാശ്രമത്തിൽ 2 സിസ്റ്റേഴ്സ് വാർഷിക ധ്യാനം നടത്തി.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- ലോറേഞ്ചിലെ സാഫല്യ വിദ്യാഭ്യാസ സഹായ പ്രോജെക്ടിലെ 56 കുട്ടികളുടെ one day സെമിനാർ പൊടിമറ്റത്തു വച്ചു നടന്നു.
- കൂവപ്പള്ളി, പെരുനാട്, ചെങ്കൽ എന്നീ സ്ഥലങ്ങളിൽ കാരുണ്യഭവനങ്ങളുടെ നിർമ്മാണം ആരംഭിച്ചു.
- ചേനപ്പാടിയിൽ മഴക്കെടുതിയിൽ എല്ലാം നഷ്ടപ്പെട്ടവർക്കായുള്ള വസ്ത്രങ്ങളും മറ്റും പഴയിടം Sacred Heart of Women (SHG) വഴി വിതരണം നടത്തി.
- പ്രളയത്തിൽ നാശനഷ്ടമുണ്ടായ സ്ഥലങ്ങളിൽ പോയി വീടും മറ്റും നഷ്ടപ്പെട്ട ആളുകളെ സഹായിക്കുകയും അഴങ്ങാട് ഉരുൾപൊട്ടലിൽ മാനസികമായും ശാരീരികമായും ബൗദ്ധികമായും തളർന്ന ആളുകളുടെ ഇടയിൽ ഹോം മിഷൻ നടത്തുകയും ചെയ്തു.
- പറത്താനത്ത് പൂർത്തിയായ കാരുണ്യഭവന്റ താക്കോൽ ദാനം നടത്തി.

- മദ്യപാനം നിർത്തിയവരുടെ കൂട്ടായ്മയായ മോചന മീറ്റിംഗ് പുനരാരംഭിച്ചു.
- വെച്ചൂച്ചിറ ഇടവകയിൽ അമ്മമാർക്കുവേണ്ടി Sacred Heart of Women (SHG) രൂപീകരിച്ചു.
- പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ വിലയിരുത്തലിനായി അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് വിളിച്ചു കൂട്ടിയ മീറ്റിംഗിൽ സി. മേരി ഫിലിപ്പ്, സി. ട്രീസാ അല്ലേശ് എന്നിവർ പങ്കെടുത്തു.
- സമർപ്പണ ജീവിതത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിനായുള്ള ധ്യാനം ഫാ. അലക്സ് CSSR നയിച്ചു.
- സമർപ്പണ ജീവിതത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിന്റെ ജൂബിലി സമുചിതമായി ആഘോഷിച്ചു. മാർ ജോസ് പുളിക്കൽ പിതാവ് ബലിയർപ്പിച്ചു പ്രാത്ഥിച്ചു.
- പൗരോഹിത്യ ജീവിതത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന ഫാ മാത്യു കല്ലറയ്ക്കൽ, ഫാ. ഡൊമിനിക് അയലൂപ്പറമ്പിൽ എന്നിവരുടെ ജൂബിലി സമുചിതമായി ആഘോഷിച്ചു.

## സ്നേഹസ്മരണയ്ക്ക്



**സി. പെലാജിയ ഞാവള്ളിൽ FCC**

ജനനം : 13-02-1929
ആദ്യവ്രതം : 26-05-1954
നിത്യവ്രതം : 26-05-1957
മരണം : 02-11-2021



**സി. ആൻഡ്രൂസ് തെക്കേകണ്ടത്തിൽ SH**

ജനനം : 21-11-1942
ആദ്യവ്രതം : 20-04-1965
നിത്യവ്രതം : 29-05-1969
മരണം : 24-11-2021

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**ഡയാലിസിസ് ടെക്നീഷ്യൻ കോഴ്സ് ഉദ്ഘാടനം ചെയ്തു.**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ പുതിയതായി ആരംഭിച്ച ഡയാലിസിസ് ടെക്നീഷ്യൻ കോഴ്സിന്റെ (DDT) ഔപചാരികമായ ഉദ്ഘാടനം റവ. ഫാ. മോൺസിഞ്ഞോർ ജോൺ കല്ലറക്കൽ നിർവഹിച്ചു. എം.എം.റ്റി. ഹോസ്പിറ്റൽ ഡയറക്ടർ ഫാ. സോജി കന്നാലിൽ സ്വാഗതം പറഞ്ഞ യോഗത്തിൽ ഡയാലിസിസ് ടെക്നീഷൻ കോഴ്സിലേക്ക് അഡ്മിഷനെടുത്ത കുട്ടികൾക്ക് ആശംസകൾ അറിയിച്ചു.

കാത്തലിക്ക് മെഡിക്കൽ അസ്സോസിയേഷൻ ഓഫ് ഇൻഡ്യ (CMAI) സർട്ടിഫൈ ചെയ്യുന്ന രണ്ട് വർഷത്തെ കോഴ്സാണ് DDT. നെഫ്രോളജിസ്റ്റ് ഡോ. ഗൗതം രാജൻ, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം ഡോ. ക്രിസ്റ്റി മരിയ തുടങ്ങിയവരുടെ നേതൃത്വത്തിൽ വിദഗ്ദ്ധരായ ഡോക്ടേഴ്സും ഡയാലിസിസ് ടെക്നീഷൻമാരും ക്ലാസുകൾ നയിക്കുന്നതാണ്.

എം.എം.റ്റി. ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ ഫാ. ദീപു പുത്തൻപുരയ്ക്കൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. സിജു ഞള്ളിമാക്കൽ, നഴ്സിംഗ് സൂപ്രണ്ടന്റ് സി. ലിഡിയ, പി.ആർ.ഒ. സുബിൻ മാത്യൂസ്, ഡയാലിസിസ് ടെക്നീഷൻമാർ, അധ്യാപകർ എന്നിവർ സന്നിഹിതരായിരുന്നു. നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽ സി. ആനി യോഗത്തിന് നന്ദി അറിയിച്ചു.

**ചാർജ്ജെടുക്കുന്നു**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ഗൈനക്കോ

ളജി വിഭാഗത്തിൽ ഡോ. ദിവ്യ ബി. MBBS, MS (Gynecology) ഡിസംബർ ഒന്നാം തീയതി മുതൽ ചാർജ്ജെടുക്കുന്നു. ഡോക്ടറുടെ സേവനം എല്ലാ ദിവസവും ഹോസ്പിറ്റലിൽ ലഭ്യമാണ്. ഗൈനക്കോളജി വിഭാഗത്തിൽ ഡോ. സി. റോസ് മാവേലിക്കുന്നേൽ, ഡോ. മേരിയമ്മ ജോസഫ് എന്നിവരുടെ സേവനം തുടർന്നും ലഭ്യമാണ്.

ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ, പീഡിയാട്രിക് ഐ.സി.യു. തുടങ്ങിയ എല്ലാവിധ സജ്ജീകരണങ്ങളോടും കൂടിയ ഗൈനക്കോളജി വിഭാഗത്തിൽ 24 മണിക്കൂറും ഡോക്ടേഴ്സിന്റെ സേവനം ലഭ്യമാണ്. ലാപ്പറോസ്കോപ്പിക് സർജറി ഉൾപ്പെടെയുള്ള നൂതന സൗകര്യങ്ങളും ഗൈനക്കോളജി വിഭാഗത്തിൽ ലഭ്യമാണ്.

**പ്രമേഹ ദിനാചരണം**

ലോകപ്രമേഹദിനത്തോടനുബന്ധിച്ച് മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെയും സ്കൂൾ ഓഫ് നേഴ്സിംഗിന്റെയും ആഭിമുഖ്യത്തിൽ പ്രമേഹരോഗ ബോധവൽക്കരണം സെമിനാർ സംഘടിപ്പിച്ചു.

കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ ഡോ. ക്രിസ്റ്റി മരിയ, സ്കൂൾ ഓഫ് നേഴ്സിംഗിലെ വിദ്യാർത്ഥികൾ എന്നിവർ ക്ലാസുകൾ നയിച്ചു. തെരുവ് നാടകം, പവർ പോയിന്റ് പ്രസന്റേഷൻ, ചാർട്ട് പ്രദർശനം എന്നിവയും നടത്തപ്പെട്ടു.

**ക്വിസ് മൽസരം**

ഇൻഫക്ഷൻ കൺട്രോൾ വാരത്തോടനുബന്ധിച്ച് മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റിലെ സ്റ്റാഫ് അംഗങ്ങൾക്കായി ക്വിസ് മൽസരം സംഘടിപ്പിച്ചു. 'Infection control and prevention' എന്ന വിഷയത്തിൽ നടന്ന മത്സരത്തിൽ പ്രാഥമിക റൗണ്ടിൽ 13 ടീമുകൾ പങ്കെടുത്തു. ഫൈനൽ റൗണ്ടിലേക്ക് 6 ടീമുകൾ തിരഞ്ഞെടുക്കപ്പെട്ടു. ഡയാലിസിസ് വിഭാഗം ഒന്നാം സ്ഥാനവും ലാബോറട്ടറി വിഭാഗം രണ്ടാം സ്ഥാനവും ഒ.പി. വിഭാഗം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ ഡോ. ക്രിസ്റ്റി മരിയ മൽസരത്തിൽ

മോഡറേറ്റർ ആയിരുന്നു. ഹോസ്പിറ്റൽ ഡയറക്ടർ ഫാ. സോജി കന്നാലിൽ വിജയികൾക്കുള്ള സമ്മാനങ്ങൾ നൽകി.

**കഫെറ്റീരിയ ആരംഭിച്ചു**

ഹോസ്പിറ്റലിൽ രാത്രി വരുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും പ്രയോജനകരമാകുന്നതിന് ക്യാഷ്വാലിറ്റി ഗ്രൗണ്ടിൽ കഫെറ്റീരിയ പ്രവർത്തനമാരംഭിച്ചു. വൈകുന്നേരം 6 മുതൽ രാവിലെ 7 വരെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഈ സേവനം ലഭ്യമാണ്.

**ആരോഗ്യദർശകൻ**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലും ദർശകനും സംയുക്തമായി നടത്തുന്ന ആരോഗ്യദർശകൻ എന്ന പരിപാടിയിൽ നവംബർ 4-ാം തീയതി ദന്തരോഗസംബന്ധമായ സംശയങ്ങൾക്ക് ഡോ. സൂര്യ കിംഗ്സിലി മറുപടി നൽകി. നവംബർ 11-ാം തീയതി ഗർഭകാലത്തെ സ്കാനിംങ്ങ് സംബന്ധമായ സംശയങ്ങൾക്ക് ഡോ. കൃഷ്ണൻ ജെ. എസ്. മറുപടി നൽകി. പകർച്ചവ്യാധികളുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് ഡോ. ക്രിസ്റ്റി മരിയ നവംബർ 18-ാം തീയതി മറുപടി നൽകി. നവംബർ 25-ാം തീയതി കുട്ടികളിലെ അമിതവണ്ണവുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് ഡോ. നെൽസൺ എ.ജെ. മറുപടി നൽകി.

**ഡയാലിസിസ് രോഗികൾക്കുള്ള സഹായം കൈമാറി**

ഡയാലിസിസ് ചെയ്യാൻ സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ മുണ്ടക്കയം ഫൊറോനാ SMYM-ന്റെ നേതൃത്വത്തിൽ ആരംഭിച്ച 'അലിവ്' എന്ന പദ്ധതിയിലൂടെ ഒരു ലക്ഷത്തിൽ അധികം രൂപയുടെ ധനസഹായം മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന് ഫൊറോന ഭാരവാഹികൾ കൈമാറി. 2021 മാർച്ച് 21-ന് ഫൊറോനാ വികാരി ഫാ. ജോസ് മാത്യു പറപ്പള്ളിൽ ഉദ്ഘാടനം ചെയ്ത ഈ പദ്ധതി എട്ട് മാസം കൊണ്ടാണ് ലക്ഷ്യത്തിൽ എത്തിച്ചേർന്നിരിക്കുന്നത്. ഒരു ലക്ഷത്തി

പതിനാറായിരത്തി ഒരുനൂറ്റി പതിനൊന്ന് (1,16,111) രൂപയാണ് എട്ട് മാസം കൊണ്ട് അലിവ് പദ്ധതിയിലൂടെ സമാഹരിച്ചത്. ഒരോ മാസവും യുവജനങ്ങൾ നിരാലംബരായ ഡയാലിസിസ് രോഗികൾക്കായി മാറ്റിവച്ച ചെറിയ സമ്പാദ്യത്തിൽ നിന്നുമാണ് ഇതിനുള്ള തുക കണ്ടെത്തിയത്.

ഇങ്ങനെയൊരു പദ്ധതിയുമായി മുന്നോട്ട് വന്ന മുണ്ടക്കയം ഫൊറോനായിലെ യുവജനങ്ങളെ കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ അഭി. മാർ. ജോസ് പുളിക്കൽ പിതാവ് അനുമോദനങ്ങൾ അറിയിച്ചു. 2021 നവംബർ 25 വ്യാഴാഴ്ച മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റിൽ വച്ചു നടന്ന ചടങ്ങിൽ മുണ്ടക്കയം ഫൊറോനാ വികാരി ഫാ. ജോസ് മാത്യു പറപ്പള്ളിൽ, ഫൊറോനാ ടങ്ങഥങ്ങ ഡയറക്ടർ ഫാ. എബിൻ കുന്നത്ത് ഇങ്ങക, ഡീക്കൽ തോമസ് മുണ്ടാട്ടുചുണ്ടയിൽ ഫൊറോനാ ടങ്ങഥങ്ങ പ്രസിഡന്റ് അമൽ തോമസ്, കോർഡിനേറ്റർ ആൽബിൻ പേഴുംകാട്ടിൽ എന്നിവർ തുക മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലെ ഡയറക്ടർ ഫാ. സോജി കന്നാലിൽ, ഫാ. സിജു ഞള്ളിമാക്കൽ, അഡ്മിനിസ്ട്രേറ്റർ ദീപു പുത്തൻപുരയ്ക്കൽ എന്നിവർക്ക് കൈമാറി. ഫൊറോനാ ഭാരവാഹികളായ , ജയ്സൺ ഈശോപറമ്പിൽ, ടോജി കണയങ്കൽ, ഹോസ്പിറ്റൽ പി.ആർ.ഓ സുബിൻ മാത്യൂസ്, ഡയാലിസിസ് ഇൻചാർജ് സുബി, വിവിധ ഇടവക പ്രതിനിധികൾ എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു.

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

# കത്തോലിക്കാ കോൺഗ്രസ്
# (A.K.C.C.)

**പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾ**

കത്തോലിക്കാ കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപതസമിതിയുടെ രണ്ടാം ഘട്ട ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ദുരിതബാധിതമേഖലകളായ വടക്കേമല, മുക്കുളം, കൂട്ടിക്കൽ എന്നിവിടങ്ങളിലെ ദുരിതമനുഭവിക്കുന്നവർക്ക് വിവിധ യൂണിറ്റുകളിൽ നിന്നും ശേഖരിച്ച അവശ്യസാധനങ്ങൾ വിതരണം ചെയ്തു. സംഘടനയിലെ വിവിധ ഫോറങ്ങളും ഫൊറോന, യൂണിറ്റ് ഭാരവാഹികളും ചേർന്ന് സമാഹരിച്ച സ്റ്റൗവ്, കലം, പാത്രങ്ങൾ, ബക്കറ്റ്, മഗ്ഗ്, പ്ലേറ്റ്, ഗ്ലാസ്, തവി, സ്പൂൺ, ബേസൻ, ബെഡ്ഷീറ്റ്, പുതപ്പ്, തലയിണ, പാസ്റ്റിക് കസേരകൾ, മിക്സി, അയൺബോക്സ്, ട്രങ്ക് പെട്ടികൾ, അരി, പലചരക്ക് സാധനങ്ങൾ എന്നിവയാണ് രണ്ടാംഘട്ടമായി നൽകിയത്.

കാഞ്ഞിരപ്പള്ളിയിൽ നിന്നും അവശ്യവസ്തുക്കളുമായി 29-10-2021 ൽ പുറപ്പെട്ട വാഹനങ്ങൾ രൂപത വികാരി ജനറാൾ റവ. ഡോ. ജോസഫ് വെള്ളമറ്റം ഫ്ളാഗ് ഓഫ് ചെയ്തു. രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ട്രഷറർ ജോജോ തെക്കുംചേരിക്കുന്നേൽ, ഗ്ലോബൽ സമിതിയംഗങ്ങളായ ടെസി ബിജു പാഴിയാങ്കൽ, ജെയിംസ് പെരുമാക്കുന്നേൽ, രൂപതാ ഭാരവാഹികളായ ജിൻസ് പള്ളിക്കമ്യാലിൽ, ചാക്കോച്ചൻ വെട്ടിക്കാട്ടിൽ, റെന്നി ചക്കാലയിൽ, സിനി ജിബു നീറനാക്കുന്നേൽ, ആൻസി സാജൻ പുന്നമറ്റത്തിൽ, ഷാജി പുതിയാപറമ്പിൽ, സണ്ണിക്കുട്ടി അഴകംപ്രായിൽ, പി. എം. ജോസഫ് പണ്ടാരക്കളം, ബിജു ആലപ്പുരയ്ക്കൽ, ജോജി ചിറ്റടി, ജോബിൻ വടക്കേനാത്ത്, തോമസ് ചെമ്മരപ്പള്ളി, മനോജ് മറ്റമുണ്ടയിൽ, വക്കച്ചൻ വാക്കയിൽ, രാജു കൂവനാൽ, സണ്ണി കിഴവഞ്ചിയിൽ, ബിന്ദു കുര്യാച്ചൻ തുടങ്ങിയവർ നേതൃത്വം നൽകി.

**വഞ്ചനാദിനമായി ആചരിച്ചു**

80:20 എന്ന ന്യൂനപക്ഷ അനുപാതം നീതിരഹിതം എന്നു കണ്ടെത്തിയ

ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകിയ കേരള സർക്കാരിന്റെ വഞ്ചനാപരമായ നിലപാടിൽ പ്രതിഷേധിച്ച് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ ആഹ്വാനപ്രകാരം രൂപതയിലെ എല്ലാ ഇടവകയൂണിറ്റുകളിലും നവംബർ 7 ഞായറാഴ്ച വഞ്ചനാദിനമായി ആചരിച്ചു. ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന തുല്യനീതി ഉറപ്പുവരുത്തുവാൻ ബാധ്യതയുള്ള സർക്കാർ ഒരു വിഭാഗത്തെ പ്രീണിപ്പിക്കുന്നതിനായി വോട്ടുബാങ്ക് രാഷ്ട്രീയം കളിക്കുന്നത് അപഹാസ്യമാണ്. എല്ലാ യൂണിറ്റുകളിലും കുർബാനയ്ക്കുശേഷം പള്ളിയങ്കണത്തിൽ പ്ലക്കാർഡുകളേന്തി പ്രതിഷേധയോഗങ്ങൾ സംഘടിപ്പിച്ചു.

80:20 എന്ന നീതിരഹിത അനുപാതം റദ്ദാക്കിയ ഹൈക്കോടതി വിധി അട്ടിമറിക്കാനുള്ള നീക്കത്തിൽ നിന്നും സംസ്ഥാന സർക്കാർ പിൻമാറണമെന്നാവശ്യപ്പെട്ട് കത്തോലിക്ക കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപത പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ , ട്രഷറർ ജോജോ തെക്കുംചേരിക്കുന്നേൽ, സെക്രട്ടറിമാരായ മിനി സണ്ണി മണ്ണംപ്ലാക്കൽ, സിനി ജിബു നീറനാക്കുന്നേൽ എന്നിവർ ചേർന്ന് ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജിന് നിവേദനം നൽകി. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ വൈസ് പ്രസിഡന്റ് ടെസി ബിജു പാഴിയാങ്കൽ, കർഷകഫോറം രൂപതാ കോ-ഓർഡിനേറ്റർ സണ്ണിക്കുട്ടി അഴകംപ്രായിൽ, യൂത്ത് കൗൺസിൽ കോ-ഓർഡിനേറ്റർ സാബിൻ ജോൺ എന്നിവർ അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ.യ്ക്ക് നിവേദനം സമർപ്പിച്ചു.

**അനുസ്മരണയോഗം**

കത്തോലിക്ക കോൺഗ്രസ് സജീവപ്രവർത്തകനും മുൻ രൂപത സമിതിയംഗവുമായ സിബി തോമസ് തൂമ്പുങ്കലിന്റെ അകാല വേർപാടിൽ രൂപത പ്രസിഡന്റ് ജോമി കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം അനുശോചനം രേഖപ്പെടുത്തി. സംഘടനയുടെ പ്രവർത്തനങ്ങളിൽ സജീവമായിരുന്ന സിബിയുടെ വേർപാടുമൂലം നല്ലൊരു സമുദായ സ്നേഹിയെയാണ് നഷ്ടമായതെന്ന് യോഗം അഭിപ്രായപ്പെട്ടു. ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാക്കുന്നേൽ, രൂപതാ ഭാരവാഹികളായ ജോജോ തെക്കുംചേരിക്കുന്നേൽ, സിബി ജിബു നീറനാക്കുന്നേൽ, സണ്ണിക്കുട്ടി അഴകംപ്രായിൽ, പി.എം. ജോസഫ് പണ്ടാരക്കളം, ആൻസമ്മ തോമസ് മടുക്കക്കുഴി, ജോസ് മടുക്കക്കുഴി, ബർക്കു

മാൻസ് പൂവത്തുംമൂട്ടിൽ, ജോബി തെക്കുംചേരിക്കുന്നേൽ, ജോബിൻ വടക്കേനാത്ത്, കെ.എം. മാത്യു എന്നിവർ പങ്കെടുത്തു.

**ആദരാഞ്ജലികൾ**

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയംഗവും മികച്ച സംഘാടകനും ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജിന്റെ പേഴ്സണൽ സ്റ്റാഫ് അംഗവുമായിരുന്ന ജെയിംസ് പെരുമാക്കുന്നേൽ കോവിഡ് രോഗബാധിതനായി ആകസ്മികമായി അന്തരിച്ചു. നവംബർ 20-ന് കപ്പാട് മാർസ്ലീവാ തീർത്ഥാടന ദൈവാലയത്തിൽ നടന്ന മൃതസംസ്കാര ശുശ്രൂഷയിൽ രൂപതാകുടുംബം ഒന്നടങ്കം പങ്കെടുത്തു. അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ, വികാരി ജനറാൾമാരായ റവ. ഡോ. ജോസഫ് വെള്ളമറ്റം, ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ, കോർപ്പറേറ്റ് മാനേജർ ഫാ. ഡോമിനിക് അയലൂപ്പറമ്പിൽ, പാസ്റ്ററൽ ആനിമേഷൻ ഡയറക്ടർ ഫാ. സ്റ്റാൻലി പുള്ളോലിൽ, എസ്.എം.വൈ.എം. ഡയറക്ടർ ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ, ഡി.സി.എം.എസ്. ഡയറക്ടർ ഫാ. ജോസുകുട്ടി ഇടത്തിനകം, ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് ഡയറക്ടർ ഫാ. റോയി മാത്യു വടക്കേൽ, വിമല പബ്ലിക്കേഷൻസ് ഡയറക്ടർ ഫാ. ജസ്റ്റിൻ മതിയത്ത്, ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ ഫാ. ഫിലിപ്പ് വട്ടയത്തിൽ, കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ജിയോ കടവി, രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി, ഗ്ലോബൽ സമിതി ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ, സെക്രട്ടറി ബെന്നി ആന്റണി, രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ഫാ. സിബി കുരിശുംമൂട്ടിൽ, ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്, അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ., പി.സി. ജോർജ് ജില്ലാ പഞ്ചായത്തംഗങ്ങളായ ജെസി ഷാജൻ മണ്ണംപ്ലാക്കൽ, അഡ്വ. ഷോൺ ജോർജ്, ബ്ലോക്ക്, ഗ്രാമപഞ്ചായത്തംഗങ്ങൾ തുടങ്ങി സാമൂഹ്യരാഷ്ട്രീയ മേഖലകളിലെ നിരവധി പ്രമുഖർ അന്ത്യാഞ്ജലി അർപ്പിച്ചു.

**ഫാ. മാത്യു പാലക്കുടി**
**ഡയറക്ടർ**



# മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി

- പരിസ്ഥിതി പ്രശ്നത്തിന്റെ ക്രൈസ്തവ ദർശനവും ആനുകാലികപ്രതിസന്ധിയും പഠനവിഷയമാക്കിക്കൊണ്ട് നവംബർ 13, 14 തീയതികളിൽ പഠനക്കളരി നടന്നു. അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ നേതൃത്വത്തിലായിരുന്നു പഠനങ്ങളും ചർച്ചകളും നടന്നത്. പ്രൊഫസർമാർ, വൈദികർ, സന്യസ്തർ, അല്മായർ ഉൾപ്പെടെ 25-ഓളം പേർ പങ്കെടുത്തു. തിരുസഭയുടെ ആദ്ധ്യാത്മിക ദർശനത്തിൽ വേരൂന്നി വിശുദ്ധ ലിഖിതം, ആരാധനക്രമം, ദൈവശാസ്ത്രദർശനം, ആനുകാലിക പ്രശ്നങ്ങൾ എന്നീ വിഷയങ്ങളുടെ ഗവേഷണപഠനങ്ങളും ചർച്ചകളുമാണ് നടന്നത്.

  ദയറയിലെ Institute of Eastern Theological Studies -ന്റെ ആഭിമുഖ്യത്തിലായിരുന്നു ഈ സിമ്പോസിയം.

- നവംബർ 23 മുതൽ 26 വരെ ചങ്ങനാശ്ശേരി അതിരൂപതയിലെ നാലാംവർഷ മൈനർസെമിനാരിക്കാർക്കുവേണ്ടി മേജർ സെമിനാരിയിലേക്കു പോകുന്നതിനുമുമ്പുള്ള ധ്യാനം നടന്നു.

**ഫാ. സേവ്യർ കൂടപ്പുഴ**
Ph : 04869-288207

# കെ.സി.എസ്.എൽ.

**ഈ മാസം നടത്തിയ സ്കൂൾ സന്ദർശനങ്ങൾ**

1. സെന്റ് ജോസഫ് UPS കൂവപ്പള്ളി
2. ഫാത്തിമ HS മ്ലാമല
3. സെന്റ് ജോസഫ് പെരുവന്താനം
4. സെന്റ് എഫ്രേം UPS ചിറക്കടവ്

**ഈ മാസം നടത്തിയ Explore - 21 ന് നേതൃത്വം നൽകിയവർ**

1. നവംബർ 14 – ത്രേസ്യാക്കുട്ടി ടീച്ചർ കല്ലംപള്ളി
2. നവംബർ 21 – കെ.സി.എസ്.എൽ. ചെയർമാൻ, സാവിയോ സെബാസ്റ്റ്യൻ
3. നവംബർ 28 – കെ.സി.എസ്.എൽ. രൂപതാ എക്സിക്യൂട്ടീവ്

**ഫാ. ജോസഫ് പന്നലക്കുന്നേൽ**
**ഡയറക്ടർ**

# ഡി.സി.എം.എസ്.

- 14-ാം തീയതി ഞായറാഴ്ച കോട്ടയത്ത് ഗുഡ്ഷെപ്പേർഡ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയ സംസ്ഥാനതല ഡി.സി.എം.എസ്. ജസ്റ്റീസ് സൺഡേ ദിനാചരണത്തിൽ രൂപതയിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. സ്കോളർഷിപ്പിനു അർഹരായവർ സ്കോളർഷിപ്പ് സ്വീകരിക്കുകയും ചെയ്തു. പരിപാടികളിൽ വിശിഷ്ടവ്യക്തികളായ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ്, തോമസ് ചാഴിക്കാടൻ എം.പി., തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി എന്നിവർ പങ്കെടുത്തു.
- കാഞ്ഞിരപ്പള്ളി രൂപത ഡി.സി.എം.എസ്. പുതിയ ഓഫീസ് അനക്സ് കെട്ടിടത്തിലേക്ക് മാറ്റി.
- കഴിഞ്ഞ കോവിഡ് കാലത്ത് കോവിഡ് ബാധിച്ചു മരണപ്പെട്ടവർക്കു വേണ്ടി വി. കുർബാനയും ഒപ്പീസും അർപ്പിച്ചു പ്രാർത്ഥിച്ചു.
- നവംബർ 22-ാം തീയതി കാഞ്ഞിരപ്പള്ളി മുൻ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ കബറിടം സന്ദർശിച്ച് ഡി.സി.എം.എസ്. അംഗങ്ങൾ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.
- സീറോ മലബാർ ദളിത് വികാസ് സൊസൈറ്റിയുടെ സ്കോളർഷിപ്പ് പദ്ധതിയിലേക്കു പുതിയതായി 7 പേരെകൂടി ഉൾപ്പെടുത്തി. 6 പേർ സ്കോളർഷിപ്പ് സ്വീകരിക്കുകയും അവരുടെ പഠനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു.

**- സീറോ മലബാർ ദളിത് വികാസ് സൊസൈറ്റി (SDVS) പഠന സഹായം**

2022 വർഷത്തിലേക്ക് പുതുതായി സീറോമലബാർ ദളിത് വികാസ് സൊസൈറ്റിയിലൂടെ പഠനസഹായം ആവശ്യമുള്ളവർ രൂപതാ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 9947552035, 8075767164

<u>നിബന്ധനകൾ</u>

1. P.G. പഠനങ്ങൾ
2. BSc, General Nursing പഠനം
3. B.Tech, M.Tech, Ph.D, MCA
4. B.Ed, M.Ed etc.
5. മറ്റ് Professional course- കൾക്കും

II. സീറോ മലബാർ ദളിത് വികാസ് സൊസൈറ്റിയുടെ Programm team -ന്റെ അംഗീകാരത്തോടെ മാത്രമാണ് പഠനസഹായം അനുവദിക്കുന്നത്.

III. ദളിത് ക്രൈസ്തവ കുട്ടികൾക്ക് മാത്രമാണ് പഠനസഹായം ലഭിക്കുന്നത്.

**ഫാ. ജോസുകുട്ടി ഇടത്തിനകം**

**ഡയറക്ടർ**



# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അൽമായ സഭയുടെ രൂപതാതല മീറ്റിംഗ് 2021 നവംബർ 7-ാം തീയതി ഉച്ചകഴിഞ്ഞ് 5 മണിക്ക് രൂപതാ പ്രസിഡന്റ് ബ്രദർ ജോസ് തോമസ് വെട്ടത്തിന്റെ അദ്ധ്യക്ഷതയിൽ ഗൂഗിൾ മീറ്റിലൂടെ കൂടി.

പ്രാരംഭപ്രാർത്ഥനയ്ക്ക് സിസ്റ്റർ മേരിക്കുട്ടി കുരുവിള കോക്കാട് നേതൃത്വം നൽകി. മുൻ രൂപതാ പ്രസിഡന്റ് ബ്രദർ തോമസ് കൊഴിക്കൊട്ടയിൽ സ്വാഗതം ആശംസിച്ചു. മുണ്ടക്കയം ഭാതൃത്വത്തിന്റെ നേതൃത്വത്തിൽ സായാഹന പ്രാർത്ഥന നടത്തി. ഫോർമേറ്റർ ബ്രദർ ജോസ് കിഴക്കേത്തലയ്ക്കൽ വചനസന്ദേശം നൽകി. ദൈവത്തെ പരസ്യമായി പ്രഘോഷിക്കുവാൻ നമുക്ക് സാധിക്കണം എന്ന് സൂചിപ്പിച്ചുകൊണ്ടായിരുന്നു വചനസന്ദേശം.

രൂപതാ സെക്രട്ടറി സിസ്റ്റർ മോളി ജോസ് വാഴപ്പനാടി മുൻമാസത്തെ പ്രവർത്തന റിപ്പോർട്ടവതരിപ്പിച്ചു.

സ്നേഹബഹുമാന ആദരവുകളോടുകൂടി ആയിരിക്കണം നമ്മൾ ദൈവത്തിന്റെ മുമ്പിൽ നിൽക്കേണ്ടത് എന്ന് സൂചിപ്പിച്ചുകൊണ്ടായിരുന്നു ബഹുമാനപ്പെട്ട രൂപതാ പ്രസിഡന്റിന്റെ അദ്ധ്യക്ഷപ്രസംഗം.

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നമ്മുടെ ഭാതൃത്വങ്ങളിൽ നടക്കേണ്ട പ്രതിമാസ പ്രാർത്ഥനകളും മീറ്റിംഗുകളും നടക്കാത്ത ഭാതൃത്വങ്ങൾ മാസത്തിൽ ഒരു ദിവസമെങ്കിലും ബഹുമാനപ്പെട്ട വികാരിയച്ചൻമാരുടെ സഹകരണത്തോടെ പ്രാർത്ഥനകൾ ആരംഭിക്കുവാൻ ശ്രദ്ധിക്കണമെന്ന് യോഗം അഭിപ്രായപ്പെട്ടു.

മുൻ രൂപതാ പ്രസിഡന്റ് ബ്രദർ ജോസ് റ്റി. തയ്യിൽ എല്ലാവർക്കും കൃതജ്ഞത നേർന്നു. സമാപന പ്രാർത്ഥനയോടുകൂടി യോഗം 6 മണിക്ക് സമാപിച്ചു.

ഫ്രാൻസിസ്ക്കൻ അൽമായ സഭയുടെ കാഞ്ഞിരപ്പള്ളി രൂപതാംഗങ്ങളുടെ പ്രാർത്ഥനാ കൂട്ടായ്മ 21-11-2021 ന് വൈകുന്നേരം 5 മണിക്ക് ഗൂഗിൾമീറ്റിലൂടെ നടന്നു. രൂപതാ സെക്രട്ടറി സിസ്റ്റർ മേരിക്കുട്ടി ജോസ് വാഴപ്പനാടി പ്രാരംഭഗാനം ആലപിച്ചു.

ബ്രദർ ജോസ് തോമസ് തയ്യിൽ സ്വാഗതം ആശംസിച്ചു. സായാഹ്ന പ്രാർത്ഥനയ്ക്ക് കപ്പാട് ഭാതൃത്വം നേതൃത്വം നൽകി. വിശുദ്ധ ബൈബിളിൽ ധനവാൻ എന്നതുകൊണ്ട് നമ്മുടെ സാമ്പത്തികമായ ധനം അല്ല നമ്മുടെ ശാരീരികവും മാനസികവും ബുദ്ധിപരവുമായ ഇതര കഴിവുകളും നമ്മുടെ ധനമാണെന്നും ആയത് ആവശ്യമുള്ളവരെ കണ്ടെത്തി അവർക്ക് സമൃദ്ധമായി നൽകുവാൻ ദൈവമക്കളായ നമുക്ക് കടമയുണ്ട് എന്ന് സൂചിപ്പിച്ചുകൊണ്ടായിരുന്നു രൂപതാ പ്രസിഡന്റ് ബ്രദർ ജോസ് തോമസ് വെട്ടത്തിന്റെ വചനസന്ദേശം.

രാജാവാണെങ്കിലും എളിമയോടുകൂടി ജീവിച്ച് മാതൃകകാട്ടിയ ക്രിസ്തുരാജന്റെ തിരുനാൾ ആശംസകൾ നേർന്നുകൊണ്ട് രൂപതാ ഡയറക്ടർ റവ. ഫാ. ജെയിംസ് ചൂരമന OFM (Conv) അനുഗ്രഹപ്രഭാഷണം നടത്തി.

രൂപതാ വൈസ്പ്രസിഡന്റ് ബ്രദർ എബ്രാഹം ചക്കുവായിലിന്റെ കൃതജ്ഞതാപ്രകാശനത്തിന് ശേഷം രൂപതാ ഡയറക്ടറുടെ സമാപനാശീർവാദത്തോടുകൂടി പ്രാർത്ഥനാസമ്മേളനം 6 മണിയോടുകൂടി സമാപിച്ചു.

ഗൂഗിൾമീറ്റിംഗ് ക്രമീകരിച്ച ബ്രദർ ജോസ് കിഴക്കേത്തലയ്ക്കലിന് എല്ലാവരും പ്രത്യേക പ്രാർത്ഥനാശംസകൾ നൽകി.

**സെക്രട്ടറി**



# വിൻസെൻഷ്യൻ വേദി

സെൻട്രൽ കൗൺസിൽ, എല്ലാ വിൻസെൻഷ്യൻ സഹോദരീ സഹോദരർക്കും സമാഗതമാകുന്ന ക്രിസ്മസിന്റെയും നവവത്സരത്തിന്റെയും മംഗളങ്ങളും, പ്രാർത്ഥനകളും സ്നേഹപൂർവ്വം ആശംസിക്കുന്നു.

നാഷണൽ കൗൺസിലിന്റെ മീറ്റിംഗ് സൂം വഴി ഓൺലൈനായി നടത്തി. പ്രസിഡന്റ് പങ്കെടുത്തു.

സെൻട്രൽ കൗൺസിലിന്റെ 2021–22 വർഷത്തെ വാർഷികസമ്മേളനം 19.12.2021 ഞായറാഴ്ച രാവിലെ 10.30–ന് പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുന്നതാണ്. കോവിഡ് നിയന്ത്രണങ്ങൾ മൂലം എല്ലാവരെയും പങ്കെടുപ്പിച്ച് നടത്താൻ സാധിക്കാത്തതിനാൽ, സിസി അംഗങ്ങളും, എസി പ്രസിഡന്റുമാർ, എസി ഭാരവാഹികൾ എന്നിവരും, ജൂണിയർ കോൺഫ്രൻസ് ഡയറക്ടർ, കോൺഫ്രൻസ് പ്രസിഡന്റുമാർ എന്നിവരും മാത്രമെ പങ്കെടുക്കേണ്ടതുള്ളു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് സമ്മേളനം ഉത്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നടത്തുന്നതാണ്. സിസി അദ്ധ്യാത്മികോപദേഷ്ടാവ് പെരിയ ബഹുമാനപ്പെട്ട വർഗ്ഗീസ് പരിന്തിരിക്കലച്ചൻ ആമുഖ സന്ദേശം നൽകും. എല്ലാവരും കൃത്യസമയത്തു തന്നെ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

അന്നേ ദിവസം ഉച്ചകഴിഞ്ഞ് സെൻട്രൽ കൗൺസിലിന്റെ ഒരു അടിയന്തിര സമ്മേളനം സിസി ഓഫീസിൽ കൂടുന്നതാണ്. എല്ലാ സിസി അംഗങ്ങളും പങ്കെടുക്കേണ്ടതാണ്.

സിസി സമ്മേളനം 7.11.2021 ഞായറാഴ്ച രാവിലെ 10.30ന് സിസി ഓഫീസിൽ കൂടി. ഈ കഴിഞ്ഞ കാലങ്ങളിൽ കോവിഡ് മൂലം നമ്മുടെ കോൺഫ്രൻസുകളുടെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചി

രിക്കുകയായിരുന്നുവല്ലോ. കോവിഡിന്റെ തീവ്രത കുറഞ്ഞ സാഹച ര്യത്തിൽ കോൺഫ്രൻസുകൾ കൂടി പ്രവർത്തനങ്ങൾ ആരംഭിക്കേ ണ്ടതാണ്. എസികൾ കൗൺസിൽ മീറ്റിംഗ് കൂടി കോൺഫ്രൻസു കളെ ഇക്കാര്യം അറിയിക്കേണ്ടതാണ്. റാന്നി എസി പ്രസിഡന്റായി രുന്ന ബ്ര.ജോസ് ഇടിമണ്ണിക്കൽ കാലാവധി പൂർത്തിയായതിനാൽ വിരമിച്ച സാഹചര്യത്തിൽ പുതിയ പ്രസിഡന്റായി ചുമതലയേറ്റ വെച്ചൂ ച്ചിറ സെ.ജോസഫ്സ് കോൺഫ്രൻസ് അംഗം ബ്ര.ഷാജി ജോസഫ് ഊട്ടുകളം സിസി അംഗമായി സത്യപ്രതിജ്ഞ ചെയ്തു.

സെൻട്രൽ കൗൺസിലിന്റെ തീരുമാനപ്രകാരം ഇളങ്ങുളം എസി കൗൺസിൽ മീറ്റിംഗ് 14.11.2021-ന് ഇളങ്ങുളം എസി ഓഫീസിൽ പ്രസിഡന്റ് ബ്ര.ജോൺ മാത്യു തൊമ്മിത്തെഴെയുടെ അദ്ധ്യക്ഷത യിൽ കൂടി. ആദ്ധ്യാത്മികോപദേഷ്ടാവ് റവ.ഫാ.സെബാസ്റ്റ്യൻ കൊല്ലം കുന്നേൽ പങ്കെടുത്തു സന്ദേശം നൽകി.

ചിറക്കടവ് എസി കൗൺസിൽ മീറ്റിംഗ് 21.11.2021-ന് ചിറക്കടവ് എസി ഓഫീസിൽ പ്രസിഡന്റ് ബ്ര. ഷാജി ജേക്കബ്ബ് മഞ്ഞാടിയുടെ അദ്ധ്യക്ഷതയിൽ കൂടി. സിസി അഗ്രിഗേഷൻ ഓഫീസർ ബ്ര.പി.ജെ. ജോസഫ് പങ്കെടുത്തു. കോൺഫ്രൻസുകളിൽ നിന്നും പ്രസിഡന്റു മാർ പങ്കെടുത്തു.

റാന്നി എസി കൗൺസിൽ യോഗം 21.11.2021 ഞായറാഴ്ച പ്രസിഡന്റ് ബ്രദർ ഷാജി ജോസഫ് ഊട്ടുകളത്തിന്റെ അദ്ധ്യക്ഷത യിൽ റാന്നി എസി ഓഫീസിൽ കൂടി. സിസിയിൽ നിന്നും ബ്രദർ റ്റോമി ജോസഫ് മണിയമ്പ്രായിൽ പങ്കെടുത്തു. വിവിധ കോൺഫ്രൻസുകളിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. എസി ഭാര വാഹികളും സന്നിഹിതരായിരുന്നു.

പൊടിമറ്റം എസി കൗൺസിൽ മീറ്റിംഗ് 14.11.2021-ന് പൊടിമറ്റം എസി ഓഫീസിൽ പ്രസിഡന്റ് ബ്രദർ പി.സി. ജോസഫ് പാറടിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. വിവിധ കോൺഫ്രൻസുകളിൽ നിന്നായി പ്രസിഡന്റുമാർ പങ്കെടുത്തു.

മുണ്ടക്കയം എസി കൗൺസിൽ 17.11.2021 ബുധനാഴ്ച മുണ്ട ക്കയത്ത് എസി ഓഫീസിൽ കൂടി. എസി പ്രസിഡന്റ് ബ്ര.റ്റോമി

തെക്കേവയലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്ന കോൺഫ്രൻസുകൾ സന്ദർശിച്ച് കോൺഫ്രൻസ് അംഗങ്ങളെ നേരിൽകണ്ട് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി കോരുത്തോട് സെ.തോമസ് മൗണ്ട് വനിതാ കോൺഫ്രൻസ് 21.11.21–ന് സന്ദർശിച്ച് പുതിയ പ്രസിഡന്റായി ശ്രീമതി റീനാ ബിജു ചെരുവിലേപുത്തൻവീടിനെ തെരഞ്ഞെടുത്തു.

കാഞ്ഞിരപ്പള്ളി എസിയുടെ കീഴിൽ കാളകെട്ടി സെന്റ് എലിസബത്ത് ജൂണിയർ കോൺഫ്രൻസ് ഡയറക്ടറായിരുന്ന ഗ്രേസിക്കുട്ടി തോമസ് വിരമിച്ചതിനാൽ പുതിയ ഡയറക്ടറായി ശ്രീമതി സെലീനാമ്മ ജോസഫ് തോട്ടത്തിൽ ചാർജെടുത്തു.

മേരികുളം എസി കൗൺസിൽ യോഗം എസി പ്രസിഡന്റ് ബ്ര. ജോർജ്ജ് ആന്റണിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ ഹൈറേഞ്ച് മേഖലാ കോർഡിനേറ്റർ ബ്ര. ജോർജ്ജ് സി വി ചക്കാലക്കൽ മുഖ്യാതിഥിയായിരുന്നു. എസി പ്രസിഡന്റിന്റെ കാലാവധി പൂർത്തിയായതിനാൽ പുതിയ പ്രസിഡന്റായി മേരികുളം കോൺഫ്രൻസിലെ ബ്ര.സെബാസ്റ്റ്യൻ പി.ജെ. പള്ളിപ്പറമ്പിലിനെ തെരഞ്ഞെടുത്തു. നിയുക്ത പ്രസിഡന്റിന് സെൻട്രൽ കൗൺസിലിന്റെ അഭിനന്ദനങ്ങൾ (ഫോൺ 9496176872/9072876872)

**സെക്രട്ടറി**

# വിമല പബ്ലിക്കേഷൻസ്

VIMALA BOOKS

**പുത്തൻപുസ്തകം**

**1. കുപ്പായം: ബ്രദർ അനീഷ് മാളിയേക്കൽ**

പേജ്: 68/ പതിപ്പ്: 1/ വില: 70

ആത്മാർത്ഥതയ്ക്ക് തീപിടിക്കുന്ന ചെറുകുറിപ്പുകൾ; വായനയ്ക്കുശേഷം വിടാതെ പിന്തുടരുന്ന സത്പ്രേരണകൾ; പാണ്ഡിത്യപ്രദർശനത്തിന്റെ പ്രകടനപരതയില്ലാത്ത നേരറിവുകൾ! ഈ ചെറുഗ്രന്ഥത്തിലൂടെ തുറന്നുവിട്ടിരിക്കുന്നത് നന്മയുടെ മിന്നാമിനുങ്ങുകളുടെ ഇത്തരം നുറുങ്ങുവെട്ടങ്ങളാണ്. ആകുലതകളുടെയും ആതുരതകളുടെയും ഇരുളിൽനിന്ന് പ്രതീക്ഷ ചൊരിയുന്ന ആത്മീയതയുടെ പ്രകാശത്തിലേക്ക് 'കുപ്പായം' വായനക്കാരനെ കൊണ്ടുചെന്നെത്തിക്കുന്നു. കടുംചായക്കൂട്ടുകളില്ലാതെ മനുഷ്യജീവിതത്തിന്റെ പച്ചയായ യാഥാർത്ഥ്യങ്ങളെ ലളിതമായി പ്രതിപാദിച്ചിരിക്കുന്ന ഉത്തമകൃതി.

**2. മിശിഹാനുഭവസങ്കീർത്തനങ്ങൾ:**

**ഫാ. ഷിബിൻ വല്ലാട്ടുതുണ്ടത്തിൽ TOR**

രക്ഷകന്റെ വരവിനായി പ്രതീക്ഷിച്ചിരുന്ന ഒരു ജനതയുടെ ഹൃദയസ്പന്ദനങ്ങളാണ് സങ്കീർത്തനങ്ങൾ. പഴയനിയമത്തിൽ മറഞ്ഞിരിക്കുന്ന പുതിയനിയമത്തെയും പുതിയനിയമത്തിൽ തെളിഞ്ഞുവരുന്ന പഴയനിയമത്തെയും ഇതിലുടനീളം അനുഭവിച്ചറിയുന്നു. സങ്കീർത്തനങ്ങളുടെ കാവ്യഭംഗിയും ചരിത്രസ്വഭാവവും അതിൽ ഉൾക്കൊണ്ടിരിക്കുന്ന രക്ഷാകരസത്യങ്ങളും ആസ്വദിച്ചറിയേണ്ടതിന് വ്യത്യസ്ത ഗണങ്ങളായി തിരിച്ച് വിചിന്തനം നടത്തിയിരിക്കുന്ന ഉത്തമകൃതി.

## പണിപ്പുരയിൽ

### ചിത്രകഥാമാല (സെയിന്റ്സ് കളറിങ്ങ് സീരീസ്)

കുട്ടികളുടെ വായനാലോകം വിശാലമാക്കുന്നതിനും വിശുദ്ധരുടെ ജീവിതവഴികൾ പരിചയപ്പെടുത്തുന്നതിനുമുള്ള വിമലയുടെ പുതിയ പരമ്പര (ചിത്രകഥാമാല) ആരംഭിച്ചിരിക്കുന്നു. ചിത്രങ്ങളുടെ അകമ്പടിയോടെ വായനയും, വരയും, കളറിങ്ങും വഴി കുട്ടികൾക്ക് ഹൃദിസ്ഥമാക്കാനാവുംവിധത്തിൽ ആകർഷകമായ ചിത്രീകരണം.

**സെറ്റ് 1**

വി. മദർ തെരേസ, വി. അന്തോനീസ്, വി. ഫ്രാൻസീസ് അസീസി, വി. ചാവറ കുര്യാക്കോസ്, വി.അൽഫോൻസാമ്മ, വി. കൊച്ചുത്രേസ്യാ, വി. ജോവാൻ ഓഫ് ആർക്ക്, പരിശുദ്ധ മറിയം, വി. ഡോമിനിക് സാവിയോ, വി. മരിയ വിയാനി

1. സൗഹൃദതാളങ്ങൾ : ഫാ. ജിപ്സൺ ഇടപ്പുളവൻ
2. ഹൃദയപൂർവ്വം : സി. റ്റെസി മരിയ എഫ്.സി.സി
3. വീടൊരു സ്വർഗം : തങ്കച്ചൻ തുണ്ടിയിൽ
4. ഐ ആം റെഡി റ്റു ഡൈ : ജോസഫ് പോരാമംഗലം.
5. തിരിച്ചറിവുകൾ : ഫാ. സുബിൻ ജോസ്

**ഫാ. ജസ്റ്റിൻ മതിയത്ത്**

# Special Care Homes & Charitable Institutions

## ചൈൽഡ് ലൈൻ – (1098)

ഒക്ടോബർ – നവംബർ മാസങ്ങളിൽ 20 കേസുകൾ റിപ്പോർട്ട് ചെയ്തു. 2 കേസുകൾ ഇടുക്കി, പത്തനംതിട്ട ജില്ലകളുടെ കേസ് ആയതിനാൽ അതാത് ജില്ലകളിലേയ്ക്ക് റെഫർ ചെയ്തു. 2 കേസുകൾക്ക് കൗൺസിലിംഗ് നല്കി. ബാക്കി കേസുകൾ CWC (ചൈൽഡ് വെൽഫെയർ കമ്മിറ്റി)യിൽ റിപ്പോർട്ട് ചെയ്യുകയും കേസുകൾക്ക് follow - up കൾ നടത്തുകയും ചെയ്തു.

## ദുരിതാശ്വാസ സഹായം

കാഞ്ഞിരപ്പള്ളി, മുണ്ടക്കയം, എരുമേലി, ചിറക്കടവ് പഞ്ചായത്തിലെ കുട്ടികളുടെ ദുരിതാശ്വാസ ക്യാമ്പ് നടന്ന സ്കൂളുകൾ, പാരീഷ് ഹാൾ എന്നിവിടങ്ങളിലുള്ള ക്യാമ്പുകൾ വിസിറ്റ് ചെയ്യുകയും കുട്ടികൾക്ക് ആവശ്യമായ മെഡിക്കൽ കിറ്റ്, ന്യൂട്രീഷൻ കിറ്റ്, മാനസിക ഉല്ലാസപരിപാടികൾ, കൗൺസിലിംഗ് എന്നിവ നൽകുകയും ചെയ്തു.

## ബോധവത്ക്കരണ പരിപാടി

G.V.H.SS പൊൻകുന്നം, G.L.P. School ചിറക്കടവ്, സെന്റ് ജോർജ് H.S. കൂട്ടിക്കൽ, J.J. മർഫി സ്കൂൾ ഏന്തയാർ എന്നീ സ്കൂളുകളിൽ വച്ച് ചൈൽഡ് ലൈൻ സപ്പോർട്ട് ടീം ചൈൽഡ് ലൈൻ സേവനങ്ങൾ, കുട്ടികളുടെ അവകാശങ്ങൾ എന്നീ വിഷയത്തെ അടിസ്ഥാനമാക്കി ബോധവത്ക്കരണക്ലാസ് നടത്തി.

### ന്യുട്രീഷൻ സപ്പോർട്ട്

കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ടുപോയ 2 കുട്ടികൾക്ക് ന്യുട്രീഷൻ കിറ്റ് Provide ചെയ്തു.

### ആശാനിലയം സ്കൂൾ

ചെങ്കല്ലിലെ ആശാനിലയം സ്കൂളിൽ 18 വയസു കഴിഞ്ഞ കുട്ടികളുടെ വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിന്റെ പ്രവേശനോത്സവവും, അദ്ധ്യാപക രക്ഷകർത്തൃസമ്മേളനവും നടത്തി. കുട്ടികളുടെ രക്ഷകർത്താക്കളും അദ്ധ്യാപകരും ഈ സമ്മേളനത്തിൽ പങ്കെടുത്തു.

### പ്രളയ ദുരിതാശ്വാസം

കാഞ്ഞിരപ്പള്ളി വികെയർ സെന്ററിന്റെ നേതൃത്വത്തിൽ അഞ്ചിലിപ്പ അഭയഭവനിൽ നടന്ന ക്ലീനിംഗ്, ഇതരപ്രവർത്തനങ്ങളിൽ 30 പേർ പങ്കെടുത്തു. കൂട്ടിക്കൽ, ഏന്തയാർ എന്നീ പ്രളയബാധിത പ്രദേശങ്ങളിലെ 100 കുടുംബങ്ങൾക്ക് അരി, പലവ്യഞ്ജനങ്ങൾ എന്നിവ ഉൾപ്പെടുന്ന ഭക്ഷ്യക്കിറ്റ് നൽകി. അഴങ്ങാട്, മേലോരം, പ്രദേശങ്ങളിലെ 100 വീടുകൾക്ക് അരി, പലവ്യഞ്ജനം, വസ്ത്രം എന്നിവ എത്തിച്ചു നൽകി. കോട്ടയംജില്ല LLC (ലോക്കൽ ലെവൽ കമ്മറ്റി)യുമായി ചേർന്ന് മുപ്പതിലധികം കുടുംബങ്ങൾക്ക് അരി, പലവ്യഞ്ജനങ്ങൾ എന്നിവ അടങ്ങുന്ന ഭക്ഷ്യക്കിറ്റുകൾ വിതരണം നടത്തി.

### വാത്സല്യം 2021

വീ കെയർ സെന്ററിന്റെ നേതൃത്വത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്കു പഠനസഹായം കൊടുക്കുന്ന STEP എന്ന പ്രോഗ്രാമിന്റെ സ്കോളർഷിപ്പു വിതരണം നടത്തി. ഹൈറേഞ്ച് മേഖലയിൽ കട്ടപ്പന, മേരികുളം എന്നീ രണ്ട് ഇടവക കേന്ദ്രീകരിച്ച് അവിടെയുള്ള കുട്ടികൾക്ക് പഠനസഹായതുക വിതരണം നടത്തി. അതോടനുബന്ധിച്ച് ഈ കുടുംബങ്ങൾക്ക് ബി

ഏബിൾ ഉൽപ്പന്നങ്ങളായ വാഷിംഗ് പൗഡർ, സോപ്പ്, ഓയിൽ, ടോയ്‌ലറ്റ് ക്ലീനർ, ഹാൻഡ് വാഷ്, ഡിഷ് വാഷ്, കാൻഡിൽ എന്നിവയും വിതരണം നടത്തി. ലോറേഞ്ചിലെ STEP പ്രോഗ്രാം 2 ദിവസങ്ങളിലായി കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. ഈ കുടുംബങ്ങൾക്കും, സ്കോളർഷിപ്പ് തുകയും Be Able ഉൽപ്പന്നങ്ങളും വിതരണം ചെയ്തു. രണ്ടു മേഖലകളിലുമായി 400 –റോളം കുടുംബങ്ങൾക്ക് ഈ സഹായം കൊടുക്കുകയുണ്ടായി.

**സാമ്പത്തിക സഹായം**

വി കെയറിന്റെ Students Training and Education Programme (STEP) വഴി 400 കുട്ടികൾക്ക് ക്ലീനിംഗ് ഉൽപ്പന്നങ്ങൾ അടങ്ങുന്ന കിറ്റും വിദ്യാഭ്യാസ സഹായമായി 20 ലക്ഷം രൂപായും വിതരണം ചെയ്തു.

**ഫാ. റോയി മാത്യു വടക്കേൽ**

**ഡയറക്ടർ**

# മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി

### പ്രളയബാധിതർക്ക് കൈത്താങ്ങ്

പ്രളയവും ഉരുൾപ്പൊട്ടലും മൂലം ദുരിതമനുഭവിക്കുന്ന എരുമേലി, കണമല, ഏയ്ഞ്ചൽവാലി, പുഞ്ചവയൽ, കോരുത്തോട്, കൂട്ടിക്കൽ, വടക്കേമല, മുക്കുളം, ഏന്തയാർ, അഴങ്ങാട്, മേലോരം എന്നീ പ്രദേശങ്ങളിൽ അരി, ഉണക്കുകപ്പ, പയർ, തേങ്ങ, തേയില, കാപ്പിപ്പൊടി, വെളിച്ചെണ്ണ, തേൻ, ബ്രഡ്, പാൽ, കുടിവെള്ളം എന്നിവ എത്തിച്ചു നൽകി.

### ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സഹായം

പ്രളയവും ഉരുൾപ്പൊട്ടലും മൂലം ദുരിതമനുഭവിക്കുന്ന പ്രദേശങ്ങളിൽ അടിയന്തിര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സൊസൈറ്റി 8,64,609/- രൂപ ചെലവഴിച്ചു.

### ഭവനനിർമ്മാണ സഹായം

ഉപ്പുതറ, വെച്ചൂച്ചിറ, നെയ്യാട്ടുശ്ശേരി, പൊൻകുന്നം, വെളിച്ചിയാനി, പെരുവന്താനം, വലിയതോവാള, രാമക്കൽമേട് എന്നീ സ്ഥലങ്ങളിലുള്ള നിർദ്ധനരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാൻ 9,25,000/- രൂപ ധനസഹായമായി നൽകി.

### മറ്റ് സഹായങ്ങൾ

ഭക്ഷ്യസഹായം, വിദ്യാഭ്യാസസഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 5,43,872/- രൂപ ചിലവഴിച്ചു.

### മലനാട് ജീവകാരുണ്യ പദ്ധതി

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി ഇടവകകൾ തോറും നടപ്പിലാക്കുന്ന കരുതൽ, സാന്ത്വനം, ചികിത്സാ എന്നീ പദ്ധതികൾക്കായി 8,61,500/- രൂപ ചിലവഴിച്ചു.

## ക്വാളിറ്റി അപ്ഗ്രഡേഷൻ പ്രോഗ്രാം

മിൽക്ക് സൊസൈറ്റികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, പുതിയ കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി സൊസൈറ്റി രക്ഷാധികാരികളുടെയും പ്രസിഡന്റുമാരുടെയും സമ്മേളനം, പല ബാച്ചുകളായി പാറത്തോട് എം.ഡി.എസിൽ വച്ച് നടത്തി.

## കാലിത്തീറ്റ സബ്സിഡി

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉത്പാദിപ്പിക്കുന്ന പോഷകസമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷകരുടെ വരുമാന വർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 4,64,829/- രൂപ ചിലവഴിച്ചു.

## മലനാട് കേക്ക് വിപണിയിൽ

സൊസൈറ്റിയുടെ നേതൃത്വത്തിൽ നിർമ്മിക്കുന്ന വിവിധയിനം കേക്കുകൾ പൈനാപ്പിൾ, പ്ലം, റിച്ച് പ്ലം, ഫ്രൂട്ട് റിച്ച് പ്ലം, മാർബിൾ, ചോക്ലേറ്റ്, ഹണി, ക്യാരറ്റ് എന്നിവ വിപണിയിലെത്തിക്കുന്നതാണ്.

## ഇൻഫാം

## HDC ഉദ്ഘാടനം

ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ലയുടെ മാധ്യമവിഭാഗമായ ഇൻഫാം ഇൻഫർമേഷൻ ആൻഡ് ഡിസിമിനേഷൻ സെല്ലിന്റെ ഉദ്ഘാടനം നടത്തി. ഇൻഫാം ജോയിന്റ് ഡയറക്ടർ ഫാ. ജിൻസ് കിഴക്കേൽ, HDC ഡയറക്ടർ ഫാ. റോബിൻ പട്രക്കാലായിൽ, കാർഷിക ജില്ലാ പ്രസിഡന്റ് എബ്രഹാം മാത്യു പന്തിരുവേലിൽ, ഇൻഫാം പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## കാർഷിക ജില്ലാ സമിതിയോഗം

പ്രളയവും ഉരുൾപ്പൊട്ടലും മൂലം ദുരിതമനുഭവിക്കുന്നവർക്ക് സഹായം നൽകുന്നതിനായി പാറത്തോട് എം.ഡി.എസ്. ട്രെയിനിംഗ് സെന്ററിൽ വച്ച് നടത്തിയ ആലോചന യോഗത്തിൽ കാർഷിക ജില്ലാ

ഡയറക്ടർമാരായ ഫാ. മാർട്ടിൻ വെള്ളിയാംകുളം, ഫാ. സെബാസ്റ്റ്യൻ പെരുനിലം, ഫാ. ജിൻസ് കിഴക്കേൽ, ഫാ. ജോർജ് അനന്തക്കാട്ട്, ഫാ. വർഗീസ് കാക്കല്ലിൽ, ഫാ. മാത്യു നിരപ്പേൽ, ഫാ. തോമസ് ഞള്ളിയിൽ, ഫാ. തോമസ് നല്ലൂർകാലായിൽപറമ്പിൽ, ഫാ. ജസ്റ്റിൻ മതിയത്ത്, ഫാ. തോമസ് തെക്കേമുറി, ഫാ. ജേക്കബ് നെടുംതകിടി, ഫാ. വർഗീസ് കുളമ്പള്ളി, ഫാ. ജെയിംസ് വെൺമാന്തറ, ഫാ. റോബിൻ പട്രക്കാലായിൽ, ഫാ. ദേവസ്യാ തൂമ്പുങ്കൽ, കാർഷിക ജില്ലാ പ്രസിഡന്റ് അഡ്വ. എബ്രാഹം മാത്യു പന്തിരുവേലിൽ, ശ്രീ. ബെന്നി വരിക്കമാക്കൽ, ശ്രീ. ഷാബോച്ചൻ മുളങ്ങാശ്ശേരി, ശ്രീ. ജോയി കട്ടക്കയം, ശ്രീ. ജോസ് താഴത്തുപീടിക, ശ്രീ. ജോസ് പതിക്കൽ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

**മലനാടും ഇൻഫാമും കൈകോർത്ത് പ്രളയബാധിത പ്രദേശങ്ങളിൽ സഹായം**

ഇൻഫാം കർഷകരുടെ നേതൃത്വത്തിൽ 200 രൂപ ചലഞ്ചിലൂടെ ലഭിച്ച തുക ഉപയോഗിച്ച് പ്രളയബാധിത മേഖലയിൽപ്പെട്ടവർക്കായി അഞ്ഞൂറിൽപരം ഭക്ഷ്യക്കിറ്റുകളും കിടക്കകളും വിതരണം ചെയ്തു. ഇതിന്റെ ഫ്ളാഗ്ഓഫ് കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ നിർവ്വഹിച്ചു.

**സൗജന്യ AIMS Portal രജിസ്ട്രേഷൻ**

ഇൻഫാം യൂത്ത് വിങ്ങിന്റെ നേതൃത്വത്തിൽ വിവിധ ഗ്രാമസമിതികളിൽ സൗജന്യമായി സംസ്ഥാന സർക്കാരിന്റെ AIMS പോർട്ടലിൽ കർഷക രജിസ്ട്രേഷൻ നടത്തി.

**പച്ചക്കപ്പ സംഭരണം**

ചാമംപതാൽ, ഇടക്കുന്നം, ആനിക്കാട്, നെയ്യാട്ടുശ്ശേരി, കണമല എന്നീ ഇൻഫാം യൂണിറ്റുകളിലെ കർഷകരിൽ നിന്നും 20313 കിലോ പച്ചക്കപ്പ സംഭരിച്ചു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**

**സെക്രട്ടറി**

# പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി

.

പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ, നവംബർ മാസങ്ങളിലായി വിവിധ ഗ്രാമതലങ്ങളിൽ നടത്തിയ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.

**പി.ഡി.എസ്. ഓർഗാനിക് സ്പൈസസ്**

**Export:** ഒക്ടോബർ, നവംബർ മാസങ്ങളിലായി വിവിധ ഇടങ്ങളിലേക്ക് നടന്ന കൺസെയ്ൻമെന്റുകൾ. യു.എസ്.എ :3, യു .കെ: 1, ജർമനി: 1

**കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്**

**റീജണൽ മീറ്റിംഗ്**

പി.ഡി.എസ്. വിവിധ ഗ്രാമങ്ങളിൽ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങളെ വിലയിരുത്തുക, ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ മാസങ്ങളിലും നടത്തപ്പെടുന്ന റീജിയണൽ മീറ്റിങ്ങുകൾ 28/11/2021 -ൽ ഓൺലൈനായി നടത്തപ്പെടുകയുണ്ടായി. വിവിധ ഗ്രാമങ്ങളിൽ നിന്നുള്ള പ്രതിനിധികൾ മീറ്റിങ്ങിൽ പങ്കെടുത്ത് റിപ്പോർട്ട് അവതരിപ്പിച്ചു. ഒപ്പം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിൽസൺ ജയിംസ് കുന്നത്ത്പുരയിടം, ജോയിന്റ് ഡയറക്ടർ ഫാ. ബ്രിജേഷ് പുറ്റുമണ്ണിൽ, പ്രോഗ്രാം ഡയറക്ടർ ഡോ. സിബി ജോസഫ്, ചീഫ് കോഡിനേറ്റർ, റീജണൽ കോഡിനേറ്റർമാർ എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു.

**ഇന്റൻഷിപ്പ് പ്രോഗ്രാം**

പഠനത്തിന്റെ ഭാഗമായി 1 കോളേജിൽ നിന്നും 1 കുട്ടി പീരുമേട്

ഡെവലപ്മെന്റ് സൊസൈറ്റിയിൽ ഇന്റൻഷിപ്പ് പൂർത്തിയാക്കി വരുന്നു.

**കർഷക ഉത്പാദക സംഘം.**

നബാർഡും നാഷണൽ കോഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനും സഹകരിച്ച്, 9 ബ്ലോക്കുകൾ കേന്ദ്രീകരിച്ചുള്ള കർഷക കമ്പനികളുടെ രജിസ്ട്രേഷൻ പൂർത്തിയായി. 9 ബ്ലോക്കുകളുടെ അടിസ്ഥാന വിവര ശേഖരണം പൂർത്തിയായി. രജിസ്ട്രേഷൻ പൂർത്തിയായ കർഷക കമ്പനികൾക്ക് ഗവൺമെന്റിൽ നിന്നുള്ള ഗ്രാൻഡിന് വേണ്ടിയുള്ള അപേക്ഷ സമർപ്പിച്ചു.

2 കർഷക കമ്പനികൾക്ക് ഗവൺമെന്റിൽ നിന്നുള്ള ഇക്വിറ്റി ഗ്രാൻഡ് ലഭിച്ചു. 2 കർഷക കമ്പനികളിൽ ഷെയർ ഹോൾഡേഴ്സിന്റെ എണ്ണം 300 കവിഞ്ഞു. കർഷക കമ്പനികളിൽ അംഗങ്ങളെ ചേർക്കുന്നതിന് വേണ്ടി ഓരോ ബ്ലോക്കിലും കോർണർ മീറ്റിങ്ങുകളും ഷെയർ വിൽപ്പന മേളകളും നടന്നു വരുന്നു.

**സംരംഭകത്വ പരിശീലനം (LEDP)**

കൂൺ കൃഷി, ആട്, തേനീച്ച, കോഴി വളർത്തൽ എന്നീ സംരംഭങ്ങളുടെ വിജയകരമായ നടത്തിപ്പിനാവശ്യമായ, പത്തു ദിവസം നീണ്ടു നിന്ന പരിശീലനപരിപാടി യുടെ രണ്ടാം ഘട്ടം ഉപ്പുതറയിൽ യൂണിറ്റ് ഡയറക്ടർ ഫാ: ആന്റണി മണിയങ്ങാട്ട് ഉദ്ഘാടനം ചെയ്തു. പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി പ്രോഗ്രാം ഡയറക്ടർ ഡോ: സിബി ജോസഫ് മീറ്റിംഗിൽ സന്നിഹിതനായിരുന്നു. വിവിധ സ്വയംസഹായ സംഘങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 30 പേർ ട്രെയിനിങ്ങിൽ പങ്കെടുക്കുന്നു.

**വനജ്യോതിസ്**

**പദ്ധതിപ്രദേശം**: കോഴിമല,കണ്ണംപടി, കൊമ്പുകുത്തി ട്രൈബൽ കോളനികൾ. ആദിവാസി കുടുംബങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് നടപ്പിലാക്കി വരുന്ന വനജ്യോതിസ് പദ്ധതിയിലുൾപ്പെടുത്തി ഈ മാസം നടപ്പിലാക്കിയ ആക്ടിവിറ്റികൾ

1. കന്നുകാലി വളർത്തൽ: 1 യൂണിറ്റ്

2. വനവിഭവ ശേഖരണ കിറ്റ്:1

## പരിശീലനപരിപാടി

വനജ്യോതിസ് പദ്ധതിയുടെ ഭാഗമായി 2 വിഷയങ്ങളിലായി ട്രെയിനിങ്ങുകൾ നടത്തി. ഇതിൽ 35 ആളുകൾ പങ്കെടുത്തു.

## സാമ്പത്തിക സഹായങ്ങൾ

കുടുംബ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി വഴിയായും, പി.ഡി.എസ് ഫാമിലി കെയർ പ്രോഗ്രാം ആയ സേവ് എ ഫാമിലി പ്ലാൻ വഴിയായും ഈ മാസം നൽകിയ സാമ്പത്തിക സഹായങ്ങൾ: വരുമാനദായക പ്രവർത്തനങ്ങൾക്ക് 208900/-, ഭവന നിർമ്മാണം 383060/-, ചികിത്സാ സഹായം 62000/-, വിദ്യാഭ്യാസ സഹായം ആയി 309500/-, മറ്റ് സഹായങ്ങൾ: 14450/-

## കൗൺസിലിംഗ് സേവനം

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെന്ററിൽ ഒക്ടോബർ, നവംബർ മാസങ്ങളിലായി 24 കേസുകൾ രജിസ്റ്റർ ചെയ്തു. അവർക്ക് ആവശ്യമായ കൗൺസിലിങ് സേവനം ഈ സെന്ററിൽ നിന്നും നൽകി വരുന്നു.

## ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ സഹായത്തോടെ പി.ഡി. എസ് നടത്തുന്ന യൂണിവേഴ്സൽ ഹെൽത്ത് ഇൻഷുറൻസ് പദ്ധതിയിൽ ഈ മാസം 328 കുടുംബങ്ങൾ അംഗത്വമെടുത്തു. ആശുപത്രിയിൽ കിടന്നുള്ള ചികിത്സാ സഹായമായി 2 യൂണിറ്റുകളിൽ ആയി 5 പേർക്ക് 31730/- രൂപ വിതരണം ചെയ്തു.

1. കരുണാപുരം : 17150/-
2. വെള്ളിലാംകണ്ടം : 14580/-

**ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം**
**ഡയറക്ടർ**

# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**

**നവംബർ 2021**

02 പുല്ലുപാറ ഉരുൾപൊട്ടലിൽ പലരുടെയും ജീവൻ രക്ഷിച്ച എരുമേലി KSRTC ഡിപ്പോയിലെ കണ്ടക്ടർ ഡോ. ജെയ്സണിനെയും ഡ്രൈവർ കെ.റ്റി. തോമസിനെയും പാസ്റ്ററൽ സെന്ററിൽ വച്ച് ആദരിച്ചു.

– കോട്ടയം ദേവലോകം അരമനയിൽ മലങ്കര ഓർത്തഡോക്സ് സിറിയൻ സഭയുടെ പുതിയ പരമാദ്ധ്യക്ഷൻ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയനെ സന്ദർശിച്ച് ആശംസകൾ നേർന്നു.

3 പഴയിടം ഇടവകയിൽ ബഹു. എബ്രാഹം കടിയക്കുഴി അച്ചന്റെ വത്സലപിതാവ് നിര്യാതനായ ശ്രീ. തോമസിന്റെ മൃതസംസ്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

– കട്ടപ്പന ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

– കട്ടപ്പന സെന്റ് ജോർജ് ഹയർ സെക്കണ്ടറി സ്കൂളിന്റെ മെരിറ്റ് ഡേ പ്രോഗ്രാം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

4 വെളിച്ചിയാനി ഇടവകയിൽ നിര്യാതയായ മേരിക്കുട്ടി കുമ്പിടിയാങ്കലിന്റെ ഭവനത്തിലെത്തി ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

5 പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന സഹ്യാദ്രിയുടെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

6 പാലപ്ര ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

7 സീതത്തോട് ഇടവകയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

8 ഇടുക്കി ഇടവകയിൽ കപ്പൂച്ചിൻ സഭാംഗമായ ഡീക്കൻ സെബിൻ കോലത്തിന് തിരുപ്പട്ടം നൽകി.

– രാമപുരത്ത് മന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ ഭവനത്തിലെത്തി പരേതനായ പിതാവിന് ഒപ്പീസ് പ്രാർത്ഥന നടത്തി.

– തുരുത്തിയിൽ അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ നിര്യാതയായ സഹോദരിക്ക് ഒപ്പീസ് പ്രാർത്ഥന നടത്തി.

12 ആനക്കല്ല് സെന്റ് ആന്റണീസ് സ്കൂളിന്റെ പുതുതായി നിർമ്മിച്ച ഫാ. ആന്റണി നിരപ്പേൽ മെമ്മോറിയൽ ബ്ലോക്കിന്റെ ആശീർവാദ കർമ്മം നിർവ്വഹിച്ചു.

14 ആനക്കല്ല് ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

15 വെളിച്ചിയാനി ഇടവകയിൽ നിര്യാതനായ സ്കറിയ കളരിക്കലിന്റെ ഭവനത്തിലെത്തി ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

– മണിമല ഇടവകയിൽ ആശാദീപം ചാരിറ്റബിൾ ട്രസ്റ്റിന്റെ നേതൃത്വത്തിൽ പണികഴിപ്പിച്ച ഭവനത്തിന്റെ ആശീർവാദകർമ്മം നിർവ്വഹിച്ചു.

– മാതൃവേദി ഗ്ലോബൽസമിതിയുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

16 ഇളങ്ങുളം ഇടവകയിൽ നിര്യാതയായ വത്സമ്മ നല്ലൂർ കാലായിപറമ്പിലിന്റെ ഭവനത്തിലെത്തി ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

– പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന ഫൊറോന വികാരിമാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

– ഭദ്രാവതി രൂപതയിലെ വൈദികർക്കു വേണ്ടിയുള്ള മാസധ്യാനം ഓൺലൈനായി നടത്തി.

17 പൊടിമറ്റം സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

– കാഞ്ഞിരപ്പള്ളി രൂപത വൈദികരുടെ ഓൺലൈൻ തുടർപരിശീലന പ്രോഗ്രാമിൽ പങ്കെടുത്തു.

18 പോത്തുപാറയിൽവച്ച് നടന്ന സഹ്യാദ്രിയുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

- കാഞ്ഞിരപ്പള്ളി രൂപത വൈദികരുടെ ഓൺലൈൻ തുടർപരിശീലന പ്രോഗ്രാമിൽ പങ്കെടുത്തു.

19 കാഞ്ഞിരപ്പള്ളി രൂപത വൈദികരുടെ ഓൺലൈൻ തുടർപരിശീലന പ്രോഗ്രാമിൽ പങ്കെടുത്തു.

20 ആനക്കല്ല് ഇടവകയിൽ ബഹു. ജേക്കബ് പുറ്റനാനിക്കൽ അച്ചന്റെ നിര്യാതയായ വത്സല മാതാവ് ശ്രീമതി ഏലിക്കുട്ടിയുടെ മൃതസംസ്ക്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

- ചെങ്കൽ ഇടവകയിൽ നിര്യാതനായ ശ്രീ. ജോസഫ് നാൽപതാംകളത്തിന്റെ ഭവനത്തിലെത്തി ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

- കപ്പാട് ഇടവകയിൽ നിര്യാതനായ ജെയിംസ് പെരുമാക്കുന്നേലിനുവേണ്ടി ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

- പാലാ സിവിൽസർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആശീർവാദകർമ്മത്തിൽ പങ്കുചേർന്നു.

- ഏന്തയാർ ഇടവകയിൽ വി. കുർബാന അർപ്പിച്ച് പുതുതായി നിർമ്മിച്ച വൈദികമന്ദിരത്തിന്റെ ആശീർവാദ കർമ്മം നിർവഹിച്ചു.

21 പൊടിമറ്റം എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ സിനാക്സിസിൽ സന്ദേശം കൊടുത്തു.

- കാഞ്ഞിരപ്പള്ളി സുവാറയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മാർ മാത്യു വട്ടക്കുഴി മെമ്മോറിയൽ സിമ്പോസിയം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

22 കത്തീഡ്രൽ ഇടവകയിൽ പരേതനായ അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ അനുസ്മരണ ദിനത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

- ഇഞ്ചിയാനി ഇടവകയിലെ പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിച്ചു.

- നെടുങ്കുന്നം ഇടവകയിൽ ബഹു. FDSHJ സന്യാസിനി സഭയുടെ നിര്യാതയായ മദർ ജനറൽ സി. റോസി പുതുപ്പറമ്പിലിനുവേണ്ടി ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

23 തൃശ്ശൂർ ബിഷപ്പ്ഹൗസിൽ വച്ച് ഷെക്കീന ടെലിവിഷൻ സംഘടിപ്പിച്ച കരിസ്മാറ്റിക്ക് ലീഡേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകി.

24 പൊടിമറ്റം FCC Provincial house - ൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

- ഇളങ്ങുളം ഇടവകയിൽ വച്ച് നടത്തിയ പൊൻകുന്നം ഫൊറോന വൈദിക സമ്മേളനത്തിൽ പങ്കെടുത്തു.

25 ഇഞ്ചിയാനി സ്നേഹദീപം ആശ്രമത്തിൽ വി. കുർബാന അർപ്പിച്ചു.

- ആനിക്കാട് ഇടവകയിൽ നിര്യാതയായ ബഹു. സി. ആൻഡ്രൂസ് തെക്കേക്കണ്ടത്തിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

26 എലിക്കുളം ഇടവകയിൽ നിര്യാതനായ ശ്രീ. മാണി മാടപ്പള്ളിലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

- കാഞ്ഞിരപ്പള്ളിയിൽ നവീകരിച്ച ജനതാ ഡിപ്പാർട്ട്മെന്റ് സ്റ്റോറിന്റെ ഉദ്ഘാടനചടങ്ങിൽ പങ്കെടുത്തു അനുഗ്രഹ സന്ദേശം നൽകി.

- LRC യുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

27 കുന്നുംഭാഗം SABS Provincial House - ൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

28 കത്തീഡ്രൽ ഇടവകയിൽ നവീകരിച്ച ആരാധനക്രമത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

- ചെങ്കൽ ഇടവകയിൽ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷത്തോടനുബന്ധിച്ച് പണികഴിപ്പിച്ച ഭവനത്തിന്റെ ആശീർവാദകർമ്മം നടത്തി.

29 കൂവപ്പള്ളി അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ പുതുതായി ചേർന്ന കുട്ടികൾക്ക് ക്ലാസ് നയിച്ചു.

- പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന രൂപതാ എഡ്യുക്കേഷൻ കമ്മറ്റിയിൽ പങ്കെടുത്തു.

30 ചങ്ങനാശ്ശേരി ബിഷപ്പ്സ് ഹൗസിൽ വച്ചു നടന്ന Inter Church Meeting -ൽ പങ്കെടുത്തു.

- വണ്ടൻപതാൽ ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

- പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന വൈദികരുടെ സുവർണ്ണജൂബിലി, രജതജൂബിലി അനുമോദന സമ്മേളനത്തിൽ പങ്കെടുത്ത് ബഹു. വൈദികർക്ക് അനുമോദനങ്ങളും ആശംസകളും നേർന്നു.

## മാർ മാത്യു അറയ്ക്കൽ

## നവംബർ 2021

01 മുണ്ടക്കയത്ത് ഒരു മൃതസംസ്ക്കാരത്തിൽ ഭവനത്തിലെത്തി ഉപചാരമർപ്പിച്ചു.

03 പഴയിടത്ത് കടിയക്കുഴിയിൽ പരേതനായ കൊച്ചേട്ടന്റെ ഭവനത്തിലെത്തി ഒപ്പീസ് പ്രാർത്ഥന നടത്തി.

- എരുമേലി മഠത്തിൽ പരേതയായ റവ. സി. പെലാജിയ FCC യുടെ മൃതസംസ്ക്കാരശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

04 ചങ്ങനാശ്ശേരി ചേപ്പുപാറയിടവകയിൽ ഒരു വിവാഹമാശീർവദിച്ചു.

05 കളമശ്ശേരിയിടവകയിൽ ഒരു മൃതസംസ്ക്കാരം നടത്തി.

07 കുട്ടിക്കാനം കോളേജു ചാപ്പലിൽ ഒരു വിവാഹവാഗ്ദാനം നടത്തി.

- ചിറ്റടിയിൽ പരേതനായ പുതുപ്പറമ്പിൽ ജോണിന്റെ ഭവനത്തിലെത്തി ഒപ്പീസ് പ്രാർത്ഥന നടത്തി.

08 രാമപുരത്ത് മന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ ഭവനത്തിലെത്തി പരേതനായ പിതാവിന് ഒപ്പീസ് പ്രാർത്ഥന നടത്തി.

09 പാമ്പാടി ദയറായിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ പുതിയ ബാവാ മാത്യൂസ് തൃതീയന്റെ ആദരിക്കൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു.

13 പോത്തുപാറ സെന്റ് ജൂഡ് കുരിശുപള്ളിയിൽ വിശുദ്ധ ബലി യർപ്പിച്ചു.

18 സഹ്യാദ്രി ബാങ്ക് ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

20 ആനക്കല്ല് സെന്റ് ആന്റണീസ് ദൈവാലയത്തിൽ ബഹു. ജേക്കബ് പുറ്റനാനിക്കലച്ചന്റെ മാതാവിന്റെ മൃതസംസ്ക്കാരശു ശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

\- ചെങ്കല്ല് ദൈവാലയത്തിൽ പരേതനായ പി.സി. ജോസഫ് നാല്പതാംകുളത്തിലിന്റെ മൃതസംസ്ക്കാരശുശ്രൂഷ നടത്തി.

\- Pala Civil Service Institute building blessinng -ൽ പങ്കെടുത്തു.

21 പത്തനംതിട്ട മേരി മാതാ ഫൊറോനാ ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

22 മുൻ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ വട്ടക്കുഴിപ്പിതാവിന്റെ 5-ാം ചര മവാർഷികദിനത്തിൽ കത്തീദ്രൽ ദൈവാലയത്തിലെത്തി ഒപ്പീസ് പ്രാർത്ഥന നടത്തി.

25 റാന്നി ഇടവകയിൽ പരേതയായ ഈരുരിക്കൽ ശോശാമ്മയുടെ ഭവനത്തിലെത്തി ഒപ്പീസ് പ്രാർത്ഥന നടത്തി.

\- ഏന്തയാർ ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ചു. കുരിശടി വെഞ്ചരിച്ചു.

27 ചെങ്ങളം ഇടവക ദൈവാലയത്തിൽ ഒരു ജ്ഞാനസ്നാനം പരി കർമ്മം ചെയ്തു.

\- കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവകയിൽ പരേതനായ കുന്നത്ത് ചാക്കോയുടെ ഭവനത്തിലെത്തി ഒപ്പീസ് പ്രാർത്ഥന നടത്തി.

28 മുക്കൂട്ടുതറ ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ചു. കുരിശടി ആശീർവദിച്ചു.

30 നെടുങ്കണ്ടത്ത് ഒരു കർഷകസമ്മേളനം ഉദ്ഘാടനം നടത്തി.

# BISHOP'S ENGAGEMENTS
## MAR JOSE PULICKAL
## December - 2021

| Date | Programme | Place | Time |
|---|---|---|---|
| 1 | State Conference of Prison Ministry | POC | 10:30 am |
| 3 | Holy Qurbana | Thodupuzha Divine Mercy Shrine | 3:45 pm |
| - | LRC | Online | 6:00 pm |
| 4 | MMT board meeting | Medical Trust Hospital | 2:30 p.m. |
| 6 | Holy Qurbana | Provincial House S.H. | 6:30 am |
| 7-9 | KCBC | POC | |
| 10 | LRC | Online | 6:30 pm |
| 11 | Pithruvedi members meet | Pastoral Centre | 10:00 am |
| 12 | Holy Qurbana | Padanilam | 7:00 am |
| - | Synaxis | SABS Provincial House | 9:30 am |
| 14 | Priest Conference | Pastoral Centre | 10:00 am |
| 15 | Zoom meeting | | |
| 16 | Holy Qurbana | SABS Provincial house | 6:30 am |
| - | Cemetry Chappel blessing | Vandanpathal | 3:30 pm |
| 17 | LRC meeting | Online | 6:30 pm |
| 18 | Convocation Ceremony | Podimattom | 10:30 am |

| | | | |
|---|---|---|---|
| 19 | Vincent de Paul Annual General meeting | Pastoral Centre | 10:30 am |
| - | Sunday School Animators meet | Pastoral Centre | 11:30 am |
| 22 | House Blessing | Elamgulam | 10:30 am |
| 25 | Holy Qurbana (Christmas) | Cathedral | |
| 26 | Holy Qurbana | Kanchiyar | 9.00 am |
| 27 | Ordination | Elikkulam | 9:15 am |
| 28 | Ordination | Ponkunnam | 9:15 am |
| 29 | Ordination | Vandampathal | 9:15 am |
| 30 | Ordination | Vellaramkunnu | 9:15 am |



ഈ ക്രിസ്മസ്
നവീകരിച്ച
വിമല ബുക്ക്ഹൗസിനോടൊപ്പം
വിമല ബുക്ക് ഹൗസ്
കാഞ്ഞിരപ്പള്ളി രൂപതയുടെ സ്ഥാപനം
Ph: 04828 203058
Trubio
ORGANIC
TURMERIC POWDER
- Christmas items
- Gift items
ദൈവാലയത്തിന് ആവശ്യമായ
വിവിധ സാധനങ്ങളുടെ
വിപുലമായ ശേഖരങ്ങൾ
സഹ്യാദ്രി ഉൽപ്പന്നങ്ങൾ
Contact Number : 8589985731

# 2021 ഡിസംബർ : മംഗലവാർത്തക്കാലം

| | | |
|---|---|---|
| 1 | ബുധൻ | കൊളോ. 1:24–29, യോഹ. 5:31–36 |
| 2 | വ്യാഴം | റോമ. 9:30–33, ലൂക്കാ 1:21–25 |
| 3 | വെള്ളി | 2 കോറി. 6:3–10, മത്താ. 5:1–12 |
| 4 | ശനി | 1 യോഹ 4:7–12, യോഹ 3:16–21 |
| 5 | ഞായർ | മംഗലവാർത്ത രണ്ടാം ഞായർ<br>ഉത്പ 3:8–24, ജറെ 33:14–26<br>വെളി 5:1–5, ലൂക്കാ. 1:26–38 |
| 6 | തിങ്കൾ | റോമാ 1:1–7, മത്താ. 22:41–46 |
| 7 | ചൊവ്വ | എഫേ. 3:1–13, ലൂക്കാ. 1:39–45 |
| 8 | ബുധൻ | പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ<br>പ്രഭാ. 24:1–14, ഏശ. 7:10–16<br>ഹെബ്രാ. 1:1–3, 2:16–18 ലൂക്കാ. 1:46–55 |
| 9 | വ്യാഴം | 1 യോഹ 5:13–20, ലൂക്കാ. 1:67–75 |
| 10 | വെള്ളി | റോമാ 12:9–21, ലൂക്കാ. 6:27–36 |
| 11 | ശനി | കൊളോ. 1:12–19, യോഹ 8:48–58 |
| 12 | ഞായർ | മംഗലവാർത്ത മൂന്നാം ഞായർ<br>ഉത്പ. 21:1–12, ഏശ. 40:1–11<br>1 കോറി. 1:26–31, ലൂക്കാ. 1:57–66 |
| 13 | തിങ്കൾ | എഫേ. 1:3–14, ലൂക്കാ. 1:67; 76–80 |
| 14 | ചൊവ്വ | 2 കോറി 3:1–11, ലൂക്കാ 14:25–33 |
| 15 | ബുധൻ | 1 പത്രോ 2:1–10, മർക്കോ 3:31–35 |
| 16 | വ്യാഴം | 1 കോറി 10:23–33, ലൂക്കാ 7:30–35 |
| 17 | വെള്ളി | റോമാ 2:1–9, ലൂക്കാ 6:37–42 |
| 18 | ശനി | എഫേ 2:14–22, യോഹ. 14:1–6 |
| 19 | ഞായർ | മംഗലവാർത്ത നാലാം ഞായർ<br>പുറ. 34:1–9, സഖ. 2:7–13,<br>വെളി 21:1–7, മത്താ. 1:18–24 |
| 20 | തിങ്കൾ | ഗലാ 3:15–20, യോഹ. 7:37–42 |
| 21 | ചൊവ്വ | തീത്തോ 2:11–3:2, ലൂക്കാ 2:1–5 |
| 22 | ബുധൻ | റോമാ. 9:1–5, മർക്കോ 6:1–6 |
| 23 | വ്യാഴം | 1 യോഹ 1:1–4, യോഹ. 1:9–18 |
| 24 | വെള്ളി | 1 കോറി 3:5–11, ലൂക്കാ 6:43–49 |
| 25 | ശനി | പിറവിത്തിരുന്നാൾ<br>ഉത്പ. 1:1–13; 26–31, 2 സാമു 7:8–17<br>ഹെബ്രാ 1:1–14, ലൂക്കാ. 2:1–14 |
| 26 | ഞായർ | പിറവി ഒന്നാം ഞായർ<br>ഉത്പ. 18:1–8, ഏശ. 11:1–12<br>റോമാ 15:7–13, മത്താ. 2:13–14;19–23 |
| 27 | തിങ്കൾ | റോമാ 8:35–39, യോഹ 21:20–24 |
| 28 | ചൊവ്വ | ഹെബ്രാ 11:32–38, മത്താ 2:13–18 |
| 29 | ബുധൻ | റോമാ 8:31–39, ലൂക്കാ 2:25–35 |
| 30 | വ്യാഴം | 1 യോഹ 4:12–16, യോഹ 10:31–38 |
| 31 | വെള്ളി | ഗലാ 4:1–7, ലൂക്കാ 8:19–21, 11:27–28 |

Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654